

# Annual '90

# BORN IN THE USA!



The internationally recognised COMPUTER COURSE offered by ICCP, USA in over 160 centres worldwide.



BITS
COCHIN

You bet! And this international computer course is now in Kerala. Designed by the Institute for Certification of Computer Professionals (ICCP), USA. ICCP is the computer industry's largest certifying body worldwide, and its vastly coveted certification is the green signal to many of the best computer related jobs.

**Here are the reasons:**

- ICCP is backed by 14 major international organisations.
- ICCP represents over a million computer professionals.
- ICCP operates through over 160 centres worldwide.

In addition, no matter where the ICCP exam is conducted, the question papers are set and the answer papers are evaluated in America and the certificate, of course, comes from the ICCP in America, assuring international recognition.

## COURSE ANNOUNCEMENT.

**Associate Computer Professional Programme.***

Eligibility : Graduates/Under graduates.
Duration: 1 year (Part-time)/6 months (Full-Time).

**Executive Development Programme**

A short-term course for those of you who wish to become familiar with computers.

E[illegible] T[illegible]

## *HIGHLIGHTS.

- The course is approved by American Council on Education for 27 course credits in over 3000 American Colleges.
- Fully recognised by major business houses and industries worldwide, including India, of course.
- Facilities that match international standards.
- Usage of audio, video and audio-based instructions.
- Practicals actually on one computer per person basis.
- Course timings to suit train timings.
- Job placement service available.

We are your window to that exciting world of computers. Come, see our facilities and meet our student counsellor today.

For detailed prospectus send M.O. for Rs. 20/-

**Bureau of Information Technology Studies (BITS) Franchisee :**

MAPS COMPUTER CEN[illegible]
Aiswarya Buildings, Valanjambalam,
(Opp: LAXMAN CINEMA)
COCHIN - 682 016. Phone: 362570.

**LEARN COMPUTERS THE WAY AMERICA DOES!**



**annual 1990**
**sacred heart college thevara**

Declaration

Statement of Ownership and other particulars of the publication

Sacred Heart College annual

Form IV Rule 8

| | |
|---|---|
| place of publication | thevara |
| periodicity of publication | annually |
| printer's name | rev. fr. dan thottakkara |
| nationality | indian |
| address | principal, s.h. college, thevara |
| publisher's name | rev. fr. dan thottakkara |
| nationality | indian |
| address | principal, s.h. college, thevara |
| editor's name | sabu cyriac |
| nationality | indian |
| address | editor s.h. college, thevara |

I, Fr. Dan Thottakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

rev, fr. dan thottakkara





editorial board
k. j. issac
sunu abraham
james
staff advisors
c. s. francis
tom varghese
p. r. muraleedharan
feature unit
k. v. soman
rajesh varma
jayakumar
roy diwakaran
suja
photo feature unit
minhaj-uddin. k
saju joseph
umesh
illustrations, layout
suku
shaji
cover design
sathyan
cover photo
m. k. shine
photos
twinarts, tripunithura
fotex, thevara
blocks
star, and surya
printing
chithira printers & publishers
diwan,s road ernakulam
cover printing
vibgyor
editor
sabu cyriac



ഇക്കഴിഞ്ഞ ജൂൺ നാലിന് ടിയാനൻമെൻ സ്ക്വയറിൽ
രക്തസാക്ഷികളുടെ ഓർമ്മപുതുക്കാൻ ഒരു ചൈനീസ് യുവാവ് മാത്രമേ
ഉണ്ടായിരുന്നുള്ളൂ. രക്തസാക്ഷിസ്മരണയിലൂടെ മുഴുവൻ ചൈനീസ്
ജനതയുടെയും ആത്മാഭിമാനത്തിന്റെ പ്രതീകമായിത്തീർന്ന
അജ്ഞാതനായ ആ യുവാവിന്റെ പക്ഷം ചേർന്നുകൊണ്ട്
ഞങ്ങളീ സ്മരണിക ടിയാനൻമെൻ സ്ക്വയർ രക്തസാക്ഷികൾക്കു
സമർപ്പിക്കുന്നു.

## പ്രൊഫ: കെ. യു. ബേബി



അപ്രതീക്ഷിതമായ ഒരു ദുരന്തമായിരുന്നു
ബേബിസാറിന്റെ മരണം.
മരണം ഹൃദയാഘാതത്തിന്റെ രൂപത്തിലായിരുന്നു
അദ്ദേഹത്തിന്റെ മുന്നിലെത്തിയത്
വിഭാര്യനായ ബേബിസാറിന്
വിദ്യാർത്ഥികൾ സ്വന്തം കുട്ടികളായിരുന്നു.
വാത്സല്യം ചുരത്തുന്ന അദ്ദേഹത്തിന്റെ
ക്ലാസ്സ്മുറികളെ വിദ്യാർത്ഥികൾ സ്നേഹിച്ചു.
എക്കണോമിക്സായിരുന്നു ഐച്ഛിക
വിഷയമെങ്കിലും ആകാശത്തിനു കീഴെയുള്ള
സകല വിഷയങ്ങളിലും ആധികാരികതയുള്ള
'ജീവിക്കുന്ന എൻസൈക്ലോപീഡിയ'യായിരുന്നു
അദ്ദേഹം.
അദ്ദേഹത്തിന്റെ വിയോഗം സൃഷ്ടിച്ച
വൈകാരികത വാക്കുകളിലൊതുക്കുവാനാവുന്നില്ല.
ബേബിസാറിന്റെ ആത്മാവിന്
ഞങ്ങൾ നിത്യശാന്തിനേരട്ടെ .....

PRINCIPAL



Rev: Dr: DAN THOTTAKKARA

PRINCIPAL



Rev: Fr. ZACHARIAS PAYIKKAT

VICE PRINCIPAL



Rev: Fr: VARGHESE KUZHIKANNIYIL

MANAGER



Rev: Fr: MELESIUS PALATTY



കാമ്പസ് ഒരു സ്വപ്നലോകമാണ്. ഒരു പക്ഷേ ജീവിതത്തിലെ ഏററവും നല്ല ഘട്ടം അവിടെ ചിലവഴിക്കപ്പെടുന്നു. എന്നും ജീവിതത്തിലെ ഏററവും സുന്ദരമായ നിമിഷങ്ങൾ നാം ഓർക്കുന്നത് കാമ്പസ് ദിനങ്ങളിലെ ആഹ്ലാദാസ്വാസ്ഥ്യങ്ങളിൽ നിന്നാവും. കാമ്പസിനു പുറത്തുള്ള ജീവിത യാഥാർത്ഥ്യം കൂട്ടുകാരാ, നിങ്ങളെക്കാത്തിരിക്കുന്നു. ദുരിതങ്ങളുടെയും യാതനകളുടെയും ലോകം.

സാധാരണ ഗതിയിൽ ഒരു കോളേജ് മാഗസിനു പിന്നിൽ വ്യയം ചെയ്യപ്പെടുന്ന അദ്ധ്വാനം തീരെ ശ്രദ്ധിക്കപ്പെടാറില്ല. പരീക്ഷകളും അദ്ധ്യയന ദിനങ്ങളും അവഗണിച്ച് പരസ്യങ്ങൾക്കും സൃഷ്ടികൾക്കും വേണ്ടിയുള്ള അലച്ചിലുകൾ, സാമ്പത്തിക ഞെരുക്കങ്ങൾ; സംഘാടക പ്രശ്നങ്ങൾ തുടങ്ങിയ ദുരിതങ്ങളിലൂടെ സഞ്ചരിച്ച് അവസാനം മാഗസിൻ റിലീസ് ചെയ്യപ്പെടുമ്പോൾ 'കുറെക്കൂടി മെച്ചപ്പെടുത്താമായിരുന്നു' എന്ന രീതിയിലുള്ള കമൻറുകൾ ഏററവും മികച്ച മാഗസിനുകളുടെ പ്രവർത്തകർക്ക് പോലും കേൾക്കേണ്ടി വരാറുണ്ട്. ലഭിച്ച സൃഷ്ടികളധികവും നമുക്ക് നഷ്ടമാവുന്ന മൂല്യങ്ങളെക്കുറിച്ചുള്ള വിലാപങ്ങൾ നിറഞ്ഞവയായിരുന്നു. ഗൃഹാതുരമായ ഈ വേദന കരുണാരഹിതമായിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്രമത്തെക്കുറിച്ചുള്ള വിഹ്വല വിചാരങ്ങളായിത്തന്നെ കാണേണ്ടിയിരിക്കുന്നു

ഈ മാഗസിൻ നിർമ്മാണ വേളയിൽ ധാരാളം പ്രശ്നങ്ങൾ നേരിടേണ്ടിവന്നു. എങ്കിലും ഒട്ടധികം വിഷയങ്ങൾ cover ചെയ്യാൻ കഴിഞ്ഞ 'വളരെ കനപ്പെട്ട' ഒരു മാഗസിൻ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്. ഇനിയും പലതും പറയാനുണ്ടെന്നും പറഞ്ഞവ തന്നെ വേണ്ട പോലെയായില്ലെന്നും വിനയപൂർവ്വം സമ്മതിക്കുന്നു. ഈ മാഗസിനിൽ കണ്ടേക്കാവുന്ന ആശയ-അക്ഷരത്തെററുകൾ ക്ഷമിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ 'അക്ഷര വിരുന്ന്' വിദ്യാർത്ഥികൾക്കുവേണ്ടി അവതരിപ്പിക്കട്ടെ......

സ്നേഹപൂർവ്വം,

എഡിററർ



# വെറും കാമ്പസ് വിചിന്തനങ്ങൾ

ചങ്ങാതി ഇതുമുഴുവൻ മനസ്സിന്റെ മുറിവുകളാണ്,
സ്വപ്നത്തിന്റെ ഘോഷയാത്രകളാണ്,
ജീവിതപുസ്തകത്തിലെ ഗുണനചിഹ്നങ്ങളാണ്.
വിരഹത്തിന്റെ നനുത്തപാട പൊട്ടിച്ച്
എല്ലാവരും കടന്നുവരുന്ന ഒരു വെളുത്ത പകലാണിന്നത്തേത്,
കുശലങ്ങളും കുശുമ്പും കുതറിപ്പോയ നോട്ടങ്ങളും നിറഞ്ഞ
കാമ്പസിന്റെ നീണ്ട ഇടനാഴി.
നിഴൽ വീണ നീണ്ട ഇടനാഴികളിലൂടെ ഒഴുകിയെന്നിലെത്തിയ
വെളിച്ചത്തിന്റെ പേരുള്ള പെൺകുട്ടീ നിനക്ക്,
സ്വപ്നങ്ങളുടെ രാവും പകലും തുന്നിയ പട്ടുറുമാൽ,

ഞങ്ങളുടെയൊക്കെ ഹൃദയംപോലെ വരാന്ത.
ഒരുപാടൊരുപാട് പേർ അവിടെ വരുന്നു. കൂട്ടുകൂടുന്നു
തമ്മിലറിഞ്ഞലിയുന്നു. പിന്നെ തൂവൽ പൊഴിക്കുന്നു.
ഒടുവിൽ-എന്തെങ്കിലും പ്രാപ്പിടിയന്റെകണ്ണെത്തുംവരെസ്വപ്നംകാണുന്നു.

ആഴത്തിൽ വേരൂന്നിയ സൗഹൃദത്തിന്റെ
വേരുകൾ പറിച്ചെടുത്ത് മനസ്സിൽ ഓർമ്മയുടെ
കനലുകൾ വിതറി
യാത്ര ചോദിച്ച പെൺകുട്ടീ-നിനക്ക് ശിശിരത്തിന്റെ
നിനവുകളിൽ നിന്ന് മഞ്ഞുതുള്ളികൾ കോർത്ത മണിമാല,
ഏപ്രിലിന്റെ മുറിവിൽനിന്ന് കവിളിൽ ഒരു കറുത്തമറുക്,
കാക്കോത്തിപ്പൂവ്, കവിത തുളുമ്പുന്ന കൊലുസ്.
കുട്ടീ എനിക്കു കവിത നിന്റെ തുടുത്ത കവിളിലെ സന്ധ്യകളിൽ
വിരിയുന്ന കാർത്തിക വിളക്കാണ്;
മാനം കാണാതെ കാത്ത മയിൽപ്പീലിയാണ്.





കാമ്പസിനു മുററത്തെ മെലാഞ്ചി ഇലകളുടെ
ചുണ്ടത്തെ മഴത്തുള്ളിപോലെ മനസ്സിൽ സ്വപ്നങ്ങളുറഞ്ഞു കൂടുന്നു.
ഒരു നിമിഷം- "ഞാൻ ഭൂമിയുടെ തണുപ്പാണ്" എന്നുപറഞ്ഞ്
മഴത്തുള്ളി ഭൂമിയിലേക്കാഴ്ന്നിറങ്ങുന്നു.
ഒപ്പം സ്വപ്നവും നെഞ്ചകത്തേക്കിറങ്ങുന്നു

ഓഡിറേറാറിയത്തിനു മുന്നിലെ
കോണിപ്പടിക്കരുകിലെ ഇരുമ്പുമണി.
മണിയുടെ മനസ്സ് ഞങ്ങൾക്കാർക്കുമറിയില്ല.
എല്ലാ പ്രഭാതങ്ങളിലും, മദ്ധ്യാഹ്നങ്ങളിലും, സായാഹ്നങ്ങളിലും
അതു തെററാതെ മുഴങ്ങുന്നു.
എല്ലാ മണിക്കൂറുകളോടും തുല്യമായ അകലം കാക്കുന്നു.
മണിയുടെ മനസ്സ് ഞങ്ങളുടെ മനസ്സിനേക്കാൾ
വളരെ വളരെ മുന്നിലാണ്.

കെമിസ്ട്രി ലാബിനരുകിലെ താമരക്കുളം-
കാററിൽ പാതിമുങ്ങി കരയിലടുക്കാറായ
കടലാസു കപ്പലുകൾ പോലെ ഞങ്ങൾ.
വക്കുടഞ്ഞ കോൺക്രീററ് താമരപോലെ ഞങ്ങളുടെ മനസ്സ്
ഇവിടെ വരാനിരിക്കുന്നവർക്കായി ചുമരുകളിൽ ഒന്നും കുറിച്ചിടാനില്ല.
ചോദ്യം ചെയ്യപ്പെടുന്ന വിരൽപ്പാടുകളിൽ നിന്ന്
അവരൊക്കെ വേദനിക്കാൻ പഠിക്കട്ടെ
നട്ടുച്ച വാടിത്തളർന്ന് വായനമുറിയുടെ പങ്കക്കീഴിലെത്തി
സൗഹൃദം മൊഴിഞ്ഞവരുടെ നേർക്ക് ലൈബ്രേറിയന്റെ
കനത്ത കണ്ണുകൾ നീളുന്നു.
സെറോ ഹോസ്ററൽ, പെയിൻറടർന്ന് പാണ്ടുപിടിച്ച മഞ്ഞക്കെട്ടിടം.
അതിലെ കുടുസുമുറികളിലെ അന്തേവാസികളായ ഞങ്ങൾ
പരസ്പരമണാർത്ഥികൾ. പകലുറക്കത്തിന്റെ വക്കുടച്ചുകിട്ടാൻ
ഓരോസായാഹ്നത്തിലും സ്വന്തം മുഖമൊളിപ്പിക്കുന്ന
പൊട്ടിയ കണ്ണാടിയെ സ്നേഹത്തോടെ നോക്കി
എല്ലാശബ്ദപ്രളയങ്ങൾക്കുള്ളിൽനിന്നും
ഒരുനുള്ളുശ്വാസം കൊള്ളാൻ, വിജനതയും തേടി ഞങ്ങളിറങ്ങുന്നു.



ലേക്ക്‌വ്യൂ- തണുത്ത കാറേററ് തെങ്ങിൻ ചോട്ടിലിരുന്ന്
പുഴയിലൊഴുകുന്ന പായലിനേയും വള്ളങ്ങളേയും നോക്കി
ജീവിതത്തിന്റെ വ്യഥയാററുന്ന
കൂട്ടുകാരുടെ ആത്മനൊമ്പരങ്ങൾ.
ഓരോ ദിവസത്തേയും സംസ്കരിക്കാൻ ഒരു നിമിഷമെങ്കിലും
ഞങ്ങൾക്കു ഞങ്ങളിലേക്കിറങ്ങാൻ സായാഹ്നാലസ്യത്തിന്റെ
ഓരോ ഗ്ലാസ്സ് ചായയ്ക്കും മുമ്പിൽ
സ്വന്തം പാപ്പരത്തം തുറന്ന് ഒഴിഞ്ഞ വയറുമായി
വ്യർത്ഥതയിൽ നിന്നൊരു നിമിഷം വേർപെടാൻ
ഊഴങ്ങളനുസരിച്ച് എല്ലാവർക്കുമായി സമ്പാദിച്ച
ഓരോ കവിൾ പുകയും വിഴുങ്ങി
ശ്മശാനമൂകത തളംകെട്ടിയ ലേക്ക്‌വ്യൂവിന്റെ
ഇരുണ്ട വടക്കേ കോണിലിരുന്ന് ഞങ്ങൾ ആരെല്ലാമോ ആകുന്നു.
ആർക്കെല്ലാമോ ആകുന്നു.
ലഹരിയുടെ പിരിമുറുക്കത്തിൽ ഞങ്ങളിൽ ഞങ്ങളലിഞ്ഞില്ലാതാകുന്നു
കടുത്ത അമർഷത്തിന്റേയും നിസ്സംഗതയുടേയും
ഭാരമിറക്കാൻ ഞങ്ങൾ
ഒരു നിമിഷം ആരിലേക്കൊക്കെയോ ഊളിയിടുന്നു.

മരണത്തേയുംകൊണ്ടു്, കാറിൽപാഞ്ഞ പ്രിയപ്പെട്ട കാമൂ-
ജീവിത നിരർത്ഥകതയ്ക്ക് മുമ്പിൽ കല്ലുകളുരുട്ടിക്കയററി
അതു പിടിവിട്ടു ചിരിക്കുന്ന നിന്റെ
സിസ്സിഫസ്സിനെ കണ്ടതായി ഞങ്ങൾ നടിക്കാറില്ല.
നീ, ഞങ്ങൾക്ക് അധരവ്യായാമത്തിന്റെ
വെറും ആയുധം മാത്രമായിരിക്കുന്നു.
പോട്ടെ, ഇവിടെയുമുണ്ട് നിനക്കും മുമ്പേ ജനിച്ച
പന്തിരുകുലത്തിലെ ബുദ്ധിജീവി-
ശുദ്ധനായ ഭ്രാന്തൻ, മന്തിനു ഭ്രാന്തുള്ളവൻ.
ഞങ്ങൾക്ക് കല്ലുകളുരുട്ടിയുരുട്ടി തളർന്നു കരയാനേ അറിയൂ.
കണ്ണീരും നെററിയിലെ വിയർപ്പും തുടച്ചെറിയാനേ അറിയൂ
അതു താഴോട്ടുരുളുമെന്നും അതു കണ്ടെങ്കിലും ചിരിക്കാമെന്നും
ഞങ്ങൾ എന്നേ മറന്നിരിക്കുന്നു.
ഈ പ്ലേഗുപിടിച്ച മനസ്സുകളുടെ തടവറയിൽ

വാക്കുകൊടുത്തു സുഖിച്ച പെണ്ണിനെ
ഞങ്ങൾ മറന്നുപോയിരിക്കുന്നു.

ചങ്ങാതീ, നല്ലൊരു നാളെയ്ക്കുവേണ്ടി
മടങ്ങിവരാൻ ഇന്നു യാത്രയായ
'അസുരവിത്തു'കളും 'കുഞ്ഞാലി'മാരും
'രവി'യും 'സേതു'വും 'സുനിലും' 'അരവിന്ദനും' 'നാരായണൻകുട്ടി'യും
ഞങ്ങൾക്കു കൂട്ടുകാരായുണ്ട്.
മരവിച്ച മനസ്സിന്റെ മഞ്ഞിൽ നിലയുറപ്പിച്ച്
വിദൂരതകളിൽ കണ്ണുകൾനട്ട് ഈ തടാകക്കരയിൽ
'വിമല'മാരും 'ബുദ്ധ'മാരും പറയുന്നതെന്താണ്?
വരാതിരിക്കില്ല... വരാതിരിക്കില്ല ...
ഞങ്ങൾക്കിതെന്നേ സുപരിചിതമാണ്.
ഞങ്ങളുടെ, 'നിറഞ്ഞപുര'കളിലെ സന്ധ്യാനാമവും മറ്റൊന്നല്ലല്ലോ .....

ഇതിലൊക്കെ വൈചിത്ര്യം മറ്റൊന്നാണ്:
മണിനാദം എത്രകേട്ടിട്ടും ഇടപ്പള്ളിയോ
രാജലക്ഷ്മിയോ നന്തനാരോ ആവാൻ ഞങ്ങൾക്കാവുന്നില്ല.
ശൈശവത്തെയും അതിനോടനുബന്ധിച്ച
എല്ലാററിനേയും വെറുക്കുന്ന സാർത്ര്-എല്ലാ വെറുക്കപ്പെടലുകളേയും
എല്ലാ ശൈശവ-ബാല്യ-കൗമാര-യൗവ്വന-വാർദ്ധക്യങ്ങളേയും
ഞങ്ങളാൽ ഞങ്ങളേയും ഞങ്ങൾ വെറുക്കുന്നു.

സ്വന്തം ആയുസ്സായി രണ്ടും രണ്ടര ദശാബ്ദങ്ങൾ
ജീവിച്ചുകൂട്ടിയ, ഇന്നും ഒരുപററം കലാലയ വിദ്യാർത്ഥികളായ ഞങ്ങൾ
ഓരോ അദ്ധ്യാപകനോടും ഓരോ ക്ലാസ്സവസാനത്തിലും
സ്വന്തമായ ചോദ്യങ്ങൾ പോലുമില്ലാത്തതിനാൽ
അന്യന്റെ ഭാഷ കടമെടുത്തുചോദിക്കും.
"ഞങ്ങൾ കന്നുകാലികളാവാതിരിക്കാൻ എന്തു ചെയ്യണം സാർ ?"
ഓരോ അദ്ധ്യാപകനും സ്വന്തം കൊമ്പുകളുടെ മുരടുചൊറിഞ്ഞുകൊണ്ട്
തന്റെ വിദ്യാർത്ഥികളുടെ മുഖത്തേക്ക് സാകൂതം നോക്കിപ്പറയുന്നു-
'അറിഞ്ഞൂടാ മക്കളേ എനിക്കതറിഞ്ഞൂടാ'.

ചങ്ങാതീ-ഞങ്ങൾക്കെന്തെങ്കിലും പ്രവർത്തിക്കണം,
ഞങ്ങൾക്കെന്തെങ്കിലും പ്രതീക്ഷിക്കണം,
ഞങ്ങൾക്കെന്തിനെയെങ്കിലും സ്നേഹിക്കണം.
ഞങ്ങൾക്കെങ്ങനെയെങ്കിലും ഞങ്ങളിലെത്തണം.
എങ്ങനെ?

വെയിലിൽ നിന്നും തണലിലേക്കോടിക്കയറിയവർ
ഈ തണലൊന്നും തണലല്ലെന്നറിയുന്നു
ആരുടെയൊക്കെയോ നിയോഗം പോലെ
സന്ധ്യയും ജീവിതവും രാത്രിയിലേക്കു വീഴുന്നു.
ഓരോ നിദ്രയ്ക്കും വേണ്ടിയുള്ള തൂങ്ങലിന്റെ അവസാനത്തിൽ
ഞങ്ങൾക്കും ഒന്നും അറിഞ്ഞുകൂടാതെ
തലവിട്ടിറങ്ങിപ്പോകുന്ന ലഹരിപോലെതന്നെ
ഇരുളിൽ നേരിയൊരു മർമ്മരമുണ്ടാക്കി
ഞങ്ങൾ ലക്ഷ്യം വിട്ടിറങ്ങിപ്പോകുന്നു.

മാർച്ച് ...........
വിടപറയലുകളുടേയും നൻമനേരലുകളുടേയും
ഔപചാരികത ഘനിപ്പിക്കുന്ന മുഖങ്ങൾ.
കൂട്ടുകൂടലും പ്രണയവും ഉച്ചസ്ഥായിയിലെത്തി നിൽക്കുന്നു.
ഒററപ്പെട്ടവരുടെ കനത്ത നിശ്വാസം
വരാന്തയിലെ തൂണുകൾ പങ്കുവെയ്ക്കുന്നു.

മധ്യവേനലിന്റെ പടവുകളിറങ്ങി
ജീവിതത്തിന്റെ ഉഷ്ണപാടങ്ങളിലേക്ക് നടന്നുനീങ്ങുന്നവർക്ക്
നേരിന്റെയും നന്മയുടെയും ഭാഷയിൽ ഭാവുകം.
പടിയിറങ്ങുന്നവരുടെ ഭാണ്ഡത്തിൽ
അക്ഷരം, അറിവ്, സമരം, പ്രണയം, ബിരുദം.

മനസ്സിന്റെ ചില്ലുജാലകത്തിലൂടെ തെറിച്ചുവീണ
ഒരു മഴത്തുള്ളിയുടെ കുളിരുമായി
ഞങ്ങൾ തിരിച്ചുപോകുന്നു.
ഓരോ കുരുന്നില പൊഴിയുമ്പോഴും മരത്തിനു നോവുന്നു
പുതിയ ഇലകൾ വീണ്ടും മുളച്ചുവരും.

ചങ്ങാതീ- ഇതൊക്കെ മനസ്സിന്റെ മുറിവുകളാണ്.
സ്വപ്നത്തിന്റെ ഘോഷയാത്രകളാണ്
ജീവിത പുസ്തകത്തിലെ ഗുണന ചിഹ്നങ്ങളാണ്.

മനോജ് കുമാർ സി. എം.
രണ്ടാംവർഷ എം. എ. ഇംഗ്ലീഷ്



# ജ്യോതിർഗമയ:

ധർമ്മച്യുതി സംഭവിക്കുന്നിടത്തൊക്കെ പുനർജ്ജനിക്കുമെന്ന് അരുൾചെയ്ത ഒരു ദൈവികസങ്കല്പത്തിന്റെ സംസ്കാരം കൊട്ടിഘോഷിക്കുന്നവരാണ് നാം. പക്ഷേ, അത്തരമൊരു ദൗത്യവുമായി കടന്നുവരുമ്പോൾ നാം ഇവിടെ ഒറ്റപ്പെടുന്നു. യുദ്ധങ്ങളെ വർണ്ണിക്കുന്ന ഇതിഹാസങ്ങളിലേക്ക് നാം മടങ്ങിപ്പോകുകയാണ്. ഇവിടെ പലതും നമുക്ക് ബലികഴിക്കേണ്ടിവരുന്നു. എങ്കിലും മുന്നോട്ട് തന്നെ പോകേണ്ടിയിരിക്കുന്നു. തലമുറകളിലൂടെ കടന്നുവന്ന ഈ ദൗത്യവും പേറി നടന്നു നീങ്ങുന്ന (ജനഹൃദയങ്ങളിലേക്ക്) ഒരു പഥികനെ ഞാൻ കാണുന്നു.

കുങ്കുമം ചുവക്കുന്നു
പടിഞ്ഞാ,റരുവികൾ
സജ്ജമാകുന്നുയുദ്ധാ
യുധങ്ങൾ പേറിടുവാൻ.
മണികൾ മുഴങ്ങവേ
ഹരിദ്വാരത്തിൽ, ഗാന്ധി
യുയിർ കൊൾകവേ നവ-
ചേതന പുലർത്തുവാൻ,
മതവും സമൂഹവു-
മില്ലാത്ത നവയുഗ
പുലരിക്കായി ലോക-
രാഷ്ട്രങ്ങൾ പ്രാർത്ഥിക്കവേ,
ആർഷഭാരതം വീണ്ടും
ചുവപ്പിൻ കളത്തിലേ-
ക്കാത്മത്യാഗം ചെയ്യാൻ
ഒരുങ്ങിനിന്നിടുന്നു.
ഗലികൾ ചുവക്കുന്നു
മാത്സര്യ രക്തം വീണീ-
സൗഹൃദസാഹോദര്യം
താഴെ വീണുടയുന്നു.
ഇന്നലെക്കേട്ടു, പത്രം
ചൊന്നൊരുവാർത്ത, സ്വന്തം-
കുഞ്ഞിനെക്കൊന്നൊരമ്മ
പോലീസിൻ പിടിയിലായ് !
നിത്യവും പഞ്ചാബിന്റെ
മണ്ണിൽ വീണൊഴുകുന്ന
ഹിന്ദുവിൻ ചോര, മുസൽ-
മാന്റെയും ക്രിസ്ത്യന്റെയും
ഭാരതം യോജിക്കുവാൻ
പ്രാർത്ഥിച്ച, നാനാക്കിന്റെ
'സാഹിബ്ബു' തൊട്ടീ മണ്ണിൽ
രേഖകൾ വരയ്ക്കവേ,
അന്യരാജ്യത്തിനായി
കൊടികൾ പിടിക്കുവാൻ

ധൈര്യമോടടുത്തെത്തും
യുവചേതന കാൺകെ,
മറെറാരു മണ്ണിൽ സർവ്വ-
നാശം വിതയ്ക്കുവാൻ,
ഭാരതയുവത്വത്തെ
ബലിയായ് നൽകീടവേ,
അരുണോദയങ്ങളിൽ
* അർക്കനെ നമിച്ചുംകൊ-
ണ്ടവകാശിത്വം നേടാൻ
കൊടുവാളുയർത്തവേ,
ചുണ്ടുകൾ വിതുമ്പുന്നോ ? !
ശവംതീനികൾ, രണ-
മന്ദിരങ്ങളിൽ നഗ്ന-
കേളികളാടീടുന്നോ? !
എങ്ങുകേൾക്കുന്നീശബ്ദം
** ഗീതയോതുന്നോ ഭവാൻ? !
അല്ലായ്കിലേതോ ഭ്രാന്തൻ
കല്ലുളി ചമയ്ക്കുന്നോ? !
കൊല്ലുവാൻ, കുടൽമാല-
വാരിയിട്ടലറുവാൻ,
ഗദ്ഗദം മരവിച്ച-
മന്ദിരങ്ങളെപ്പൂകാൻ,
നിണത്താൽ പകിടകൾ,
മന്ത്രങ്ങൾ, സംസ്കാരത്തിൻ
ദുർമുഖം പ്രതിഷ്ഠിച്ച-
പുടവയഴിക്കുവാൻ,
വെമ്പീടുന്നെന്നോമനം? !
വീണ്ടുമൊരായാസത്തിൻ-
വൻമലമറികട-
ന്നക്കരെ ചെന്നീടുവാൻ?
ഏതുലോകത്തിൽ ഭവാൻ?
അസ്ത്രങ്ങളൊഴിഞ്ഞോരെ-
ന്നാവനാഴിയിലിന്നു-
ശേഷമുണ്ടൊരു ചോദ്യം



മുരുകേഷ്കുമാർ ഇ. പി.
പ്രീഡിഗ്രി ഒന്നാംവർഷം ഒന്നാം ഗ്രൂപ്പ്

---

* സൂര്യനമസ്കാരം ശത്രുനിഗ്രഹത്തിനും ഐശ്വര്യവർദ്ധനയ്ക്കും വേണ്ടിയുള്ളതാണു്.

** "എവിടെ ധർമ്മം നശിക്കുന്നുവോ അവിടെ ഞാനുത്ഭവിക്കുന്നു" എന്ന ഗീതാവാക്യം.

# സ്ത്രീ പുരുഷ സമത്വം – ചില യാഥാർത്ഥ്യങ്ങൾ

പല കാരണങ്ങൾ കൊണ്ടും ആനുകാലിക സമൂഹത്തിലെ പുരുഷൻ വിശകലനം ചെയ്യാൻ വിസമ്മതിക്കുന്ന, അല്ലെങ്കിൽ സ്ത്രീ സമ്മതിക്കാൻ മടിക്കുന്ന അഥവാ ഭയക്കുന്ന ഒരു വിഷയമായിരിക്കുന്നു ലിംഗസമത്വം. വനിതാ വിമോചന ചിന്തകരുടെയും, സാമൂഹിക പരിഷ്കർത്താക്കളുടെയും ഏറെ ചർച്ചകൾക്കു വിധേയമായിട്ടുള്ള പ്രമേയമാണിത്.

കഴിഞ്ഞ ഏതാനും വർഷങ്ങളിൽ സ്ത്രീവിമോചന-സ്ത്രീസമത്വ പ്രസ്ഥാനം ഒരു സുപ്രധാന രാഷ്ട്രീയ-സാമൂഹിക സംഭവവികാസമെന്ന നിലയിൽ അന്താരാഷ്ട്രതലത്തിൽ വളരെ ശക്തിയാർജ്ജിച്ചിട്ടുണ്ട്. പുരുഷനോടൊപ്പം സാമൂഹികാന്തസ്സ് നേടിയെടുക്കാൻ അവർ നടത്തുന്ന ശ്രമങ്ങൾ തികച്ചും ശ്രദ്ധിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ആധുനികതയുടെ ഉപോല്പന്നമെന്നും (by product), പടിഞ്ഞാറിന്റെ തത്വശാസ്ത്രമെന്നുമൊക്കെ കിഴക്കൻ പുരുഷമേധാവിത്വ സമൂഹം (Partiarchy) ഈ ചിന്താഗതിയെ വിവക്ഷിക്കുന്നുണ്ട്. ലോകമനസാക്ഷിക്കു മുമ്പിൽ കാലഘട്ടത്തിന്റെ അനിവാര്യതയായി ഉന്നയിക്കപ്പെട്ടിരിക്കുന്ന ഈ ആശയത്തിന്റെ സാമൂഹിക പാശ്ചാത്തലവും, പ്രാധാന്യവും ശ്രദ്ധേയമാണ്.

## ചരിത്രപരമായ വസ്തുതകൾ

ഇന്നു സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീ-പുരുഷ സാമൂഹിക വ്യത്യസ്തതകളുടെ ഉത്ഭവം പ്രാചീന കാലഘട്ടത്തിൽ നിലനിന്നിരുന്ന പ്രവൃത്തി വിഭജനത്തിൽ (division of labors) നിന്നും പിറവിയെടുത്തതായി ചരിത്രം പറയുന്നു. പ്രാചീന സമൂഹത്തിൽ സ്ത്രീകളും പുരുഷന്മാരും, രക്തബന്ധത്തിന്റെയോ വാസസ്ഥലത്തിന്റെയോ (Locality) അടിസ്ഥാനത്തിൽ ഒരു പൊതുപ്രഭവത്ത് ഗോത്രങ്ങളായി ജീവിച്ചുപോന്നു. സ്വാഭാവികമായും കായബലത്തിൽ മുന്നിട്ടു നിന്നിരുന്ന പുരുഷൻ അദ്ധ്വാനം കൂടിയ ജോലികളിൽ ഏർപ്പെട്ടിരുന്നു. പട നയിക്കുക, നായാട്ടു നടത്തുക, ആഹാരത്തിനുവേണ്ട സാധനങ്ങൾ തേടിക്കൊണ്ടുവരിക തുടങ്ങിയ ജോലികൾ പുരുഷൻമാരായിരുന്നു ഏറ്റെടുത്തു നടത്തിയിരുന്നത്. വീട്ടുകാര്യങ്ങൾ നോക്കുക, ആഹാരവും വസ്ത്രങ്ങളുമുണ്ടാക്കുക എന്നിവയായിരുന്നു സ്ത്രീകളുടെ പ്രധാന ജോലികൾ.

ക്രമേണ ഉത്പാദനപ്രക്രിയയുടെയും വിഭവങ്ങളുടെയുംമേൽ പുരുഷൻ ആധിപത്യം പുലർത്താനാരംഭിച്ചു. എന്നാൽ ഇതിനുപരിയായി സ്ത്രീയുടെ ജീവശാസ്ത്ര പരമായ പ്രത്യേകതകളും അവളുടെ പരാ



ധീനതയ്ക്കു കാരണമായി ആർത്തവം, ഗർഭധാരണം തുടങ്ങിയവമൂലം പുരുഷനു സമമായി ജോലി ചെയ്യുന്നതിൽ നിന്നും, പുറംലോകവുമായി അനായാസേന സമ്പർക്കം പുലർത്തുന്നതിൽ നിന്നും സ്ത്രീയെ സമൂഹം അകററി നിർത്തി. ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനംമൂലം (sexual division of labour) കുടുംബത്തിനകത്തും പുറത്തും പുരുഷനു് ഒരു അധികാരഭാവം (authority) കൈവന്നു. പിന്നീട് ഓരോ കാലഘട്ടം കഴിഞ്ഞപ്പോഴും, മററു പലകാരണങ്ങൾ കൊണ്ടും സ്ത്രീസമൂഹത്തിന്റെമേൽ അടിച്ചേൽപ്പിക്കപ്പെട്ട വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും അവളുടെ സാമൂഹികാന്തസ്സിനെ ഏറെ പിന്നിലാക്കി. മാറിമാറിവന്ന പ്രത്യയശാസ്ത്രങ്ങളും, മതസംഹിതകളുമെല്ലാം സ്ത്രീയുടെ സാമൂഹികാന്തസ്സിനെ ഒരു പടികൂടി താഴ്ത്തിസ്ഥാപിക്കുവാൻ മാത്രമേ ശ്രമിച്ചിട്ടുള്ളൂ. സ്ത്രീയുടെ സേവന സന്നദ്ധതയെയും, സദ്ഗുണങ്ങളെയും ചൂഷണം ചെയ്യുന്നതിനുമാത്രമായി അവളെ ശിരസ്സിനുപരിയായി ഉയർത്തിപ്പിടിക്കുകയും അതേസമയം പാദത്തിനുതാഴെ ചവുട്ടിത്താഴ്ത്തുകയുമാണ് ഈ പ്രത്യയശാസ്ത്രങ്ങൾ ചെയ്തിട്ടുള്ളതു്. പ്രാചീന മാതൃപൂജാമനോഭാവവും, ദേവീസങ്കല്പങ്ങളുമെല്ലാം സ്ത്രീയെത്തേടിയെത്തിയിട്ടുള്ളതു് ഈ 'ഹിപ്പോക്രസിയുടെ' പ്രതിഫലനമായി മാത്രം.

നാരീസമൂഹത്തിന്റെ രണ്ടാംകിട സ്ഥാനത്തിന് ഉപോദ്ബലകമായി എത്രയെങ്കിലും കാരണങ്ങൾ വിശകലനം ചെയ്യാൻ കഴിയും. ചരിത്രപരമായ അവശതകൾക്കതീതമായി ആനുകാലിക സമൂഹത്തിലെ അവളുടെ അധഃസ്ഥിതിയിലാണ്, സാമൂഹിക ചിന്തകർ ഇന്ന് കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നത്. ഉല്പാദനോപാധി എന്ന നിലയിൽ മൂലധന (Capital) ത്തിന്റെ അസന്തുലിതമായ വിതരണവും, കൈവശപ്പെടുത്തലുമാണ് സ്ത്രീയും പുരുഷനും ചൂഷണം ചെയ്യപ്പെടുന്നതിന്റെ മൂലകാരണമെന്നാണ് മാർക്സിയൻ സൈദ്ധാന്തികർ സമർത്ഥിക്കുന്നത്. മുതലാളിത്ത (Capitalistic) പുരുഷമേധാവിത്വ വ്യവസ്ഥിതിയുടെ പരിണിതഫലമായി ഉല്പാദന പ്രക്രിയയുടെയും, വിഭവങ്ങളുടെയുംമേലുള്ള പുരുഷന്റെ ആധിപത്യവും സ്ത്രീയുടെ പരാധീനതയ്ക്കു നിദാനമായി ഇക്കൂട്ടർ ചൂണ്ടിക്കാണിക്കുന്നു. ലിംഗവ്യത്യാസവും (gender) വർഗ്ഗവും (class) തമ്മിലുള്ള ചരിത്രപരമായ ബന്ധം ഇവിടെ കൂടുതൽ പ്രായോഗവത്ക്കരിക്കപ്പെടുന്നു.

എന്നാൽ ജനകീയ പ്രയോക്താക്കളുടെ വീക്ഷണത്തിൽ ഇതുമാത്രം സ്ത്രീയുടെ ' സാമൂഹികാധഃപതനത്തിനു മതിയായ കാരണമാകുന്നില്ല- കേവല ഉല്പാദന പ്രക്രിയയിൽ നിന്നുളവാകുന്ന അസമത്വത്തിനുപരിയായി സമൂഹ മനഃസാക്ഷിയുടെ അസന്തുലിതമായ വീക്ഷണവും, സ്ത്രീയുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ട ചരിത്രപരമായ സാമൂഹിക അവഗണനയും, സാംസ്ക്കാരിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുമാണ് ഈ പ്രയോക്താക്കൾ മുന്നോട്ടുവച്ചതു്. അവയുടെ ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിലൂടെ മാത്രമേ ലിംഗസമത്വം (gender equality) എന്ന ആശയം പ്രായോഗികമാക്കാനാവൂ എന്നവർ വിശ്വസിക്കുന്നു.

## ലിംഗ സമത്വത്തിന്റെ സാമൂഹികത

ലിംഗസമത്വമെന്ന ആശയത്തിനു് മനുഷ്യന്റെ സാംസ്ക്കാരിക ചരിത്രത്തോളം തന്നെ പഴക്കമുള്ളതായി ഇതേക്കുറിച്ചു പ്രതിപാദിക്കുന്ന രേഖകൾ വ്യക്തമാക്കുന്നു. സ്ത്രീയുടെയുംപുരുഷന്റെയും സാമൂഹികാന്തസ്സിന്റെ (Social Status) മാററുരയ്ക്കപ്പെടുന്നത് പ്രധാനമായും രണ്ടു തലങ്ങളിലാണു്-വ്യക്തിപരവും, സാമൂഹികവും. ഒരു വ്യക്തിയെന്ന നിലയിൽ സ്ത്രീയെ അല്ലെങ്കിൽ പുരുഷനെ സമൂഹം എങ്ങനെ വീക്ഷിക്കുന്നു എന്നതാണ് ഇതിന്റെ പ്രഥമഭാഗം അവരുടെ മാനസികവും വ്യക്തിപരവുമായ നിലനില്പിനു വ്യാപകമായി ലഭിക്കുന്ന അംഗീകാരമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നതു്.

ചെറിയ ഗ്രൂപ്പുകളായി അല്ലെങ്കിൽ ഒരു സമൂഹത്തിന്റെ വക്താക്കളായി സ്ത്രീയുടെ നിലനില്പും, പ്രവർത്തന ശേഷിയും അതിനു ലഭിക്കുന്ന സാമൂഹിക പിൻബലവുമാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നത്. സാമൂഹിക സാമ്പത്തിക തലങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ള അല്ലെങ്കിൽ ഒരു വലിയ പരിധിവരെ ശൂന്യവത്ക്കരിക്കപ്പെട്ടിരിക്കുന്ന (deprived) ഒരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഈ രണ്ടു രീതികളിലുമുള്ള നിലനില്പും പ്രവർത്തനവും തുല്യപ്രാധാന്യമർഹിക്കുന്നു. സ്ത്രീയെ ഒരു വ്യക്തിയായിക്കാണുകയും അവളുടെ സാമൂഹികതയെ അംഗീകരിക്കുകയുമാണാവശ്യം.

നമ്മുടെ കിഴക്കൻ സമൂഹത്തിലും, ആധുനിക പടിഞ്ഞാറൻ പശ്ചാത്തലത്തിലും സ്ത്രീകൾക്ക് കടന്നുചെല്ലാനാവാത്ത നിരവധി മേഖലകൾ ഇപ്പോഴുമുണ്ട്. വ്യാവസായിക സാമ്പത്തിക മേഖലകളിൽ സ്ത്രീയുടെ പിന്നോക്കാവസ്ഥ തന്നെ ഇതിനു മതിയായ തെളിവാണ്. ഭാരതത്തിന്റെ പ്രാചീന ദാർശനികതയിലാകട്ടെ സ്ത്രീയെ ദൈവിക സങ്കല്പത്തിലൂടെ ഉന്നതങ്ങളിൽ പ്രതിഷ്ഠിക്കാനുള്ള ശ്രമമല്ലാതെ, അവളുടെ മാനുഷിക - സാമൂഹിക വശങ്ങൾക്ക് സ്വതന്ത്രമായ അംഗീകാരം നൽകുന്നതായി കാണുന്നില്ല. സ്വതന്ത്രഭാരതം നീണ്ട നാലു പതിററാണ്ടുകൾ പിന്നിട്ടിരിക്കുന്ന ഈയവസരത്തിലും സ്ത്രീ പുരുഷ സമഭാവനയുടെ ഒരു ചിന്താഗതി വളർത്തിയെടുക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല.

സാമൂഹിക, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിൽ പലതും ഇന്നും അവർക്കു നിഷേധിക്കപ്പെട്ടിരിക്കുന്നു. 90 ശതമാനത്തിലധികം സ്ത്രീകളും നിരക്ഷരരായ ഗ്രാമങ്ങൾ നമ്മുടെ ഭാരതത്തിൽ ഇന്നും നിലനില്ക്കുന്നുവെന്നത് നമ്മെ ഭയപ്പെടുത്തുന്ന വസ്തുതയാണ്. ഏതാണ്ട് ഇരുപതു ശതമാനത്തിൽ താഴെ സ്ത്രീകൾക്കു മാത്രമേ തൊഴിൽ ചെയ്തു വരുമാനമുണ്ടാക്കാൻ കഴിയുന്നുള്ളൂ. ഗ്രാമീണ മേഖലയിൽ ഈ ചിത്രം കൂടുതൽ ദയനീയമാവുന്നു. സതിയും, ദേവദാസി സമ്പ്രദായവുമെല്ലാം ഇന്നും അതിന്റെ എല്ലാ ഭീകര ഭാവങ്ങളോടും കൂടി ഭാരതസ്ത്രീയെ കാർന്നു തിന്നുന്നു. മതങ്ങളുടെയും, പഴകി ദ്രവിച്ച പ്രത്യയശാസ്ത്രങ്ങളുടെയും ശീതളഛായയിലാണ് ഇവ നിലനില്ക്കുന്നതും, ശക്തിപ്പെടുന്നതും, ബഹുഭാര്യാത്വത്തിനും, സ്ത്രീയെ അടിച്ചമർത്തുന്നതിനുള്ള പഴുതുകൾ സൃഷ്ടിക്കുന്നതിനും പുരുഷമേധാവിത്വത്തിലധിഷ്ഠിതമായ ഇവിടുത്തെ മതങ്ങൾ ഇന്നും പരസ്യമായി കൂട്ടുനിൽക്കുന്നു..

## വിമോചനം പ്രസ്ഥാനങ്ങളിലൂടെ

പുരുഷനോടൊപ്പം അംഗീകരിക്കപ്പെടാനും, ചരിത്രപരമായി സ്ത്രീ സമൂഹം അനുഭവിക്കുന്ന അവശതകളിൽ നിന്നും വിടുതൽ പ്രാപിക്കുന്നതിനുമായി ആഗോള വ്യാപകമായി സ്ത്രീകൾ ഇന്ന് മുമ്പത്തേക്കാളും സംഘടിതരായിട്ടുണ്ടെന്നത് പ്രത്യാശിക്കാൻ വക നൽകുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ പടിഞ്ഞാറൻ നാടുകളിലുദയം ചെയ്ത ലിബറൽ ഫെമിനിസം ഇതിന്റെ ആദ്യപടിയായിരുന്നു. തികച്ചും മിതവാദത്തിലടിയുറച്ച (moderate philosophy) ഒരു പ്രവർത്തനപ്പാതയായിരുന്നു ഈ പ്രസ്ഥാനത്തിലൂടെ വികാസംപ്രാപിച്ചത്. സ്ത്രീയും പുരുഷനെപ്പോലെ സ്വതന്ത്ര വ്യക്തിയാണെന്നും, സാമൂഹിക അംഗീകാരത്തിന് അവർക്കും തുല്യസ്ഥാനമുണ്ടെന്നും, സ്ഥാപിക്കുവാനായിരുന്നു ലിബറൽ ഫെമിനിസ്റ്റുകൾ പരിശ്രമിച്ചിട്ടുള്ളത്. എന്നാൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉൽഭവിച്ച വിപ്ലവാധിഷ്ഠിത സ്ത്രീവാദം (sadical feminism) അനാരോഗ്യകരമായ ചില പ്രവണതകളിലേയ്ക്കും കൂടുതൽ അവഗണനയിലേയ്ക്കും സ്ത്രീയെ നയിച്ചു.

സ്ത്രീക്ക് തുല്യപദവി എന്ന ആശയമുപേക്ഷിച്ച് മേധാവിത്വം (domination) നൽകുവാനുള്ള പ്രവർത്തനങ്ങളാണ് റാഡിക്കൽ ഫെമിനിസ്റ്റുകൾ ലക്ഷ്യമിടുന്നത്. സ്ത്രീ-പുരുഷ വ്യത്യാസങ്ങൾ ജൈവശാസ്ത്രപരവും, മാനസികവും, സാംസ്കാരികവുമായ ഘടകങ്ങൾക്കുപരിയായി സ്വകാര്യസ്വത്ത് സമ്പാദന പ്രവണതയുടെയും, സാമ്രാജ്യത്വത്തിന്റെയും (colonialism) ഭാഗമായി ചിത്രീകരിക്കാനാണ് ഈ വിപ്ലവാധിഷ്ഠിത ചിന്താഗതിക്കാർ വ്യഗ്രത കാണിക്കുന്നത്. ലിംഗം, വർഗ്ഗം, അധികാരം (sed, class and power) എന്നിവ പരസ്പരം പൂരകങ്ങളാണെന്നും ഇവയുടെ ദൂഷിതവലയത്തിൽ നിന്നുമുള്ള സ്ത്രീയുടെ മോചനം വിപ്ലവത്തിലൂടെ മാത്രമേ സാധിക്കൂ എന്നുമാണ് ഇക്കൂട്ടരുടെ വാദം.

സ്ത്രീയുടേതുമാത്രമായ ചില ശാരീരിക പ്രത്യേകതകളെ സാമൂഹികാന്തസ്സിന്റെ പേരിൽ തള്ളിപ്പറയാൻപോലും റാഡിക്കൽ ഫെമിനിസ്റ്റുകൾ മടിക്കുന്നില്ല. സ്ത്രീയുടെ ജൈവശാസ്ത്രപരമായ പ്രവർത്തനങ്ങൾ അവഗണിക്കുവാനോ പൂർണ്ണമായി ഒഴിവാക്കുവാനോപോലും ആധുനിക റാഡിക്കൽ ഫെമിനിസ്റ്റുകൾ മടിക്കുന്നില്ല. സ്ത്രീയെ പുരുഷനിൽനിന്നും വേർതിരിക്കുന്ന എല്ലാ അതിർവരമ്പുകളും - അവ സ്വാഭാവികമോ, അടിസ്ഥാനപരമോ ആയിരുന്നാൽ തന്നെയും തച്ചുടയ്ക്കുക എന്നതാണവരുടെ ലക്ഷ്യം. ഈ വിപ്ലവ തിരതല്ലലിൽ ചില സുപ്രധാന പ്രായോഗിക വശങ്ങൾ അവർ പൂർണ്ണമായി വിസ്മരിക്കുകയോ മനഃപൂർവ്വം അവഗണിക്കുകയോ ചെയ്യുന്നു.

വിമോചനത്തിന്റെ പാതയിൽ അതിവേഗം മുന്നേറുന്നതിന് പുരുഷസമൂഹത്തെ അടിച്ചമർത്താൻ മുതിർന്നാൽ ലിംഗസമത്വമെന്ന ആശയത്തിനു പകരം സംഭവിക്കുന്നത് പുരുഷന്റെ മേൽ ആധിപത്യം പുലർത്താനുള്ള സ്ത്രീയുടെ വിഫലശ്രമമായിരിക്കും. പകരമൊരു വിമോചന പ്രസ്ഥാനത്തിനു പുരുഷൻ ഒരുമ്പെടാതിരുന്നാൽ തങ്ങൾക്കു ലഭിക്കുന്നത് ആത്യന്തികമായ ആധിപത്യമായിരിക്കും എന്ന ആശയം ഒരു മിഥ്യയായി അവർക്കു കൊണ്ടുനടക്കുകയും ചെയ്യാം. എന്നാൽ കേവലമായ വികാരാവേശവും, വിപ്ലവത്വരയും ആവാഹിക്കാതെ തുല്യതയ്ക്കു വേണ്ടിയുള്ള പ്രവർത്തനത്തിൽ മുന്നേറുന്ന സ്ത്രീസമൂഹത്തിന് എന്നും മനുഷ്യമനഃസാക്ഷിയുടെ ധാർമ്മിക പിന്തുണ എക്കാലവും ലഭിക്കുമെന്നതിൽ രണ്ടുപക്ഷമില്ല. തുല്യതയെന്നതിനുപകരം ആധിപത്യമെന്ന മനോഭാവം വളർത്താൻ ശ്രമിച്ചാൽ സാമൂഹിക വിപ്ലവാശയങ്ങൾക്കു ലോകസമൂഹത്തിൽ ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന തിരിച്ചടി സ്ത്രീവാദവിപ്ലവ പ്രസ്ഥാനങ്ങൾക്കും താമസിയാതെ നേരിടേണ്ടിവരും.

## പ്രതിബന്ധങ്ങളും ആത്യന്തിക വിജയവും

നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടിരുന്ന ഒരു സമൂഹം വിമോചനത്തിന്റെ കാഹളധ്വനികളുയർത്തുമ്പോൾ പല മേഖലകളിൽ നിന്നും, വിയോജിപ്പുകളുണ്ടെന്നുള്ള വസ്തുത തള്ളിക്കളയാനാവില്ല. ഇതു സ്ത്രീ സമൂഹത്തിനുള്ളിൽ നിന്നു തന്നെയായാൽ ഫലം തികച്ചും അപകടകരമായിരിക്കുകയും ചെയ്യും. അകത്തളങ്ങളുടെ അവശതകളിൽ നിന്നും, സാമൂഹികതയുടെ കനത്ത വില

ക്കുകളിൽ നിന്നുമൊക്കെ ഉയിർത്തെഴുന്നേൽക്കാൻ വെമ്പൽകൊള്ളുമ്പോൾ, ഏതൊരു അവശവിഭാഗവും അനുഭവിച്ചിട്ടുള്ള, അല്ലെങ്കിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ സ്ത്രീ സമൂഹത്തിനും നേരിടേണ്ടിവരും. അവയുടെ ഭീതിദമായ നിഴൽപ്പാടുകൾ നോക്കി ഏതൊരു വ്യവസ്ഥിതിയിലായാലും അവർ പകച്ചുനിൽക്കുമ്പോഴെല്ലാം അതതു സമൂഹത്തിന്റെ സാംസ്കാരിക പിന്നോക്കാവസ്ഥയായി മാത്രമേ സാമൂഹിക ചിന്തകർക്ക് അതിനെ വീക്ഷിക്കാനാവൂ.

ഒരു സമൂഹത്തിന്റെ, അഥവാ സാമുദായിക വിഭാഗത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിടുന്ന ഏതൊരു പ്രവർത്തനവും സമത്വാധിഷ്ഠിത പ്രത്യയശാസ്ത്രത്തിന്റെ (socialistic philosophy) കേവല രൂപാന്തരീകരണമല്ലാതെ മറ്റൊന്നല്ല. അവഗണനയുടെ ശിഥിലീകരണശക്തികളെ തോൽപിച്ചു മുന്നേറുമ്പോൾ ഒരു പക്ഷേ വിപ്ലവാധിഷ്ഠിത പന്ഥാവിലേക്ക് ഒരു വശസമൂഹം കടന്നുകയറിയാൽ അത്ഭുതപ്പെടേണ്ടതില്ല. അതൊരാവശ്യമായി അംഗീകരിക്കുകയാണ് വേണ്ടത്. എന്നാൽ പഴകിദ്രവിച്ച അപ്രായോഗിക റാഡിക്കലിസത്തിനു കീഴ്പ്പെടുന്നതു ഇതിന്റെ തികച്ചും ജീർണ്ണമായ ഒരു വശമായിരിക്കും. ഒരിക്കലും ന്യായീകരിക്കാനാവാത്ത ഈ വ്യതിചലനത്തിലൂടെ നഷ്ടമാവുന്നതു അടിസ്ഥാനപരമായ ഉദ്ദേശ്യശുദ്ധി തന്നെയായിരിക്കും. പുരോഗമന - ജനാധിപത്യപരമായ ആശയങ്ങളുടെ പ്രയോഗവത്ക്കരണമാണ് ഏതൊരു വിമോചന പ്രസ്ഥാനത്തിനും കരണീയം.

—ആർ. കെ. വർഗീസ്
ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി



# ശാന്തിമന്ത്രം

സ്നേഹിക്ക നാടിനെ,
സ്നേഹിക്ക നാടിനെ
സ്നേഹിക്ക മർത്ത്യാ നീ
ഭാരത മാതാവെ.

മർത്ത്യന്റെ വേർപ്പിന്റെ ഗന്ധം മരിച്ച
പാഴുറ്റ മണ്ണിന്റെ ശാപം തിരുത്തി
പച്ച പാടങ്ങളാം പട്ടിളം പുല്ലുകാം
മുറ്റും നിറയുവാൻ, ഉള്ളം കുളിരുവാൻ

മാനവസ്നേഹം അതുല്യമാം രത്നം
കിണ്ണിണിയിട്ടോരാ പാഴ്മുളം തണ്ടിനെ
ഊതിയുണർത്തിയൊരോംകാരമന്ത്രമായ്
അക്ഷരലക്ഷം ജപിച്ചു നടക്കുവാൻ

പൈങ്കിളിപാട്ടിന്റെ ഈണം നുകരുവാൻ
തെങ്ങോല മർമ്മരം കാതിലമരുവാൻ
കാറ്റിന്റെ ഊഞ്ഞാലിൽ ചാഞ്ചാടിയെത്തുന്ന
മാമ്പഴച്ചാറിന്റെ മാധുര്യമുണ്ണുവാൻ

അന്യമായ്ത്തീരുന്നൊരാമ്പൽക്കുളങ്ങളും
തുമ്പക്കുടങ്ങളും പൂക്കണിക്കൊന്നയും
ചക്കരപ്പക്കിയും പൊന്നോണത്തുമ്പിയും
വീണ്ടുമീ ഭൂമിയെ ധന്യമാക്കീടുവാൻ

കാളവലിക്കുന്ന പണിയും ചക്രവും
ചക്രം ചവിട്ടുന്ന തേവന്റെ പാട്ടും
ഓണത്തിൻ നാദവും പൂവിളിയൊച്ചയും
വീണ്ടുമീ മണ്ണിനുണർത്തുപാട്ടാകുവാൻ

സന്ധ്യക്കു ദീപം കൊളുത്തി മനസ്സിന്റെ
ഉള്ളിന്റെയുള്ളിലെ നാദമുണർത്തുവാൻ
നെഞ്ചിൽക്കുറുങ്ങുന്നോമനക്കിളിയുടെ
പൊൻതൂവലൊന്നായടർത്തിയെറിയുവാൻ

ദ്വേഷം കെടുത്തിപ്പുതുപാട്ടു പാടുവാൻ
യുദ്ധം കെടുത്തി സമാധാനമോലുവാൻ
തൃഷ്ണകെടുത്തി മനഃശാന്തി നേടുവാൻ
എന്നേയ്ക്കുമായ് വിശ്വശാന്തിയെ പുൽകുവാൻ

സ്നേഹിക്ക നാടിനെ,
സ്നേഹിക്ക കാടിനെ,
സ്നേഹിക്ക മർത്ത്യാ നീ,
ഭാരത മാതാവെ.
ഓം ശാന്തി ! ശാന്തി !! ശാന്തി !!!



സണ്ണി ജോർജ്ജ്
IInd B. Com

# പഴമ്പുരാണം

കൂട്ടുകാരാ, ഭീരുത്വംമൂലം ഒരിക്കലും ഒരുപട്ടി കുരയ്ക്കാതിരിക്കുന്നില്ല
ഇതാകാലൻ, ഇതാകള്ളൻ, ഇതാജോറൻ
ഇതാജ്ഞാരൻ, ഇതാപോസ്റ്റുമാൻ
ഇതാപിരിവുകാരോ, വിരുന്നുകാരോ വരുന്നെന്ന്
പട്ടിഎപ്പോഴും സ്വന്തം ദർശനം
അപ്പാടെവിളിച്ചു പറയുന്നു.
ഒരു ദൈവത്തിന്റെയും വാഹനമല്ലാത്തവൻ,
കൂട്ടുകാരാ, പറയേണ്ടതുപറയാതെ ഒരു പട്ടിപോലുമല്ലാതെ
ഒരു വാലുപോലുമില്ലാതെ നരകത്തിൽപോലും പോകാതെ
ഈ സൗധങ്ങളിൽ നാം ചീഞ്ഞുനാറുന്നു.

—കെ. ജി. ശങ്കരപിള്ള
(കഷണ്ടി)

രണ്ടു മൂന്നു പതിററാണ്ടുകാംക്കു മുമ്പ് നമ്മുടെ വിദ്യാഭ്യാസ-സാംസ്കാരിക മണ്ഡലങ്ങളിൽ ഏററവുമധികം ആവർത്തിച്ചു കേട്ടിരുന്ന പദമാണ് സ്വഭാവശുദ്ധി. വിദ്യാലയവാർഷികങ്ങളിലും മററും പ്രസംഗിക്കുന്നവർക്ക് ഇതിനോടുബന്ധപ്പെട്ട കാര്യങ്ങളേ അന്നൊക്കെ പറയാനുണ്ടായിരുന്നുള്ളു. ഇന്നിപ്പോാം സംഗതിയാകെ മാറിയിരിക്കുന്നു. തൊഴിലില്ലായ്മ, പ്രതിശീർഷവരുമാനം, അച്ചടക്കമില്ലായ്മ, സ്വയംതൊഴിൽ കണ്ടെത്തൽ, സാക്ഷരതാശതമാനം തുടങ്ങിയ 'വലിയ' കാര്യങ്ങളാണ് ഇന്ന് ഇത്തരം വേദികളിൽ ഏറെയും കേട്ടുപോരുന്നതു്. പണ്ടു് ആവർത്തിച്ചു കേട്ടിരുന്ന സ്വഭാവ രൂപവത്ക്കരണം, സ്വഭാവശുദ്ധി എന്നീ പദങ്ങാം എല്ലാവരും ഏറെക്കുറെ മറന്ന മട്ടാണു്.

ഇങ്ങനെ സംഭവിക്കാൻ കാരണമെന്തു്? പത്തു മുപ്പതു വർഷത്തിനിടയ്ക്കു് ഇനിപരാമർശിക്കേണ്ടാത്ത വിധം സ്വഭാവ രൂപവത്ക്കരണം ഇവിടെ നടന്നു കഴിഞ്ഞുവോ? അതോ, എത്ര ആവർത്തിച്ചു പറഞ്ഞിട്ടും പ്രയോജനമില്ലാത്ത ഒരു കാര്യമാണിത് എന്നു നമുക്കു ബോദ്ധ്യപ്പെട്ടു കഴിഞ്ഞുവോ? അതുമല്ല, സ്വഭാവ രൂപവത്ക്കരണം എന്ന പഴഞ്ചൻ പല്ലവി പാടി നടക്കുന്നതിനെക്കാാം എത്രയോ പ്രയോജനകരമാണു് തൊഴിലില്ലായ്മ, പ്രതിശീർഷവരുമാനം, സ്വയം തൊഴിൽ കണ്ടെത്തൽ മുതലായ കാര്യങ്ങളെന്നു നമുക്കു ബോദ്ധ്യപ്പെട്ടു കഴിഞ്ഞുവോ?

ഒടുവിൽ പറഞ്ഞതാണു് വാസ്തവത്തിലിവിടെ സംഭവിച്ചത് എന്നു കണ്ടെത്താൻ വിഷമമില്ല. ഇന്നിപ്പോാം വിദ്യഭ്യാസ-സാംസ്കാരിക വേദികളിലൊന്നും തന്നെ സ്വഭാവ രൂപവത്ക്കരണമെന്ന അറുപഴഞ്ചൻ വാക്കു് ഉച്ചരിക്കപ്പെടാറേയില്ല. ഈ വേദികളെല്ലാം അടക്കിഭരിച്ചു പോരുന്ന നമ്മുടെ രാഷ്ട്രീയ മേലാളന്മാരാരും തന്നെ ഈ പദം ഉച്ചരിക്കാതിരിക്കാൻ പ്രത്യേകം നിഷ്ക്കർഷിക്കാറുണ്ടെന്നും തോന്നുന്നു. (അതു് അവർക്കും ആ പദത്തിനും നന്നു്.)

അതെ, ഇത് പ്രായോഗികതയുടെ യുഗമാണ്. പ്രത്യക്ഷത്തിൽ പ്രയോജനപ്പെടാത്ത കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും പറയുകയുമൊക്കെ ചെയ്യുന്നത് ഈ കാലത്തിനു് പററാത്തതുതന്നെ. മനഃശുദ്ധി, സ്വഭാവശുദ്ധി - എന്നിങ്ങനെയുള്ള കാര്യങ്ങാം തികച്ചും അവ്യക്തവും അതിനാൽത്തന്നെ

പ്രയോജനരഹിതവുമാണെന്നു പറയേണ്ടതില്ലല്ലോ. അതേ സമയം, തൊഴിലില്ലായ്മ, സ്വയം തൊഴിൽ കണ്ടെത്തൽ, ലഘുസമ്പാദ്യ പദ്ധതി, പണപ്പിരിവ്- എന്നിങ്ങനെ പ്രയോജനമുള്ള എത്രയോ കാര്യങ്ങൾ വേറെ കിടക്കുന്നു!

എന്നാൽ, ബുദ്ധിയുടെയും മനസ്സിന്റെയും സന്തുലിതവും സമഗ്രവുമായ വികാസമാണ് മനുഷ്യൻ വിദ്യാഭ്യാസം വഴി നേടേണ്ടത് എന്ന് വിദ്യാഭ്യാസത്തെപ്പററി മൗലികമായി ചിന്തിച്ചിട്ടുള്ള സകലരും ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. ബുദ്ധിവികാസം വിദ്യാലയങ്ങളുടെ സഹായം കൂടാതെയും സംഭവിച്ചു എന്നു വരാം. ഇപ്പോഴത്തെ മാതിരി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാതിരുന്ന പഴയകാലത്തു ജീവിച്ചിരുന്ന നമ്മുടെ കാരണവന്മാരെല്ലാം മണ്ടന്മാരായിരുന്നില്ലല്ലോ.

എന്നല്ല, ബുദ്ധിവികാസം അത്രവലിയ ഒരു നേട്ടമാണെന്നും കരുതാനാവില്ല. ഗംഗാസ്നാനം വഴി പോത്തിനും ശരീരശുദ്ധി നേടാൻ കഴിയും എന്ന് ആചാര്യവിനോബാജി ഒരിക്കൽ പറയുകയുണ്ടായി. ഗംഗാസ്നാനംകൊണ്ടു പ്രധാനമായും ഉദ്ദേശിക്കുന്നത് മനശുദ്ധിയാണെന്നും അതു നേടാൻ അതിന്നാഗ്രഹമുള്ള മനുഷ്യനേ കഴിയൂ എന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

വിദ്യാഭ്യാസം ഏറെക്കുറെ ഇതുപോലെയാണ്. അക്ഷരം പഠിക്കലും പൊതുവിജ്ഞാനമാർജ്ജിക്കലും മിക്കവാറും സ്ഥൂലമായ കാര്യങ്ങളത്രേ. ബുദ്ധിവികാസത്തിനു സമാന്തരമായി മനുഷ്യമനസ്സിനെ ഉണർത്താനും ആർദ്രതയുള്ളതാക്കാനും വിദ്യാഭ്യാസത്തിനു കഴിയണം. വിശക്കുമ്പോൾ പരസ്പരം കടിച്ചുകീറുകയും നൈമിഷിക ചോദനകൾക്കു വിധേയരായി കൂത്താടുകയും ചെയ്യുന്ന ഇതര ജീവജാലങ്ങളിൽനിന്നു് മനുഷ്യവർഗ്ഗം ഉയരുന്നത് ഇങ്ങനെയാണ്. ഭൂഗോളത്തിന്റെ മറുവശത്തെ രാജ്യങ്ങളിൽ പോലുമുള്ള പട്ടിണിയെയും ഇതര കെടുതികളെയും ചൊല്ലി ആകുലപ്പെടുന്ന ആർദ്രഭാവം മനുഷ്യൻനേടുന്നതു് ഇങ്ങനെയാണ്. ചുരുക്കത്തിൽ, ഇരുകാലിമൃഗം എന്നപ്രാകൃതാവസ്ഥയിൽനിന്ന് സംസ്കാര സമ്പന്നനായ മനുഷ്യൻ എന്ന നിലയിലേയ്ക്ക് അവൻ ഉയരുന്നതു് ഇങ്ങനെയത്രേ.

ചിന്താശക്തിയും ഹൃദയാലുത്വവുമുള്ള മഹാന്മാർ പണ്ടേ പറഞ്ഞ കാര്യങ്ങളാണു് ഇതെല്ലാം. ഈയിടെ ആരും ഇതൊക്കെ പറഞ്ഞു കേൾക്കാറില്ലെന്നേയുള്ളൂ.

എന്നാൽ, ഇനിയിപ്പോൾ നാം വീണ്ടും ഇതൊക്കെ പറഞ്ഞു തുടങ്ങിയേക്കുമെന്നു തോന്നുന്നു. കാരണം, നമ്മുടെ രാജ്യം നേരിടുന്ന ഏററവും വലിയ ഭീഷണി തൊഴിലില്ലായ്മയല്ല, സ്വഭാവശുദ്ധിയില്ലായ്മയാണു് എന്നു ചിലർക്കെല്ലാം ബോദ്ധ്യമായിത്തുടങ്ങിയിട്ടുണ്ടു്. രാഷ്ട്രീയക്കാരെയോ അവരുടെ പാർശ്വവർത്തികളെയോ മാത്രമല്ല ഇതു ബാധിച്ചിട്ടുള്ളത്; സർക്കാരുദ്യോഗസ്ഥന്മാർ, കലാ-സാംസ്കാരിക പ്രവർത്തകർ, അദ്ധ്യാപകർ, മതനേതാക്കൾ-എന്നിങ്ങനെ എല്ലാ രംഗത്തുമുള്ളവർ ഇതിന്റെ നീരാളിപ്പിടുത്തത്തിൽ അനുദിനം അകപ്പെട്ടുകൊണ്ടിരിക്കുന്നു.

പകർച്ചവ്യാധിപോലെ ഈയിടെ ഇതിങ്ങനെ വ്യാപിക്കാൻ കാരണങ്ങൾ പലതുണ്ട്. പ്രധാനകാരണങ്ങളിലൊന്നു്, ഒരു മനുഷ്യന്റെ ഏററവും വലിയ യോഗ്യത സ്വഭാവശുദ്ധിയാണു് എന്നു് ഏറെപ്പേരും ഇന്നു കരുതുന്നില്ലെന്നുള്ളതാണ്. സ്വഭാവത്തിൽ അല്പം കാർക്കശ്യവും നിഷ്ഠയുമുള്ളവരൊക്കെ ഇന്നു നിർഗ്ഗുണനെന്നും മണ്ടനെന്നും അറിയപ്പെടുന്നു; എന്തിനും മടിയില്ലാത്തവൻ 'സമർത്ഥ'നെന്നും. സ്വയം വല്ലതും നേടാനും പാർശ്വവർത്തികൾക്കു വല്ലതും 'സംഘടിപ്പിച്ചു' കൊടുക്കാനും സമർത്ഥന്മാർക്കല്ലേ കഴിയൂ?

ഇത്തരത്തിൽ കുപ്രസിദ്ധി നേടിയവർക്കു പ്രാധാന്യവും പ്രാമാണ്യവും കൊടുക്കുന്നതിൽ നമ്മുടെ വാർത്താമാദ്ധ്യമങ്ങളും മററും മത്സരിച്ചു പോരുന്നു എന്നതാണ് ഏറെ കഷ്ടം. ഇവരെ പ്രധാന പീഠത്തിലിരുത്തി അർച്ചന നടത്താനും ഇവർക്കു മംഗളപത്രം സമർപ്പിക്കാനും സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ പ്രമാണികൾ തിരക്കുകൂട്ടുന്നു. ഇത്തരത്തിൽ പൊതുവേദികളിൽ ഇവർക്കു കിട്ടുന്ന പദവിയും ആദരവും നമ്മുടെ വിദ്യാർത്ഥികളെയും മററു ചെറുപ്പക്കാരെയും വല്ലാതെ ലഹരി പിടിപ്പിച്ചുകൊണ്ടിരിക്കുന്നു.

സ്വഭാവപരമായ അശുദ്ധി ഇവിടെ സാർവ്വത്രികമാവാനുള്ള മറെറാരു പ്രധാനകാരണം, നമ്മുടെ വിപണികളിൽ അനുദിനം വന്നടിയുന്ന സുഖഭോഗസാമഗ്രികളുടെ ആധിക്യമാണ്. അവയെത്തിപ്പിടിക്കാൻ ഇടത്തരക്കാരും അതിൽത്താഴെയുള്ളവരും കാണിക്കുന്ന ബദ്ധപ്പാട് അവരിൽപ്പലരെയും വഴിതെററിക്കുന്നു. കാറും ഫോണും ഫ്രിഡ്ജും ടെലിവിഷനുമെല്ലാം ഇങ്ങനെ നല്ലൊരുഭാഗം ആളുകളെ വഴിതെററിക്കുന്നുണ്ട്. ഇതെല്ലാം വാങ്ങാൻ ശേഷിയില്ലാത്തവരാണ് മിക്കവരുമെങ്കിലും എങ്ങനെയും പണമുണ്ടാക്കി ഇതൊക്കെ വാങ്ങാതെ ജീവിച്ചിരുന്നിട്ടെന്തുകാര്യം എന്ന പതനത്തിലെത്തിയിരിക്കുന്നു പലരും. നമ്മുടെ ഉദ്യോഗസ്ഥന്മാർക്കിടയിൽ അനുദിനം വർദ്ധിച്ചുവരുന്ന അഴിമതിയ്ക്കും കൈക്കൂലിയ്ക്കും പ്രധാന കാരണം ഇതത്രേ.

സർവ്വോപരി, താഴ്ന്ന ക്ലാസുകളിലെങ്കിലും പണ്ടൊക്കെ നടപ്പുണ്ടായിരുന്ന മൗന-ധ്യാന പരിശീലനങ്ങളും ആശയടക്കം പോലുള്ള ആത്മീയ വ്യായാമമുറകളും ഇന്നു മിക്കവാറും ഇല്ലെന്നായിരിക്കുന്നു. നമ്മുടെ കോൺവെന്റ് സ്കൂളുകളിൽപോലും മനോനിയന്ത്രണം നേടാനുതകുന്ന ഇത്തരം പരിശീലനങ്ങൾ ഇപ്പോഴും നിലവിലുള്ളതായി അറിവില്ല. മിക്കവിദ്യാലയാധികാരികളും തങ്ങളുടെ സ്ഥാപനത്തിന്റെ മേന്മ കുട്ടികളുടെ വിജയശതമാനത്തെയും അധ്യാപകർക്കു കിട്ടുന്ന അവാർഡുകളെയും ആശ്രയിച്ചുനില്ക്കുന്നതായിട്ടാണു കാണുന്നത്. തങ്ങളുടെ സ്ഥാപനത്തിൽനിന്നു പഠിച്ചുയർന്നു കലക്ടർ-മന്ത്രിപദവികളിലും മറ്റും എത്തിച്ചേരാൻ ഭാഗ്യമുണ്ടായവരെയോർത്ത് വിദ്യാലയാധികൃതരും അധ്യാപകരും രോമാഞ്ചം കൊള്ളുന്നു.

മുതിർന്ന തലമുറയുടെ മനോഭാവം ഇതായിരിക്കെ ഇളംതലമുറയുടെ ആദർശശൂന്യതയെ പഴിയ്ക്കുന്നതെങ്ങനെ?

—അഗസ്റ്റിൻ കൊമ്പറ
മലയാള വിഭാഗം




*With the best compliments from :*

**BAVENS**

ERNAKULAM, KOTTAYAM, TRIVANDRUM

With best compliments :

**TIMBER-TECH**

PLYWOOD, GLASS & LAMINATES
N. H. PALARIVATTOM, COCHIN-25
Phone : 344874

Authorised Stockist
- FORMICA
- NEOLUXE
- SUNGLOSS
- KITPLY

# വഴിച്ചൂണ്ടികൾ

ആസ്വാദിക്കപ്പെടാതെപോയ ബാല്യകാലം
വഞ്ചിക്കപ്പെട്ട സ്വപ്നസ്മൃതികൾ
ക്രൂരമായ ഏകാന്തതാ ബോധത്തിൽ
വഴിചൂണ്ടികളായി നില്ക്കുന്ന
കുറെ നിഴൽപാടുകൾ — അവയ്ക്കൊരനുബന്ധം.

ഓർമ്മകളുടെ ഒടുവിലത്തെ അത്താണിയിൽ
ഒരു കിളിയുടെ ചിറകടിയൊച്ച കേട്ടുഞാനുണർന്നു
പകലിന്റെ ലയമാർന്നൊരുണർത്തുപാട്ടിൽ
മനമൊരു ചെറുചാറൽ മഴയായ്
ചിണുങ്ങി നിന്നു...
സൂര്യനു ചിറകുമുളച്ച പകലുകളിൽ
മാനത്തു നൃത്തംവച്ച
മഴത്തുമ്പികളുടെ ചിറകിലെ
തരള സംഗീത മൊട്ടുക്കുവാൻ
വിടർത്തിയൊരീർക്കിലിൻ കെട്ടുമായ്
പെരുവിരലൂന്നി, തെളിവെയിലേറ്റ്
കണ്ണും തലയും പൊരിഞ്ഞ് കരഞ്ഞതും
"അരിയ-മകനേ എന്നരികത്തുവരിക
നിന്നുടലാകെ വിയർത്തു തളർന്നല്ലോ
ഇത്തിരി ഞാനുതിർക്കാം
ഇനി തണലത്തിരിയ്ക്ക നീ"
സ്നേഹാർദ്രമാമൊരു ദിവ്യസാന്ത്വനം
ഓർമ്മകളുടെ ഒടുവിലത്തെ അത്താണിയിൽ
ഒരുകിളിയുടെ പാട്ടിന്റെ
ഈണം തുടിയ്ക്കുന്നു...
പകലിന്റെയുഗ്രശീൽക്കാരവേളയിൽ
മാനത്തു് വെളുത്തു ചത്തോരെൻ
സഹജരെയോർത്തു മനംവിർത്തു നില്ക്കെ
കാതിന്റെ സൂക്ഷ്മസുഷിരങ്ങളിൽകൂടി
വാലത്തി മീൻവിളിച്ചെത്തുന്ന
ആർദ്ര സംഗീത സപര്യം...
ഓർമ്മകളുടെ ഒടുവിലത്തെ അത്താണിയിൽ
ഒരു പാണന്റെ പാട്ടിന്റെ ആലാപന ശ്രുതി.
ആകാശ വിശാലതയിലൂരുചുറ്റി
പറക്കും പരുന്തിന്റെ
ആത്മനിർഘോഷഗാന-
വീചിയിലാരോഹണങ്ങളവരോഹണങ്ങൾ.
പിന്നെ-യന്ത്രമാത്മാവിന്റെ
ആയിരം നാദങ്ങൾ......താഴെ

മരണം മണക്കാത്തയാത്‌മാവിനായ്‌
ബലിക്കല്ലു പണിയുവാൻ
ഒരുമാറാപ്പു പോലെതൻ
ജീവിതം പേറുന്നോർ...
ഇവിടെ
ഇരകളുടെ ഇരയായ്‌ ഒരിരവളരുന്നു
ഇരകളുടെ ഇരയായ്‌
വളരുന്നോരിരകൾ!
ഓർമ്മകളുടെ ഒടുവിലത്തെ .അത്താണിയിൽ
ഒരു കിളിയുടെ ചിറകിന്റെ സംഗീതസ്വരം.



മിണ്ടാതെ, വായതുറക്കാതെ
അമ്മയുടെ മടിയിൽ ചടഞ്ഞുങ്ങാൻ
ചൂടുള്ള പകലുകൾ മരണത്തിലേയ്‌ക്കുള്ള
പാതയായ്‌ നീളവേ, അറിയാതെ
ഒരുപാട്‌ കണ്ണീരൊഴുകുന്നു.
കഥകൾ മുഴുമിക്കാത്ത, ഇതിഹാസമറിയാത്ത ജന്നി
അവളുടെ കണ്ണുകൾ
എന്നെ ചൂഴുന്നു...

ചായക്കടയിൽ പുകതിന്നു ചത്ത
കരിങ്കൽ മുറിയുടെ മൃതശാന്തതയിൽ
ഒരു ചീവീടുപോലെ
മരണ ഭയത്തെ
ചിരിച്ചു ചിരിച്ചു ഞാൻ കൊന്നു!...
ഒരു ജീവന്റെയമൃതമായ്
വളർന്നൊരകിടിനെ
ഗാണയചന്തയിൽ വിററപാൽക്കാരന്റെ
പാകമെടാത്ത ദുരയെയും വഞ്ചിച്ച
നിഷ്കാമ കർമ്മന്റെയന്ത്യമാം ചുംബന-
ത്തൂഷല കൂട്ടിലെൻ മൃത്യുഭയം വീണുചത്തു.
ഓർമ്മകളുടെ ഒടുവിലത്തെ അത്താണിയിൽ
ഒരുകിളി പിന്നെയും പാട്ടുതുടങ്ങി..
പകലിന്റെ ചൂടിൽ
മനസ്സിന്റെ ശൂന്യമാ-
മേകാന്ത സഞ്ചാരവീഥിയുടെ
നീലപരപ്പാർന്നൊരാകാശ സീമയിൽ
എന്റെ കൺകോണിൽ നിന്നൊരു
കാക്ക വിമാനമുയർന്നു.
നഷ്ടനൈരാശ്യ താരകങ്ങാം വീർഷിച്ചൊ-
രിന്ധനപ്പാട്ടയുംപേറി
ദൂരേയ്ക്ക് ലക്ഷ്യമില്ലാതെ പറന്നു-
പിന്നെയെങ്ങോയിടിച്ചു തകർന്നു
ഓർമ്മകളുടെ
ഒടുവിലത്തെ അത്താണിയിൽ
ദുസ്വപ്ന വാഹിയായി ഇന്നുമെൻ
കാക്ക വിമാനം പറക്കുന്നു.
അരയാൽ ചുവട്ടിലെ ചത്ത
ബുദ്ധവിഗ്രഹം കണ്ടുഞെട്ടുന്ന
പ്രാവിന്റെ തലയി-
ലിടിത്തീ പൊഴിയട്ടെ !
ശാപം ! ഒടുങ്ങാത്ത ശാപം
ശപിക്കുകയാണ് !
എന്റെയാത്മാവിന്റെയന്ത്യമാം ശോണിത
തുള്ളി പൊടിയ്ക്കുന്നൊരോർമ്മതൻ
കെടാമുറിപ്പാടിന്നൊരത്ത്
കണ്ണീരടർത്തി
കുറുകുന്നൊരാക്കിളി !
ഓർമ്മകളുടെ ഒടുവിലത്തെ അത്താണിയിൽ
ഒരു കിളി പിന്നെയും പാട്ടു തുടരുന്നു.

മാത്യു. എം. ജെ.
രണ്ടാംവർഷ ജന്തുശാസ്ത്രം

ഒരു കുടുംബത്തിന്റെ എല്ലാ പ്രതീക്ഷകളും ജോസഫിലായിരുന്നു. വൃദ്ധരായ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും അവൻ ഭാവിയിൽ ഒരു തണലായി വരും എന്ന് എല്ലാവരും കരുതി. വിധി മറിച്ചായിരുന്നു ജോസഫ് ആത്മഹത്യ ചെയ്തു! അന്വേഷണം നടത്തിയ പോലീസുകാർക്കും പത്രപ്രവർത്തകർക്കും പലതും അവന്റെ സഹപാഠികളിൽ നിന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. പഠിത്തത്തിൽ ശ്രദ്ധയില്ലായ്മ, ഉഴപ്പന്മാരായ വിദ്യാർത്ഥികളുമായുള്ള കൂട്ടുകെട്ട്, മയക്കുമരുന്നിന്റെ ഉപയോഗം, അർദ്ധബോധാവസ്ഥയിൽ അപകടങ്ങളും, വഴക്കുകളും ഉണ്ടാക്കുക, അങ്ങനെ ജീവിതം അവനു ക്രമേണ കൈവിട്ടുപോയി. ഇത് ഒരു ജോസഫിന്റെ കഥ! ഇതുപോലെ എത്രയെത്ര ജീവിതങ്ങൾ!!

ആധുനിക ലോകം ഭൗതികമായും ആത്മീയമായും തകർച്ചയുടെ വക്കിലാണ്. ഇതിന് പലകാരണങ്ങൾ നിരത്താമെങ്കിലും ഒന്നാം സ്ഥാനത്ത് മയക്കുമരുന്നു പ്രശ്നമുണ്ട്. കാരണം എല്ലാരാജ്യങ്ങളും, പ്രത്യേകിച്ച് സമ്പന്ന രാജ്യങ്ങൾ നേരിടുന്ന ഭീഷണി മയക്കുമരുന്നുകളും അതുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രശ്നങ്ങളുമാണ്. അനുദിനം നമ്മുടെ യുവാക്കളിലും, കൗമാരപ്രായക്കാരിലും മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നു. കോളേജ് കാമ്പസുകൾ, പാർക്കുകൾ, ബീച്ചുകൾ ഇവിടെയെല്ലാം ഇന്ന് മയക്കുമരുന്നു സുലഭമാണ്.

മയക്കുമരുന്നിന്റെ ഉപയോഗത്തിനുള്ള കാരണം പലരിലും പലവിധത്തിലാണ്. വിദ്യാഭ്യാസത്തിന്റെ തകരാറാണെന്ന് അദ്ധ്യാപകരും, മാതാപിതാക്കളുടെ ഉത്തരവാദിത്വമില്ലായ്മകൊണ്ടാണെന്ന് സോഷ്യോള



# ഡയലമ്മ ഓഫ് ഡ്രഗ്സ്

സ്റ്റുകളും, നിയമത്തിന്റെ ദുർബ്ബലതകൊണ്ടാണെന്ന് ക്രമസമാധാനപാലകരും, ആത്മീയബോധമില്ലാത്തതുകൊണ്ടാണെന്ന് പുരോഹിതൻമാരും അഭിപ്രായപ്പെടുന്നു. ഇതിൽനിന്നും ഒരുകാര്യം വ്യക്തമാണ് ഈ ദുഃസ്വഭാവം നമ്മുടെ മനഃശാസ്ത്രപരവും, സാമൂഹിക, രാഷ്ട്രീയ പരവുമായ പ്രശ്നങ്ങളുമായി സങ്കീർണ്ണമായി ബന്ധപ്പെട്ടിരിക്കുന്നു.

## സൈക്കോ ആക്ടീവ് ഡ്രഗുകൾ
(Psycho active Drugs)

സാങ്കേതികമായി പറയുമ്പോൾ ഡ്രഗ് എന്നതു് ഒരുജീവിയിൽ രാസീയമായി അതിന്റെ ജീവൻ പ്രവർത്തനങ്ങളെ സ്വാധീനിക്കുന്ന ഒരുവസ്തു മാത്രമാണു്. ശാരീരികവും മാനസികവുമായ ചികിത്സക്കുവേണ്ടി ഡോക്ടർമാർ പലതരത്തിലുള്ള ഡ്രഗുകൾ രോഗികൾക്കുകൊടുക്കാറുണ്ട്. പക്ഷേ അതിന്റെ ദുരുപയോഗംമൂലം ആ വാക്കുതന്നെ ഭീതിജനകമായി മാറിയിരിക്കുന്നു.

കേന്ദ്രനാഡിവ്യൂഹത്തെ സ്വാധീനിച്ച് സ്വഭാവത്തിലും, മാനസികാവസ്ഥയിലും മാറ്റം വരുത്തുന്ന വസ്തുക്കളാണ് സൈക്കോ ആക്ടീവ് ഡ്രഗുകൾ ഇത് ആദ്യം നമ്മുടെ വികാരത്തെയും, സംവേദനക്ഷമതയെയും, ഏകാഗ്രതയെയും ചിന്തയെയും വളരെയധികം സ്വാധീനിക്കുന്നുണ്ട്. അതിന് ഉണർവോ ഉറക്കമോ തരുവാൻ കഴിവുള്ളതായിരിക്കും. ഇവിടെ സൈക്കോ ആക്ടീവ് ഡ്രഗുകളാണ് ''ഡ്രഗ് പ്രോബ്ലം'' (drug problem) സൃഷ്ടിക്കുന്നത്.

മയക്കുമരുന്നു പ്രശ്നത്തെക്കുറിച്ച് പറയുമ്പോൾ കഞ്ചാവ്, LSD, ഹെറോയിൻ, കോക്കൈൻ ഇങ്ങനെ നിരവധി മരുന്നുകൾ മാത്രമല്ല ഇതുമായി ബന്ധപ്പെട്ട കള്ളക്കടത്തു്, അധോലോകം, കൊലപാതകങ്ങൾ ഇതെല്ലാം നമ്മുടെ മനസ്സിലേക്ക് കടന്നു വരുന്നു.

## ചില യാഥാർത്ഥ്യങ്ങൾ

ചായ, കാപ്പി, സിഗരറ്റ്, മദ്യങ്ങൾ ഇതെല്ലാം മാനസികോല്ലാസത്തിനുവേണ്ടി മനുഷ്യൻ ഉപയോഗിക്കാറുണ്ട്. പലരും ഇത് ''സൈക്കോ ആക്ടീവ് ഡ്രഗ്'' ആണെന്നുള്ളത് ബോധപൂർവ്വം മറക്കുന്നു. എല്ലാ ഡ്രഗുകളും ഒരുപോലെയാണു് മനുഷ്യനിൽ പ്രവർത്തിക്കുന്നതു്. ഡ്രഗുകളെകുറിച്ച് വളരെ വികലമായ ധാരണയാണു് നമ്മിൽ പലർക്കുമുള്ളതു്.

അടിസ്ഥാനപരമായി മയക്കുമരുന്നു പ്രശ്നം യുവാക്കളുടെ പ്രശ്നമാണെന്ന് പറയാം. കാരണം കഞ്ചാവ് ഉപയോഗിക്കുന്നവരിൽ അധികവും കൗമാരപ്രായക്കാരാണ് എന്നതു തന്നെയാണ്. എന്നു കരുതി ഇത് യുവാക്കളുടെ മാത്രമായ ഒരു പ്രശ്നവുമല്ല. നമ്മുടെയിടയിൽ മയക്കുമരുന്നിന്റെ ഒരു സംസ്കാരം വളർന്നു പന്തലിച്ചിരിക്കുന്നു.



## മരുന്നുകൾ (Drugs) നല്ലതോ? ചീത്തയോ?

മനുഷ്യനിലെ ഒരു ചിന്താരീതി ശ്രദ്ധിക്കുക
എനിക്ക് ഒരു അപകടം സംഭവിച്ചു ''ജോൺ പറഞ്ഞു.
''കഷ്ടം !'' എന്റെ മറുപടി
''ഞാൻ അപകടമൊന്നുമില്ലാതെ രക്ഷപ്പെട്ടു''
''ഭാഗ്യം!''
''പക്ഷേ എന്റെ കാറ് തകർന്നുപോയി''
''കഷ്ടം.. ......''
''എങ്കിലും ഞാൻ രക്ഷപ്പെട്ടു''
''ഭാഗ്യം.........''

ഡ്രഗുകളെക്കുറിച്ചു പറയുമ്പോൾ ഏതാണ്ട് ഇതുപോലെയാണു്. വേദനയിൽനിന്നു്, രോഗാണുക്കളുടെ ആക്രമണത്തിൽനിന്നു്, മറ്റു പല അപകടങ്ങളിൽനിന്നും മരുന്നുകൾ നമ്മെരക്ഷിക്കുന്നു. ഇതു് ഒരു ഭാഗ്യമാണു്. എന്നാൽ ഈ മരുന്നുതന്നെ നമ്മുടെ കോശങ്ങളെ, നമ്മുടെ ശാരീരിക പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു എന്നുമാത്രമല്ല നമ്മിൽ മരുന്നിനോട് 'അഡിക്ഷൻ' കൂടി ഉണ്ടാക്കുന്നു. ഇങ്ങനെ ഒരേസമയംതന്നെ ഗുണകരവും ദോഷകരവുമായിട്ടാണു് മരുന്നുകൾ നമ്മിൽ പ്രവർത്തിക്കുന്നതു്.

അമേരിക്കൻ ആഭ്യന്തര യുദ്ധകാലത്ത് വേദനസംഹാരിയായി കടന്നുവന്ന ഒരു മരുന്നാണ് ''മോർഫിൻ'' ''ദൈവത്തിന്റെ മരുന്ന്'' എന്നർത്ഥം വരുന്ന God's Own Medicine (G. O. M.) എന്ന് അത് അറിയപ്പെട്ടു. മുറിവേറ്റവർക്കും മറ്റു പലതരത്തിലും വേദനിക്കുന്നവർക്കും അത് ഒരു ആശ്വാസമായിരുന്നു. എന്നാൽ പിന്നീട് പതിനായിരക്കണക്കിന് മനുഷ്യർ മോർഫിൻ അടിമകളായി തീർന്ന് എന്ന് വന്നപ്പോൾ അത് പിശാചിന്റെ മരുന്നായിത്തീർന്നു.

സൈക്കോ ആക്ടീവ് ഡ്രഗുകളെ അഞ്ചുതരങ്ങളായി തിരിക്കാം.

### എ നാർക്കോട്ടിക്സ്

കറുപ്പ്, ഹെറോയിൻ, മോർഫിൻ തുടങ്ങിയവ കൂടാതെ രാസവസ്തുക്കളായ മെഥഡോൺ, പെതിഡിൻ എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു. ഇത് നാഡീവ്യൂഹത്തെ സ്വാധീനിച്ച് വേദനയിൽനിന്ന് മോചനവും, ഉറക്കവും തരുന്നതിനു് കഴിവുള്ളതാണു്.

### ബി ഹിപ്പ്നോട്ടിക് ഡ്രഗുകൾ
(ആൽക്കഹോളുകൾ)

കേന്ദ്രനാഡീവ്യൂഹത്തെ സ്വാധീനിച്ച് അതിനെ ഡിപ്രസ്സ് ചെയ്തു് ഉൽക്കണ്ഠയിൽനിന്നും, മാനസിക പിരിമുറുക്കത്തിൽനിന്നും മോചനംതരുന്നു. ഇങ്ങനെ ഉറക്കത്തിലേക്കു് അവ നയിക്കുന്നു. എല്ലാ മദ്യങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നതാണു്.

### സി കേന്ദ്രനാഡീവ്യൂഹത്തെ ഉത്തേജിപ്പിക്കുന്നവ
(Central Nervous System Stimulant)

കോക്കെയ്ൻ, കൊഫീൻ, നാർക്കോട്ടിൻ എന്നിവയാണ് ഇതിൽപ്പെടുന്നത്. തെക്കേ അമേരിക്കയിൽ കണ്ടുവരുന്ന കോക്കോ ചെടിയിൽ നിന്നാണ് കൊക്കെയിൻ നിർമ്മിക്കുന്നത്.

### ഡി സൈക്കഡെലിക് ഡ്രഗുകൾ

LSD, മെസ്ക്കലിൻ, സിലോസൈബിൻ, കഞ്ചാവ് എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു.

### ഇ ഇൻഹാലൻറുകളും ലായകങ്ങളും
(Inhalents and Solvents)

കാർബണിക ലായകങ്ങളായ ബെൻസിൻ, ഗ്യാസിലിൻ തുടങ്ങിയവ ശ്വസിക്കുന്നത് വിഷമയമാണ് എന്നാൽ ചെറുതായി ഇത് ശ്വസിക്കുമ്പോൾ ഒരുതരം ലഹരി അനുഭവപ്പെടാറുണ്ട്. അതുപോലെ ചിരിപ്പിക്കുന്ന വാതകമായ നൈട്രിക് ഓക്സൈഡ്, ഈഥർ തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു.

**കഞ്ചാവ്** (Marijuana)

കഞ്ചാവു ചെടിയിൽ നിന്നാണ് (Cannibis Staiva) ഇത് ഉൽപ്പാദിപ്പിക്കുന്നത്. ഇതിന്റെ പൂക്കുന്ന ഭാഗങ്ങൾ, കാണ്ഡം, ഇലകൾ എന്നിവ ലഹരി പദാർത്ഥങ്ങളാണ്. ആയിരക്കണക്കിന് വർഷങ്ങളോളം മനുഷ്യൻ ഇതിന്റെ നാരുകൾ, ലിനൻ, ക്യാൻവാസ്, കയറുകൾ എന്നിവ ഉണ്ടാക്കുന്നതി



നുവേണ്ടി ഉപയോഗിച്ചിരുന്നു എന്ന് ചരിത്രം പറയുന്നു. എന്നാൽ ഇതുമാത്രമല്ല ഈ സസ്യത്തിന് ചില സവിശേഷ ഗുണങ്ങൾ കൂടി ഉണ്ടെന്ന് ക്രമേണ മനുഷ്യൻ മനസ്സിലാക്കി. ഇതിൽ അടങ്ങിയിരിക്കുന്ന ടെട്രാ ഹൈഡ്രോകാനബിനോൾ (T.H.C.) എന്ന പദാർത്ഥം മനുഷ്യശരീരത്തിലെത്തിയാൽ വികാരങ്ങളിലും, വിചാരങ്ങളിലും പരിവർത്തനം സംഭവിക്കുന്നു എന്ന് കണ്ടെത്തി. ക്രമേണ ഇത് ചായ, ആഹാരപദാർത്ഥങ്ങൾ, ബീഡി എന്നിവയോടൊപ്പം ഇവ ഉപയോഗിക്കുവാൻ തുടങ്ങി.

'അഥർവ്വവേദ'ത്തിൽ കഞ്ചാവിനെ കുറിച്ചു പ്രതിപാദിക്കുന്നുണ്ടു്. ഹെറോഡോട്ടസ് എന്ന ഗ്രീക്ക് ചരിത്രകാരനും കഞ്ചാവിനെകുറിച്ചു പറയുന്നുണ്ടു്. ഇതിൽനിന്നു വളരെ പ്രാചീനകാലംതൊട്ട് ഇത് മനുഷ്യൻ ഉപയോഗിച്ചിരുന്നു എന്നു കാണുന്നു.

### ഹെറോയിൻ

കറുപ്പിൽനിന്നു് ഉൽപ്പാദിപ്പിക്കുന്ന മറ്റൊരു മയക്കുമരുന്നാണു് ഹെറോയിൻ. ചൈനയിൽ ഒരിക്കൽ കറുപ്പിന്റെ ഉപയോഗം ഗുരുതരമായ ഒരവസ്ഥയിൽ എത്തിച്ചു. 18-ാം നൂററാണ്ടിൽ ചൈനാ ഗവർമ്മെൻറ് കറുപ്പ് ഇറക്കുമതി ചെയ്യുന്നത് നിരോധിച്ചു. അന്നു് ബ്രിട്ടീഷുകാരുടെ ഒരുലാഭക്കച്ചവടമായിരുന്നു കറുപ്പുവ്യവസായം. ഇതേ തുടർന്നുണ്ടായ യുദ്ധമാണു് ബ്രിട്ടനും ചൈനയും തമ്മിൽനടന്ന കറുപ്പുയുദ്ധം (opium war 1839-1842).

പ്രാചീനകാലത്ത് ഈജിപ്തിൽ ഒരുമരുന്നായി കറുപ്പു്, ഉപയോഗിച്ചിരുന്നു. ക്രമേണ ഗ്രീസ്, ഏഷ്യാമൈനർ തുടങ്ങിയ ഭാഗങ്ങളിലേക്ക് ഇതിന്റെ ഉപയോഗംവ്യാപിച്ചു. അറബികളാണ് ഇന്ത്യയിലും ചൈനയിലും ആദ്യമായി കറുപ്പ് എത്തിച്ചത്.

കറുപ്പിൽനിന്നും വേർതിരിച്ചെടുത്ത ഒരു മരുന്നായിരുന്നു മോർഫിൻ (1803). കറുപ്പിനു് അടിമകളായിത്തീരുന്നവർക്കു., വേദനാസംഹാരിയായും ഉപയോഗിച്ചിരുന്നു ഈ മരുന്നു്. എന്നാൽ

പിന്നീട് കറുപ്പിനെക്കാൾ അപകടകാരിയാണ് മോർഫിൻ എന്നു മനുഷ്യൻ മനസ്സിലാക്കി.

## ആൽക്കഹോൾ

നമ്മുടെ ചിട്ടയിൽ മാന്യമായ ഒരു സ്ഥാനം മദ്യം നേടിയെടുത്തിരിക്കുകയാണ്. വിരുന്നുകൾക്കും, ആഘോഷങ്ങൾക്കും മദ്യങ്ങൾ അനിവാര്യ ഘടകങ്ങളായിത്തീർന്നിരിക്കുന്നു. "വീഞ്ഞ് ഹൃദയത്തിന് സന്തോഷകരം..." (സങ്കീ: 104:15) എന്നു ബൈബിൾ പറയുന്നുണ്ടെങ്കിലും താത്വികമായി എല്ലാമദ്യങ്ങളെയും ബൈബിൾ എതിർക്കുന്നുണ്ട്. "വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനുമാകുന്നു. അതുകൊണ്ട് ചഞ്ചലമായ ആരും ജ്ഞാനികളാകുന്നില്ല."

## മയക്കുമരുന്നുകളിൽനിന്നും എങ്ങിനെ നാടിനെ രക്ഷിക്കാം

ഈ പ്രശ്നത്തിനു ഏററവും കൂടുതൽ ഉത്തരവാദിത്വം കാണിക്കേണ്ടതു ഗവൺമെൻറുകളാണ്. കാരണം മയക്കുമരുന്നു വ്യവസായം നടത്തുന്നത് അധോലോക രാജാക്കൻമാരാണ്. ഇവർ ഗവൺമെൻറിനെ സ്വാധീനിക്കാൻ മാത്രം ശക്തരാണ്.

എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർ നമ്മുടെ നാട്ടിലെ കഞ്ചാവുവ് കൃഷി വെട്ടിനശിപ്പിക്കുമ്പോഴും നാമറിയാത്ത ഒരു രഹസ്യം ഇതിലുണ്ട്. വടക്കേ ഇന്ത്യയിൽ ഭാംഗ് ഉണ്ടാക്കുന്നതിന് നല്ലത് കേരളത്തിന്റെ കാലാവസ്ഥയിൽ വളരുന്ന കഞ്ചാവുകളാണ്. ഇതു നശിപ്പിച്ചില്ലെങ്കിൽ വടക്കേ ഇന്ത്യൻ അധോലോക രാജാക്കൻമാരുടെ ലാഭം കുറയുന്നു. കാരണം അവിടെയുണ്ടാകുന്നത് ഗുണം കുറഞ്ഞ കഞ്ചാവാണ്. ഇവർ ഗവൺമെൻറിനെ



സ്വാധീനിക്കുന്നു എന്നത് വ്യക്തമാണ്. അല്ലെങ്കിൽ എന്തുകൊണ്ട് പെട്ടിക്കടകളിൽ പോലും ഇത് സുലഭമായി എത്തുന്നു!

പ്രചരണങ്ങൾ, കാമ്പയിനുകൾ, ബോധവൽക്കരണ സെമിനാറുകൾ എന്നിവയെല്ലാം ഇതിനെതിരെ നടക്കുന്നുണ്ട്. മനശാസ്ത്രപരമായ ചികിൽസകൾ, സഹപ്രവർത്തകരുടെ നല്ല ഉപദേശങ്ങൾ ഇതെല്ലാം മയക്കുമരുന്ന് അടിമകളെ രക്ഷിക്കുവാൻ സഹായിക്കുന്നു.

പറുദീസയിൽ എല്ലാസൗഭാഗ്യങ്ങളുമുണ്ടായിട്ടും ആദമും ഹവ്വയും "വിലക്കപ്പെട്ട കനി" ഭക്ഷിച്ചു. നമുക്കും ഇതൊരു ദൃഷ്ടാന്തമാണ്. പറുദീസക്കു തുല്യമായ നമ്മുടെ മനസ്സിനെ നരകതുല്യമാക്കുന്ന മയക്കു മരുന്നുകളിൽ നിന്ന് നമുക്ക് നമ്മുടെ നാടിനെ രക്ഷിക്കാം. നമ്മുടെ യുവാക്കളിൽ ചുമതലാബോധവും, ആത്മധൈര്യവും, ഐശ്വര്യവും വളരുന്നതിനു ഇതു സഹായിക്കാതിരിക്കില്ല.

ഫീച്ചർ യൂണിററ്

*With the best compliments from :*

**NYMPHET BEAUTY PARLOUR**

VANITHA NIKETHAN BULDG. 1st FLOOR,
NEAR PERUMANOOR P. O., COCHIN-15

**TRY AND FEEL THE CHANGE !**

# ദേശീയോദ്ഗ്രഥനം ഇന്ത്യയിൽ

നൂറ്റാണ്ടുകളോളം വിദേശമേധാവിത്വത്തിന്റെ കരാളഹസ്തത്തിൽപ്പെട്ട് ഞെരിഞ്ഞമർന്നിരുന്ന ഭാരതം വർഷങ്ങൾക്കുമുമ്പ് സ്വാതന്ത്ര്യം നേടിയപ്പോൾ, സ്വാതന്ത്ര്യസമരത്തിന്റെ ശില്പികളായിരുന്ന രാഷ്ട്രപിതാവും മറ്റുനേതാക്കന്മാരും 'ഭാരതം ഒന്ന്' എന്ന ഐക്യബോധത്തിൽ അടിയുറച്ചവരായിരുന്നു. അതുകൊണ്ടുതന്നെയാണല്ലോ നമ്മുടെ പ്രഥമപ്രധാനമന്ത്രിയായ ജവഹർലാൽനെഹ്റു തന്റെ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന ഗ്രന്ഥത്തിലൂടെ ,നാനാത്വത്തിൽ ഏകത്വം' എന്ന സുന്ദരമായ ആശയം അവതരിപ്പിച്ചിരിക്കുന്നത്.

ഭാരതത്തിൽ നാനാവർഗ്ഗങ്ങളും മതങ്ങളും ഉണ്ടെങ്കിലും അവയെയെല്ലാം ഒരേയൊരു ചരടിൽ കോർത്തിണക്കുന്ന ഒരു ദേശീയ ഐക്യം കണ്ടെത്താൻ കഴിയുമെന്നാണ് നെഹ്റു സൂചിപ്പിക്കുന്നത്. നാനാത്വം ഏകത്വവും തമ്മിൽ ഫലപ്രദമായ ഒരു സമന്വയം കണ്ടെത്തേണ്ടതുണ്ട്. എപ്പോഴൊക്കെ ഈ തുലനത്തിന് വിഘാതം സംഭവിക്കുന്നുവോ അപ്പോഴൊക്കെ വിഭാഗീയ ശക്തികൾ തങ്ങളുടെ വികൃതശിരസ്സുകൾ പൊക്കുകയും രാജ്യത്തിന്റെ സമാധാനത്തെ ഭഞ്ജിക്കുകയും ചെയ്യുന്നു. ഈ തുലനത്തെ നിലനിർത്തുന്നതിൽ കൈവരിക്കുന്ന പുരോഗതിയാണ് ദേശീയോദ്ഗ്രഥനത്തെ ഊർജ്ജിതപ്പെടുത്തുന്നതിലേയ്ക്കുള്ള വഴി തെളിക്കുന്നത്.

എന്നാലിന്ന്, പലപ്പോഴും 'ഭാരതം ഒന്ന്' എന്നത് ഒരു ഭാവനയായി മാറുന്നു. ഇതിന്റെ കാരണം ഒറ്റവാക്കിൽ ഒതുക്കാവുന്നതല്ല. ഒറ്റ ദിവസംകൊണ്ട് പരിഹാരം കാണാനും നമുക്കാവില്ല. ആ പ്രശ്നങ്ങളിലൂടെ ഒന്ന് കണ്ണോടിക്കാം.

പ്രഥമസ്ഥാനം പഞ്ചാബ് പ്രശ്നത്തിനാണ് കൊടുക്കേണ്ടതെന്നു തോന്നുന്നു. അവിടെ 'ദേശീയോദ്ഗ്രഥനം' എന്ന ലക്ഷ്യത്തെ കാറ്റിൽപറപ്പിച്ചുകൊണ്ട്, രാജ്യത്തെയും ജനങ്ങളെയും നശിപ്പിച്ചേ അടങ്ങൂ എന്നവാശിയോടെ ചില സാമൂഹ്യവിരുദ്ധർ രംഗത്തിറങ്ങിയിരിക്കുന്നു. നിരപരാധികളായ നാട്ടുകാർക്കുനേരെ രക്തദാഹത്തോടെ പാഞ്ഞടുക്കുന്ന ക്ഷുദ്രജീവികളെ തീവ്രവാദികളെന്നോ ഭീകരരെന്നോ വിളിച്ച്, അവർക്ക് മാന്യതയുടെ പരിവേഷം നൽകാൻ ശ്രമിക്കുന്നതിലർത്ഥമില്ല. പഞ്ചാബിന്റെ ഐശ്വര്യാഭിവൃദ്ധിയ്ക്കു വേണ്ടിയാണ്. തങ്ങൾ പ്രവർത്തിക്കുന്നതെന്നാണവരുടെ വാദം 'സ്വതന്ത്ര ഖലിസ്ഥാൻ എന്ന അവരുടെ ലക്ഷ്യം ഭാരതാംബയുടെ ഹൃദയത്തിൽ നീറിപ്പടരുന്ന ഒരു വേദനയായി മാറിയിരിക്കുന്നു.

വർഗ്ഗീയത സൃഷ്ടിക്കുന്ന പ്രശ്നങ്ങളാണ് മറ്റൊന്ന്. സ്വന്തം സഹോദരതുല്യനായ ഒരുവനെ, അവൻ അന്യമതസ്ഥനാണ് എന്ന ഒരൊറ്റക്കാരണത്താൽ കുത്തിക്കൊല്ലുന്നത് എത്ര പൈശാചികമാണ് ഉത്തരേന്ത്യയുടെ പലഭാഗങ്ങളിലും സാമുദായിക സംഘട്ടനകളുടെ ഒരു പരമ്പര തുടങ്ങിയിട്ട് മൂന്നുമാസത്തോളമായി. മധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, ഉത്തർപ്രദേശ് മുതലായ സംസ്ഥാനങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല. മധ്യപ്രദേശിലെ ഇൻഡോറിൽ ഈയിടെയുണ്ടായ ലഹളയിൽ മുന്നൂറോളം തീവെപ്പുകളും കൊള്ളകളും എഴുപതോളം കൊലപാതകങ്ങളും ആണ് നടന്നത്. ഗുജറാത്തിലെ ചെറിയ പട്ടണങ്ങളിൽപോലും സാമുദായിക സംഘട്ടനങ്ങളുണ്ടായി. അത് രാജസ്ഥാനിലേയ്ക്കും പടർന്നു. ബീഹാറിലെ സ്ഥിതിയും ഭിന്നമല്ല. രാമശിലാപൂജാഘോഷയാത്രകളാണ് പലസ്ഥലങ്ങളിലും സംഘട്ടനങ്ങളിൽ കലാശിച്ചത്. രാമജന്മഭൂമി-ബാബ്റിമസ്ജിദ് തർക്കം വിദേശരാജ്യങ്ങളുടെ ശ്രദ്ധവരെ ആകർഷിച്ചു. അയോധ്യയിലെ ആ തർക്കത്തിൽ തന്നെ 200പേർ കൊല്ലപ്പെട്ടുവെന്നാണ് ഔദ്യോഗിക കണക്ക്.

രാഷ്ട്രീയ മായ വടംവലികളാണ് മറ്റൊരു പ്രശ്നം. കേന്ദ്രത്തിലും സംസ്ഥാനത്തിലും വിവിധ ഭരണകക്ഷികളാണ് ഭരിക്കുന്നതെങ്കിൽ, കേന്ദ്രവും സംസ്ഥാനവും തമ്മിൽ വടംവലി ആരംഭിക്കുകയായി. ഈ വടംവലിയിൽ പലപ്പോഴും ബലിയാടാകുക നിഷ്കളങ്കരായ ജനങ്ങളാണ്.

On the occasion of the Jubilee the UGC, it is hoped, will give us a grant of Rs. 25 lakhs for the development of the college. We should have a plan for the utilization of this grant. Moreover, we should be in a position to present our proposals for the development of the college as soon as the Plan VIII proposals are announced. We should make an early attempt to identify the areas of the realistic needs of each department and formulate composite development proposals covering all areas (infra structural, academic, extra-curricular, physical educational etc). Keeping this in mind, we constituted a committee to chalk out a comprehensive plan for the development of the college. Proposals from each department were invited, consultations with student leaders were held and their suggestions were pooled. A draft copy of the plan proposals has already been drawn up and sent to the Director, College Development Council, Mahatma Gandhi University. After receiving his expert opinion we will finalize the plan which, when approved by the Planning Council of the college, will be a monumental document and will provide valuable guidelines for the development of college for years to come.

## New Courses

The teaching staff are the backbone of the college in the aforesaid plan, top priority is given to faculty improvement programme. The Botany department of our college is recognised as a research centre. The departments of Zoology, Chemistry and Physics also have the infrastructure to become research

# കോളേജ് യൂണിയൻ
# പ്രവർത്തന റിപ്പോർട്ട് 1989–'90

പ്രിയപ്പെട്ടവരെ,

അരനൂറ്റാണ്ടു വർഷത്തിന്റെ പാരമ്പര്യം കുടികൊള്ളുന്ന് ഈ കലാലയം പിന്നിട്ടു കഴിയുമ്പോഴും മാത്രം തിളങ്ങിനിൽക്കുന്ന കോളേജ് യൂണിയനുകളെ മാവനാസമ്പന്നരുടെ കൈകളിൽ ഏൽപ്പിക്കപ്പെടുന്നതും ചുരുങ്ങിയ കാലയളവിൽ തികവുറ്റ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ സമയക്കുറവ് മൂലം സാധിക്കാറില്ല.

എന്നാൽ 1989-90 വർഷത്തെ കോളേജ് യൂണിയൻ ഇതിനൊരപവാദമാണ്. ചുരുങ്ങിയ സമയംകൊണ്ട്, വിദ്യാർത്ഥി പങ്കാളിത്തം ഉറപ്പുവരുത്തി ഉന്നതനിലവാരത്തിലുള്ള വിവിധ പരിപാടികൾ ആവിഷ്ക്കരിക്കുവാൻ ഈ യൂണിയനു കഴിഞ്ഞു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. തേവര തിരുഹൃദയ കലാലയത്തിലെ ഓരോ വിദ്യാർത്ഥിയുടെയും സന്മനോഭാവത്തോടെയും, സഹകരണത്തോടെയുമുള്ള സമീപനമാണ് ഈ യൂണിയന്റെ പ്രവർത്തനങ്ങൾ വിജയിപ്പിച്ചത് എന്ന് ഞങ്ങൾ കൃതാർത്ഥതയോടെ ഓർമ്മിക്കുന്നു.

പരിമിതികളായ പലതും, അപ്രതീക്ഷിതമായി സംഭവിച്ച പ്രതിസന്ധികളും ഞങ്ങളെ ഒട്ടേറെ തളർത്തിയെങ്കിലും, വിദ്യാർത്ഥികളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാനും, തികച്ചും ജനാധിപത്യ സംവിധാനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് എല്ലാ വിദ്യാർത്ഥി പ്രതിനിധികളെയും ഉൾപ്പെടുത്തി കൂട്ടായ ചർച്ചയിലൂടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാനും കഴിഞ്ഞു എന്നത് ഈ യൂണിയന്റെ അംഗങ്ങൾക്കു മാത്രമല്ല - ഈ കലാലയത്തിലെ ഓരോ സുഹൃത്തുക്കൾക്കും അഭിമാനിക്കാവുന്ന നേട്ടമായി ഞങ്ങൾ കരുതുന്നു.

1989 സെപ്റ്റംബർ 29-ാം തിയതി തേവര തിരുഹൃദയ കലാലയത്തിലെ ഭൂരിപക്ഷം വിദ്യാർത്ഥികളുടെ അംഗീകാരം ആർജ്ജിച്ചു

ബിജു ജോസഫ് (ചെയർമാൻ), സിബി പി.എ. (വൈസ് ചെയർമാൻ), ജോജി കെ. തോമസ് (ജനറൽ സെക്രട്ടറി), ജോർജ്ജ് ജോസഫ് കെ., ഹരികുമാർ ടി (സർവ്വകലാശാല പ്രതിനിധികൾ), എം. ജി. ജോൺ (ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി), സാബു ജേക്കബ് (മാഗസിൻ എഡിറ്റർ) ഷിബു തോമസ്, ബിജോ ആർ. നായർ (വനിതാ പ്രതിനിധികൾ) എന്നിവർ

കലാലയ യൂണിയന്റെ സാരഥ്യത്തിലേക്കായി—

ആരംഭം......

യൂണിയന്റെ ഔപചാരികമായ പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചുകൊണ്ട് 1989 നവംബർ 13ന് ഉദ്ഘാടനം നിർവഹിക്കപ്പെട്ടു.

വിദ്യാഭ്യാസ മേഖലയിൽ നടമാടുന്ന അഴിമതിയും, അരാജകത്വവും ആണ് വിദ്യാഭ്യാസ മൂല്യച്യുതിയ്ക്ക് പ്രധാന കാരണമെന്ന് ഉദ്ഘാടന വേളയിൽ ശ്രീ. ബാലഹരിഹരൻ (ചെയർമാൻ, കൊച്ചിൻ ചേമ്പർ ഓഫ് കൊമേഴ്സ്) അഭിപ്രായപ്പെട്ടു. ഈ അഴിമതികളും, അരാജകത്വവും വിദ്യാഭ്യാസത്തെ പൂർണ്ണമായി നശിപ്പിക്കുന്നതിനു മുൻപ് ഇവയെ പ്രതികരിക്കുവാൻ യുവതലമുറയോട് അദ്ദേഹം അഭ്യർത്ഥിച്ചു.

സർവ്വകലാശാലാ യൂണിയനുകളും, കലാശാലാ യൂണിയനുകളും, വിദ്യാർത്ഥി വേദികളും ഇതിനുള്ള പ്രചോദന കേന്ദ്രങ്ങളാകട്ടെ എന്നദ്ദേഹം ആശംസിച്ചു. നാനാതുറകളിലും വിജയം കൊയ്തെടുക്കുന്ന തിരുഹൃദയ കലാലയത്തിലെ പുത്തൻ നാമ്പുകൾക്ക് പ്രതീക്ഷയുടെ നല്ല നാളെ ആശംസിക്കുകയും വിദ്യാർത്ഥികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ ഈ യൂണിയന് കഴിയും എന്ന പ്രത്യാശയും അദ്ദേഹം പ്രകടിപ്പിച്ചു.

യൂണിയൻ ചെയർമാൻ ബിജുജോബ് അദ്ധ്യക്ഷം വഹിച്ച വേദിയിൽ സ്നേഹനിർഭരമായ ആശംസയുടെ ഒരായിരം പുഷ്പങ്ങൾ അർപ്പിച്ചുകൊണ്ട് ശ്രീ. മേനോൻസാറും, പ്രിൻസിപ്പാൾ ഡോ. ഡാൻതോട്ടക്കരയും സന്നിഹിതരായിരുന്നു.

ജോമി ജോസഫ് സ്വാഗതവും സാബുസിറിയക്ക് നന്ദിയും പ്രകാശിപ്പിച്ചു.

ആഹ്ളാദം അലതല്ലിയ നിമിഷങ്ങളിൽ സംഗീതത്തിന്റെ സ്വപ്ന സുന്ദര വീചികളുമായി കൊച്ചിൻ ബാൻേറാവർസ് കടന്നുവന്നത് ചടങ്ങിന്റെ ചാരുതയ്ക്കു് മാററുകൂട്ടി-...

കേരളത്തിന്റെ മാഹാത്മ്യം വിളിച്ചോതുന്ന ചരിത്രപരമ്പരകളെ ഒരു കുടക്കീഴിൽ അണിനിരത്തി മലയാളത്തനിമയുടെ ആചാരങ്ങളും, അനുഷ്ഠാനങ്ങളും 21-ാം നൂററാണ്ടിലെ സമൂഹത്തിനുകാഴ്ചവച്ച 'കേരളാ ഹിസ്റേറാറിക്കൽ മ്യൂസിയ'ത്തിന്റെ ശിൽപിയും, സ്ഥാപകനുമായ ശ്രീ. എം. വി. മാധവൻനായർ തേവര തിരുഹൃദയ കലാലയത്തിലെ ആർട്ട്സ് ക്ലബ്ബ് ഉത്ഘാടനത്തിനായി 1989 സിസംബർ 6നു് എത്തിച്ചേർന്നു.

“അപരിഷ്കൃതമെന്നു് നാം വിശേഷിപ്പിക്കുന്ന നൂററാണ്ടുകൾ മാനുഷികമൂല്യങ്ങളുടെ വിളനിലങ്ങളായിരുന്നു” എന്നു് അദ്ദേഹം ഉത്ഘാടനവേളയിൽ പറഞ്ഞു. പ്രാചീന മാനവിക സങ്കൽപങ്ങളും ചിന്തകളും ആധുനിക തലമുറയ്ക്ക് മാർഗദർശിയായി മാറേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി. അവയുടെ മൂല്യസത്ത ഉൾക്കൊള്ളുവാൻ അദ്ദേഹം യുവതലമുറയോട് ആഹ്വാനം ചെയ്തു.

ആശംസകളുമായി സെന്റ് ആൽബർട്ട്സ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. സി. ബി. പീററും (അദ്ദേഹം ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികളർപ്പിക്കുന്നു) പ്രിൻസിപ്പാൾ ഡോ. ഡാൻതോട്ടക്കരയും വേദിയിലെത്തിയിരുന്നു;

“നിങ്ങൾക്കൊക്കെ ശാകുന്തളം മതി” എന്ന ഹാസ്യനാടകം തേവര തിരുഹൃദയ കലാലയത്തിലെ കൂട്ടുകാരെ ആഹ്ലാദഭരിതരാക്കി. കൊച്ചിൻ ടിപ്പ്ടോപ്പിന്റെ കലാകാരൻമാർ കലാലയവേദി പങ്കിട്ടപ്പോൾ അക്ഷരാർത്ഥത്തിൽ വിദ്യാർത്ഥികൾ മറെറാരു ലോകത്തേക്കാനയിക്കപ്പെട്ടു-

തുടർന്ന് മൂന്നുദിവസം നീണ്ടുനിന്ന കലാമത്സരങ്ങളിൽ തിരുഹൃദയത്തിന്റെ കുരുന്നുകൾ തങ്ങളുടെ കഴിവുകൾ മാററുരച്ചു. സൗഹൃദത്തിന്റെയും, സ്നേഹത്തിന്റെയും അന്തരീക്ഷത്തിൽ അരങ്ങുതകർത്ത പ്രതിഭകളുടെ കലാപ്രകടനങ്ങൾ മികവുററവയായിരുന്നു. ഈ മത്സരങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കലാകാരൻമാരും, കലാകാരികളും സർവ്വകലാശാലാ യുവജനോത്സവത്തിൽ നമ്മുടെ കോളേജിനെ പ്രതിനിധീകരിക്കുവാൻ അർഹരായി.

എന്നാൽ മുൻവർഷം സർവ്വകലാശാലതലത്തിൽ നമുക്ക് നേടുവാൻ കഴിഞ്ഞ നല്ല സ്ഥാനം നിലനിർത്തുവാൻ കഴിഞ്ഞില്ല. എങ്കിൽപോലും സർവ്വകലാശാലാ തലത്തിൽ മികവുള്ള പരിപാടികൾ പ്രദർശിപ്പിക്കുവാൻ നമ്മുടെ പ്രതിഭകൾക്കു കഴിഞ്ഞു എന്നത് അഭിമാനകരമാണു്.

## അസോസിയേഷൻ ഉൽഘാടനങ്ങൾ

വിവിധ അസോസിയേഷനുകളുടെ ഉത്ഘാടനങ്ങൾ അസോസിയേഷൻ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ നടന്നു. അസോസിയേഷനുകളുടെ ഉത്ഘാടനത്തിനും അവയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്കും സഹകരണവും, പങ്കാളിത്തവും നൽകുവാൻ കോളേജ് യൂണിയനു കഴിഞ്ഞു. വിവിധ അസോസിയേഷനുകൾ നടത്തിയ ശാസ്ത്ര, സാഹിത്യ സെമിനാറുകൾ വിദ്യാർത്ഥികളുടെ പ്രത്യേക താൽപര്യം പിടിച്ചു പററുന്നവയായിരുന്നു.

ഈ കാലഘട്ടത്തിലെ ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണ് 'തൊഴിലില്ലായ്മ' ഇന്ത്യൻ യുവാക്കൾ നേരിടുന്ന ഈ പ്രതിസന്ധി ദുരീകരിക്കുവാൻ ഉന്നതവിദ്യാഭ്യാസം നൽകിയതുകൊണ്ടുമാത്രം പരിഹാരമാവുകയില്ല എന്നതായിരുന്നു യൂണിയന്റെ നിഗമനം. ദേശീയ, അന്തർദേശീയ തലത്തിൽ നടത്തപ്പെടുന്ന മത്സരങ്ങളിൽ പലപ്പോഴും കേരളത്തിലെ വിദ്യാർത്ഥികൾ പിന്നോക്കം പോകുന്നത് ഇന്റർവ്യൂകളിലും മററ് പരീക്ഷകളിലും അവരുടെ പ്രകടനം താഴ്ന്ന നിലവാരത്തിലുള്ളവ ആയതുകൊണ്ടാണ്. നമ്മുടെ കലാലയത്തിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി ശ്രീ. ടി. എം. മരങ്കോളിയുടെ

How to face an Interview?
How to apply for a job?

എന്ന പ്രഭാഷണം സംഘടിപ്പിക്കുവാൻ ഈ യൂണിയനുകഴിഞ്ഞു. വളരെ വിജ്ഞാനപ്രദമായ, അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ഭൂരിഭാഗം വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടും എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ഓരോ ഭാരതീയന്റെയും മനസ്സിലുള്ള സങ്കൽപമാണ് "കുടുംബം" എന്നത്. നമ്മുടെ സമൂഹത്തിൽ ഏററവും പ്രാധാന്യമർഹിക്കുന്നതും, മനുഷ്യനെ തെററിൽനിന്നും ഒരു പരിധിവരെ അകററുന്നതും ഈ സങ്കൽപമാണ്. എന്നാൽ പാശ്ചാത്യ സംസ്കാരം അമിതമായി നമ്മെ സ്വാധീനിച്ചതിനാൽ ഈ സങ്കൽപത്തിന് പഴയ പ്രാധാന്യം നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിലെ യുവതലമുറ കുടുംബബന്ധങ്ങൾക്ക് സാമൂഹ്യമായി വിലകൽപിക്കുന്നു എങ്കിൽ പോലും ആ സങ്കൽപത്തിന്റെ പൂർണ്ണമായ മൂർത്തീകരണത്തെക്കുറിച്ച് ബോധവാൻമാരാണോ എന്ന് സംശയിക്കണം.

ഈ സങ്കൽപത്തെക്കുറിച്ചും, അത് മനുഷ്യനിലുയർത്തുന്ന ചൈതന്യത്തെക്കുറിച്ചും, പരസ്പര ബന്ധങ്ങളെക്കുറിച്ചും വിജ്ഞാന പ്രദമായ ഒരു സെമിനാർ സംഘടിപ്പിക്കുവാൻ ഈ യൂണിയനു കഴിഞ്ഞു. ഈ കാലഘട്ടത്തിലെ ഏററവും പ്രസക്തമായ ഈ വിഷയത്തെക്കുറിച്ച് റവ. ഫാദർ ഡോ. ഡാൻതോട്ടക്കര, പ്രൊഫ. മിസിസ്സ് പി. എം. ചാക്കോ, റവ. ഫാദർ ഡോ. ജോസഫ് എന്നിവർ ക്ലാസ്സെടുത്തു. ആധുനികതയുടെ പേരിൽ കുടുംബ സംവിധാനങ്ങൾ തകർന്നാൽ നൂററാണ്ടുകളായി നാം സംരക്ഷിച്ചുവന്ന ഭാരത സംസ്കാരം നമുക്കു നഷ്ടപ്പെടുമെന്ന് അവർ സൂചിപ്പിച്ചു. ഭാരതത്തിന്റെ പുരോഗതിയ്ക്കും, സാമൂഹ്യ ഉയർച്ചയ്ക്കും നിദാനമായ ഈ വിഷയത്തെക്കുറിച്ചുള്ള സെമിനാർ ഈ യൂണിയന്റെ മുതൽക്കൂട്ടായി കരുതാം.

നാടെങ്ങും ഉൻമേഷത്തിന്റെയും, ആഹ്ലാദത്തിന്റെയും പൂത്തിരികൾ സമ്മാനിക്കുന്ന പൊന്നിൻ ചിങ്ങമാസത്തിലെ പൊന്നോണം ഐശ്വര്യത്തിന്റെയും, സുഭിക്ഷതയുടെയും പ്രതീകമായി കേരളീയർ ആചരിക്കുന്നു. മാവേലി തമ്പുരാന്റെ ഐശ്വര്യപൂർണ്ണമായ നാളുകൾ അയവിറക്കുന്ന ഈ ഉൽസവം വർണ്ണശബളമായ പൂക്കളമൊരുക്കി മലയാളികൾ കൊണ്ടാടുന്നു. ഈ വേളയിൽ നമ്മുടെ സഹോദരീ സഹോദരൻമാർക്കായി ഒരു പൂക്കള മത്സരം സംഘടിപ്പിക്കുവാൻ ഈ യൂണിയനു കഴിഞ്ഞു. ഡ്രൈഫ്ളവർ, ഫ്രെഷ്ഫ്ളവർ എന്നീ ഇനങ്ങളിൽ പുഷ്പങ്ങളെ തരംതിരിച്ച് മത്സരം നടന്നു. കൂട്ടായ സഹകരണവും, ഭാവനയും ഈ മത്സരത്തെ പൂർണ്ണമായും അർത്ഥവത്താക്കി.

കോളേജ് യൂണിയന്റെ എടുത്തുപറയാവുന്ന നേട്ടങ്ങളിലൊന്നായിരുന്നു അന്തർദേശീയ പ്രശസ്തിയാർജ്ജിച്ച കുച്ചിപ്പുഡി നർത്തകി ശോഭാ നായിഡുവിന്റെ കുച്ചിപ്പുഡി ഡെമോൺസ്ട്രേഷൻ. ഭാവനാസമ്പന്നതയുടെ വിഭിന്നമേഖലകളിലൂടെ അവർ സഹൃദയരെ ആസ്വാദനത്തിന്റെ ഉത്തുംഗ ശൃംഗങ്ങളിലേക്ക് നയിച്ചു. ലാസ്യവിലാസങ്ങളുടെ ഭാവഭേദങ്ങൾ നൃത്തത്തിനു ആനനത്തിന്റെ നവ്യചാരുത പകർന്നു.

കോളേജ് യൂണിയൻ പ്രവർത്തനങ്ങൾക്കുള്ള പരിമിതിയും വിലപ്പെട്ടതുമായ പ്രവൃത്തിദിവസങ്ങളിൽ ഏറിയ പങ്കും അപഹരിച്ചു എന്നായിരുന്നു യു. ജി. സി. സമരം. സമരത്തിന്റെ ന്യായാന്യായതകളിലേക്ക് ഞങ്ങൾ ഇവിടെ കടക്കുന്നില്ല. പക്ഷെ പരീക്ഷയോടടുത്ത സമയത്ത് വിദ്യാർത്ഥികളുടെ വിലപ്പെട്ട അദ്ധ്യയനദിനങ്ങളും യൂണിയൻ പ്രവർത്തനങ്ങൾ ഏററവും ഊർജ്ജിതമായി നടക്കേണ്ട അവസരങ്ങളും അദ്ധ്യാപകരുടെ യു. ജി. സി. സമരംമൂലം നഷ്ടപ്പെട്ടുവെന്നത് വാസ്തവമാണ്. യു. ജി. സി. സമരത്തിനുശേഷം സമയക്കുറവുമൂലം കോളേജ് ദിനാഘോഷവും യൂണിയൻ ദിനാഘോഷവും ഒരുമിച്ച് നടത്തുവാൻ ഞങ്ങൾ നിർബന്ധിതരായി. എങ്കിലും വർണ്ണശബളമായ പരിപാടികളിലൂടെ വിദ്യാർത്ഥികളുടെ മനസ്സിൽ എന്നെന്നും ഓർത്തിരിക്കാവുന്ന തരത്തിൽ കോളേജ് യൂണിയൻ ദിനാഘോഷം ഉജ്ജ്വലമാക്കിത്തീർക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞുവെന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ് മാർച്ച് മാസം ഇരുപത്തി മൂന്നാം തീയതി റവ: ഡോ: എ. കെ. പിറപ്പനത്ത് (സിൻഡിക്കേററ് മെമ്പർ, പ്രൊഫസർ ഓഫ് ഗാന്ധിയൻ സ്റ്റഡീസ്, മഹാത്മാഗാന്ധി യൂണിവേഴ്സിററി) കോളേജ് യൂണിയൻ ദിനാഘോഷങ്ങളുടെ ഉത്ഘാടനം നിർവഹിച്ചു. സംഗീതാത്മകമായ, ഉത്സവഛായ പകർന്ന ദിനാഘോഷങ്ങളുടെ അവസാനം കോളേജിലെ അനദ്ധ്യാപക ജീവനക്കാർ അവതരിപ്പിച്ച 'അളിയൻ വന്നപ്പോൾ' എന്ന അതിരസകരമായ ഹാസ്യനാടകവും അവതരിപ്പിക്കപ്പെട്ടു.

ഈ യൂണിയന്റെ എടുത്തുപറയാവുന്ന ചില നേട്ടങ്ങൾ മാത്രമാണ് ഇവിടെ സൂചിപ്പിച്ചത്. കലാലയത്തിന്റെ അന്തസ്സും, സമാധാനപരമായ അദ്ധ്യയന വർഷവും കാത്തുസൂക്ഷിക്കുന്നതിൽ ഈ യൂണിയൻ വിജയം കൈവരിച്ചു. നിരവധി പ്രശ്നങ്ങൾ, പരിധിയ്ക്കപ്പുറത്തു നിന്നുള്ള തടസ്സങ്ങൾ പലപ്പോഴും യൂണിയൻ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചിട്ടുണ്ട് എങ്കിൽപോലും, ഉടനടി പരിഹാരങ്ങൾ കണ്ടുപിടിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഈ യൂണിയനിലെ മുഴുവൻ അംഗങ്ങളും ആത്മാർത്ഥമായി ശ്രമിച്ചു.

അദ്ധ്യാപക-വിദ്യാർത്ഥി ബന്ധങ്ങളിൽ പുതിയൊരദ്ധ്യായം കുറിക്കുവാൻ ഈ യൂണിയനു കഴിഞ്ഞു. സമാധാന പരമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുവാനും, പുറമെ നിന്നുള്ള പ്രശ്നങ്ങളിൽ വിദ്യാർത്ഥികൾക്ക് പൂർണ്ണമായ സംരക്ഷണം നൽകുവാനും യൂണിയനു കഴിഞ്ഞു.

യൂണിയൻ പ്രവർത്തനങ്ങൾ സുഗമമായും കാര്യക്ഷമവുമാക്കി തീർക്കുന്നതിന് വിലപ്പെട്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകി യൂണിയനിലെ ഒരംഗത്തെപ്പോലെ ഞങ്ങളോട് സഹകരിച്ച ബഹു. പ്രിൻസിപ്പൽ ഡോ. ഡാൻ തോട്ടക്കരയോട് ഞങ്ങൾക്ക് നിസ്സീമമായ നന്ദിയുണ്ട്. യൂണിയന്റെ മാർഗ്ഗദർശിയും, സഹായിയുമായിരുന്ന സിറിയക് സാറിനോടും ഞങ്ങൾ നന്ദിരേഖപ്പെടുത്തുന്നു.

ഈ യൂണിയന്റെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാൻ സഹായിച്ച അദ്ധ്യാപകരോടും, അനദ്ധ്യാപകരോടും, ഞങ്ങളെ സാരഥ്യമേൽപ്പിച്ച മുഴുവൻ സഹോദരീ സഹോദരന്മാരോടും ഒരിക്കൽ കൂടി ജനറൽ സെക്രട്ടറി എന്ന നിലയിൽ യൂണിയന്റെ കൃതജ്ഞത ഞാൻ രേഖപ്പെടുത്തുന്നു.

ജനറൽ സെക്രട്ടറി

## രാജേഷ് ആൻറണി



സ്വപ്നങ്ങൾ നഷ്ടപ്പെടുന്നതിങ്ങിനെയാണു്
കഴിഞ്ഞ അദ്ധ്യയനവർഷം രാജേഷ്
നമ്മോട് വിടപറഞ്ഞു.
മരണത്തിന്റെ നീലിച്ച കയങ്ങളിലേക്കു്
ഒരു പുമ്പാററയെപ്പോലെ അവൻ
പറന്നുപോയി
മരിച്ചവരുടെ ആത്മാക്കൾ തുമ്പികളായി
പാറിനടക്കുന്ന ദൈവസന്നിധിയിൽ,
സുഹൃത്തേ നിനക്കു് നിത്യശാന്തിനേരട്ടെ......

COLLEGE UNIO



| | | |
|---|---|---|
| Chairman | — | BIJU JOB |
| Vice Chairman | — | SWAPNA. P. A. |
| Gen. Secretary | — | JYOGY K. THOMAS |
| U. U. C. | — | HARI KUMAR T. |
| U. U. C. | — | JOMI JOSEPH |
| Editor | — | SABU CYRIAC V. |
| Arts Club Secretary | — | JOHN A. G. |



# REPRESENTATIVES



Lady Representatives

RISMA THOMAS
MEERA R. NATH

Class Representatives

SAJEEV K. S. Ist P D C
ELVI SRAKESH FULLER IInd P D C
MINHAJ-UDDIN K. Ist D C
SANKAR P. IInd D C
JAYESH V. IIIrd D C
RAMESAN B. B. Ist P G
SABU THOMAS IInd P G









## യൂണിയൻ ഉൽഘാടനം





ചെയർമാൻ സത്യപ്രതിജ്ഞ ചെയ്യുന്നു.



ശ്രീ. സി. ബാലഹരിഹരൻ, ചെയർമാൻ,
കൊച്ചിൻ ചേംബർ ഓഫ് കോമേഴ്സ്



സ്വാഗതം : ജോമി ജോസഫ്. കെ
നന്ദി ഹരികുമാർ. ടി.

## യൂണിയൻ ഉത്ഘാടനം : ആശംസകൾ




ബാലഹരിഹരൻ, എൻ. ആർ. മേനോൻ



## പി. ടി. എ. അവാർഡ്ദിനം

മുഖ്യാതിഥി



ശ്രീ. സേവ്യർ സെബാസ്റ്റിൻ
മാനേജിംഗ് ഡയറക്ടർ
കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ്



ഡോ: പി. വി. ചെറിയാൻ
പി. ടി. എ. വൈസ് പ്രസിഡന്റ്

## ആർട്ട്സ് ക്ലബ്ബ് ഉത്ഘാടനം



സ്വാഗതം : ശങ്കർ പി.

ഉത്ഘാടനം : എം. വി. മാധവൻ നായർ

കേരള ഹിസ്റ്റോറിക്കൽ മ്യൂസിയം








പ്രശസ്ത കുച്ചിപ്പുഡി നർത്തകി ശോഭാനായിഡുവിന്റെ കുച്ചിപ്പുഡി ഡെമോൺസ്ട്രേഷൻ





ദേവദാസ് പാടുന്നു





സതീഷ് ഭട്ട്, ഒന്നാംസ്ഥാനം, ലളിതസംഗീതം ദക്ഷിണമേഖല അന്തർസർവ്വകലാശാല യുവജനോത്സവം മൈസൂർ '89

ഒന്നാംസ്ഥാനം അഖിലേന്ത്യാ അന്തർസർവ്വകലാശാലാ യുവജനോത്സവം റൂർക്കി, ഉത്തർപ്രദേശ് '90

തഹ്സീൻ, ഒന്നാംസ്ഥാനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂത്ത്ഫെസ്റ്റിവൽ '90

## ആർട്ട്സ് ക്ലബ്ബ് ദിനം



കൊച്ചിൻ ടിപ്‌ടോപ്പിന്റെ
ഹാസ്യനാടകം
''നിങ്ങൾക്കൊക്കെ
ശാകുന്തളം മതി''



കോളേജ് വിദ്യാർത്ഥികൾ
അവതരിപ്പിച്ച മിമിക്രി

## യൂണിയൻ ദിനാഘോഷം



മുഖ്യാതിഥി : റവ: ഫാ: ഡോ: ചിറപ്പണത്ത് (സിൻഡിക്കേറ്റ് മെമ്പർ പ്രൊഫ: ഓഫ് ഗാന്ധിയൻ സ്റ്റഡീസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി)

ആശംസ : റവ: ഫാ: ഡോ: ജോൺ തോട്ടക്കര

കൃതജ്ഞത : സാബു സിറിയക്



ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്





## UNIVERSITY WINNERS



SALIM K. A. — Represented Basket ball & Hand ball Captain of college team &M. G.U

VIJAYAKUMAR P. G. — Represented National Ball Badminton, Championship, M. G. University

SAJI JOSEPH M. B. — Represented Basket ball team M. G. University

KRISHNAKUMAR — Ball badminton University team



AJAY S. THAMPI — M. G. University Cricket

VINU & HORMISE — University Basket ball team Junior State

ANTONY C. P. — Junior State Team, Table Tennis — Represented Senior State Team, M. G. University

College Ball Badminton team





College Basket ball team

ഇക്കണോമിക്സിലെ പ്രൊഫ: ജോർജ്ജ് തോമസിനും
മുൻപ്രിൻസിപ്പാൾ, കെമിസ്ട്രിയിലെ
റവ: ഫാ: ജോർജ്ജ് കല്ലറയ്ക്കലിനും
ഊഷ്മളമായ യാത്രയയപ്പ്







കെമിസ്ട്രിയിലെ അററൻഡർ ഈശോച്ചേട്ടനും
ബഹുമാന്യനായ മാനേജർ
റവ: ഫാ: അക്വിനാസച്ചനും
ഹൃദയംഗമായ യാത്രാമൊഴി

മനോജ്, ഡൽഹിയിൽ
നടന്ന മോഡൽ
പാർലമെന്റിൽ പങ്കെടുത്ത്
വിജയിച്ച കോളജ് ടീമംഗം








ജീവൻ ജെ. എം., ഒന്നാം സമ്മാനം,
പ്രസംഗമത്സരം
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.
അജിത് കെ. ടി.
റാങ്ക്
പ്രീഡിഗ്രി കോമേഴ്സ് ഗ്രൂപ്പ്



ഫുട്ബോൾ ക്യാപ്റ്റൻ
സജി കെ. ജി.



ബാഡ്മിന്റൺ ക്യാപ്റ്റൻ വിജയകുമാർ പി. ജി.
റിട്ട: പ്രൊ: പി. ഒ. ദേവസ്സിയിൽനിന്നും
ബർത്തലോമിയോ ട്രോഫി ഏററുവാങ്ങുന്നു.

# Silver Jubilee Celebrations of the Department of Sociology
## A REPORT



The Department of Sociology of our College completed twenty-five years of remarkable service in 1989. It was an occasion of great joy and satisfaction to the staff and students of the department and it was celebrated in a fitting manner in the month of November.

The Department of Sociology was started in 1964 by Rev. Fr. Joseph Legouri CMI, a man with fervour and farsight. It was the first of its kind in the University of Kerala. Ever since its beginning, the department has been growing both qualitatively and quantitatively. Though begun with a handful of students, the department has now grown into a full-fledged one so much so that the University has already recommended to the Government to up. grade it to the post-graduate level without further delay. It is heartening that during the last 25 years several students of the department have reached high positions in various social and political fields asign of its academic excellence and social relevance. The activities of the department were never confined to training students for University exams; they were always wide and varying including extension lectures on topical subjects, seminars on current themes and problems, social exposure programmes, study tours, use of the electronic media to deepen the social consciousness of the students etc. All these were made possible by the sincere cooperation of the various Principals who headed the college from time to time and the able leadership of Prof. C. K. Nalina Babu and Prof. Varghese Erattupuzha, two veteran teachers who retired from the department in 1988 and 1989.

The three days Silver Jubilee celebrations were inaugurated on November 16, 1989 by the Principal Dr. Dan Thottakkara. A one day seminar on 'Leadership for social change' by Prof. T. O. Poulose and Mr. Francis of Rajagiri College of Social Services Kalamassery and a study cum social exposure tour to the Children's Rehabilation Home Cochin, were the major academic programmes of the jubilee celebrations. On 18th November the celebrations were concluded with a public meeting in the college auditorium. Dr. Jose Kuriedath the Head of Department welcomed the gathering. Prof. V. J. Pappu, Registrar, Cochin University delivered the Jubilee message, Prof. K. A. Balakrishnan Rtd. Professor of Social Work, Prof. Varghese Erattupuzha, and Mr. Sabu Cyriac a representative of the College Union, made felicitation speeches.

The first two awards of the merit scholarships instituted during the jubilee year in honour of the Meritorious services of Prof. Nalina Babu and Prof. Varghese Erattupuzha were given away to Miss Pravitha M. and Miss Susan K. Paul on this occasion.

With a collective zeal inspired by the records of a quarter of a century and renewed by the jubilee celebrations, the staff and students of the department of sociology are marching ahead on the path towards brighter excellence and higher goals as we enter the threshold of the third Millennium.

## Sociology Association Report 1989-90

The year 1989 happened to be the 25th year of the inclusion of sociology department in our college. A three day programme was arranged by the staff and students of our department in the college as a part of the Silver Jubilee celebrations. On November 16th the Principal Rev: Dr. Dan Thottakkara inaugurated the association as well as the Silver Jubilee celebrations, Mr. T. O. Poulose and Mr. K: S. Francis of the Rajagiri College of Social Sciences lead a seminar on the subject 'Leadership': The next day a public function was arranged at the college auditorium which was presided over by Dr. V. J. Pappu, Vice-chancellor of Cochin University, Prof. K. Balakrishnan former member of the staff spoke on the occassion. The function was followed by a cultural programme arranged by the

students. In the afternoon a work shop was held focussing on the 'Changing Status of Women in India'. A slide show and group discussion was also arranged to arouse the awareness of the topic among the students. On November 18th, the 'Sociology Family' of our college went on a Social Exposure programme to Bolgatty and later in the afternoon went to the Palluruthy Snehabhavan and shared a few moments of our life with the inmates there. Various seminars and debates were conducted throughout the year on the related aspects of our subject as well as ethics.

BIJI MATHEW
II DC Sociology

## Economics Association Report 1989-90

The Economics Association 89-90 was formally inaugurated by Prof K. Aravindakshan, Head of Economics Dept., Maharaja's College, on 12th January, 1990. Principal, Father Dan Thottakkara presided over the function and later addressed the gathering. Various entertainment programmes were presented by the members of the association. Quiz programme was conducted under the auspices of the Association. Prof: T. T: Joseph was the Quiz Master: Paul Jose and Reuken of the Economics Dept. were the winners of the Quiz programme in which members of all the associations took part.

Secretary
PRASANNA MENON
IIIrd B: A.

## Botany Association Report 1989-90

I am bestowed with the nostalgic duty of writing the association secretary's report. Let me drag your attention to the day on which the association inauguration commenced. The day was 6th December 1989. Prof. P. Venugopal, Head of Dept. of Botany, Maharaja's College inaugurated the association. Prof. M. M. Appachan Head of the Dept. of Botany, welcomed the gathering and Secretary thanked the gathering. Our Principal Dr. Dan Thottakkara delivered the presidential address. Various entertainments, presented by the members made the function colourful.

Secretary
K. J. ISSAC

## Zoology Association Report 1989-90

The inauguration of the Zoology Association was held on 6th December 1989. P. A. Panikar, Principal Scientist, C. I. F. T. inaugurated the association. Prof. K. S. Francis presided over the function. He spoke on this occasion about "Economic Zoology". Our Principal Rev. Father Dan Thottakkara also addressed the students. Activities of the association included re-opening of the museum. Various entertainments were presented by the members and a documentary film on underwater life was shown at 1 p. m. Secretary gave the vote of thanks.

Secretary
LYNSON FONSECA
III BSc.

## Mathematics Association Report 1989-90

The Mathematics association was inaugurated on Tuesday 5th Dec. 1989 by Prof: Rema Iyer formerly of S. H. College Thevara: Afterwards, Prof: Rema Iyer also gave a brief but informative talk on "The use of mathematics in higher learning". The function was presided over by Fr. John, our Head of the Department. Our Principal Rev. Fr. Dan Thottakara and Prof. P. O. Devassy also graced the occassion. Various entertainment programmes were presented later.

Secretary
VINOD MATHEW
II BSc.

## Physics Association Report 1989-90

Our Association was inaugurated by Prof. Thomas, Maharaja's College, Ernakulam. Our departmental head presided over the function. All our respected teachers from the department were kind enough to be present to make the function a grand success. Various entertainment programmes were presented by members.

Secretary
GOPALAKRISHNAN
III BSc. Physics

# AICUF

# റിപ്പോർട്ട്

ഐക്കഫ് പ്രവർത്തനങ്ങളുടെ ഔപചാരികോദ്ഘാടനം ശ്രീ. എം. എസ്. ഫ്രാൻസീസ് നിർവ്വഹിച്ചു. വൈസ് പ്രിൻസിപ്പാളിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ AICUF ചാപ്ലിൻ ഫാ. എബ്രഹാം കല്ലറക്കൽ 'വിദ്യാർത്ഥികളുടെ സമഗ്രവികസനം' എന്ന ലക്ഷ്യത്തിലൂന്നിയുള്ള പ്രവർത്തന രൂപരേഖ അവതരിപ്പിച്ചു. തിങ്കളാഴ്ചതോറും പ്രാർത്ഥനാ സമ്മേളനങ്ങളും, പ്രാർത്ഥനാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ക്രിസ്മസ്സ് ആഘോഷവും നടന്നു. നേതൃത്വശേഷി വളർത്തുന്നതിന് പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചു. ക്യാൻസർ വാർഡിന് 250 രൂപ സംഭാവനനൽകി. ഫാ. ഫ്രാൻസീസ് കരിപ്പേരി ഫാ. ഡോൻ തോട്ടക്കര തുടങ്ങിയവരെ പങ്കെടുപ്പിച്ച് അഞ്ചുദിവസങ്ങളിലായി ക്ലാസ്സുകൾ സംഘടിപ്പിച്ചു. എറണാകുളത്തു നടന്ന ത്രിദിന ലീഡർഷിപ്പ് ക്യാമ്പിലും തൃശ്ശൂരിൽ വച്ചുനടന്ന കാമ്പസ് മീററ് പരിപാടിയിലും ഇരുപത്തഞ്ചോളം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു. AICUF യൂണിററ് സംഘടിപ്പിച്ച ഡിബേററിൽ എറണാകുളം സെൻറ് തെരേസാസ് കോളേജ് ഒന്നാം സ്ഥാനവും നമ്മുടെ കോളേജ് രണ്ടാം സ്ഥാനവും നേടി.

സെക്രട്ടറി

സുമ എബ്രഹാം

IInd Bsc Chemistry

# നാഷണൽ സർവ്വീസ് സ്കീം 1989-90

തിരുഹൃദയ കലാലയത്തിലെ എൻ. എസ്. എസ്. യൂണിററിന്റെ പ്രവർത്തനങ്ങൾക്ക് പ്രശസ്ത സാമൂഹ്യസേവകനായ ശ്രീ. സർവ്വോദയം കുര്യൻ ഭദ്രദീപം കൊളുത്തി. യോഗത്തിൽ പ്രിൻസിപ്പൽ ഡോ: ഡോൻ തോട്ടക്കര അദ്ധ്യക്ഷത വഹിച്ചു.

എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതായജ്ഞം വിജയമാക്കുന്നതിന് N.S.S. പ്രവർത്തകർ ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾക്ക് പ്രോഗ്രാം ഓഫീസേഴ്സ് നേതൃത്വം നൽകി.

1989 വർഷത്തെ ത്രിദിന ക്യാമ്പ് തേവര കോളേജ് കേന്ദ്രമാക്കി പ്രവർത്തനം തുടങ്ങി. N. S. S പ്രവർത്തകരെ കർമ്മോന്മുഖരാക്കാൻ സഹായിച്ച ഈ ക്യാമ്പിന് പ്രിൻസിപ്പാൾ റവ: ഡാൻ തോട്ടക്കര, പ്രൊഫ: ടോം വർഗ്ഗീസ്, ശ്രീ. P. I. ഫ്രാൻസിസ് (രാജഗിരി കോളേജ്) തുടങ്ങിയ അദ്ധ്യാപകർ നേതൃത്വം നൽകി.



തലാത്ത് മുഹമ്മദ്
(ബെസ്റ്റ് വർക്കർ)

മദ്യത്തിനും മയക്കുമരുന്നിനുമെതിരെ വിദ്യാർത്ഥികളെയും സമൂഹത്തെയും ബോധവാന്മാരാക്കുവാൻ ഡെംസ് എന്ന വിദ്യാർത്ഥി സംഘടന നടത്തിയ സൈക്കിൾ റാലിയിൽ എൻ. എസ്. എസ്. പ്രവർത്തകർ പങ്കെടുത്തു. ആലുവ യു. സി. കോളേജിൽനിന്നും ആരംഭിച്ച റാലി അനേകം കോളേജുകളിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് എറണാകുളം മഹാരാജാസ് കോളേജിൽ സമാപിച്ചു.

കോട്ടയത്തു നടന്ന ദശദിന ജനബോധന യജ്ഞത്തിൽ പങ്കാളികളാകാൻ നമ്മുടെ കലാലയത്തിന് അവസരം ലഭിച്ചത് തികച്ചും അഭിമാനിക്കത്തക്ക കാര്യമാണ്. 8.9.1989 വെള്ളിയാഴ്ച ഗാന്ധിജി യൂണിവേഴ്സിറ്റി വൈസ് ചാൻസ്‌ലർ യു. ആർ. അനന്തമൂർത്തി ഉദ്ഘാടനം ചെയ്ത ക്യാമ്പ് സ്തുത്യർഹമായ പ്രവർത്തനങ്ങളോടെ സമാപിച്ചു.



സലിം ഇ. എ.
(ബെസ്റ്റ് ക്യാമ്പർ)

കാൺപൂർ യൂണിവേഴ്സിറ്റി സംഘടിപ്പിച്ച ദശദിന ദേശീയോദ്ഗ്രഥന ക്യാമ്പിൽ മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിക്കാൻ നമ്മുടെ എൻ. എസ്. എസ് യൂണിറ്റിലെ മൂന്നു പ്രവർത്തകർക്ക് അവസരം ലഭിച്ചു. സെപ്റ്റംബർ 23-ാം തീയതിയാണ് ക്യാമ്പ് ആരംഭിച്ചത്.

ഗാന്ധി പീസ് ഫൗണ്ടേഷൻ 1989 ഒക്ടോബർ മാസം കോട്ടയത്തു വച്ചു സംഘടിപ്പിച്ച ഇൻറർനാഷണൽ കോൺഫ്രൻസിൽ നമ്മുടെ യൂണിറ്റിൽ നിന്നും പ്രവർത്തകർ പങ്കെടുത്തിട്ടുണ്ട്.

ഗാന്ധിപീസ് ഫൗണ്ടേഷനും എം. ജി. യൂണിവേഴ്സിറ്റിയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഗാന്ധിദർശൻ ക്യാമ്പിലും നമ്മുടെ യൂണിറ്റിലെ പ്രവർത്തകർ പങ്കെടുത്തിട്ടുണ്ട്.

N. S. S ന്റെയും N.C.C യുടെയും സംയുക്താഭിമുഖ്യത്തിൽ വർണ്ണശബളമായ റിപ്പബ്ലിക് ദിനാഘോഷങ്ങൾ നടന്നു. അന്നേ ദിവസം എറണാകുളം മഹാരാജാസ് കോളേജിലെ ഫിലോസഫി വിഭാഗം പ്രൊഫസർ രാധാകൃഷ്ണൻ വിവേകാനന്ദന്റെ തത്വചിന്തകളെ കുറിച്ച് ക്ലാസ് എടുത്തു.



സുജ ആർ.
(ബെസ്റ്റ് ലേഡി വർക്കർ)



ആനന്ദ് കെ.
(ബെസ്റ്റ് എൻറർട്ടെയ്നർ)

N. S. S. യൂണിററിൻെറ ആഭിമുഖ്യത്തിൽ ഉപന്യാസ മത്സരം നടത്തുകയുണ്ടായി

തേവര എസ്. എച്ച്. കോളേജിൻെറ N S S യൂണിററിൻെറ ഈ വർഷത്തെ മാഗസിൻ 'ഗാഥ-90' യുടെ പ്രകാശനം പ്രമുഖ ഗാന്ധിയനും സാമൂഹ്യ പ്രവർത്തകനുമായ P. N. B നായർ ഉൽഘാടനം നിർവ്വഹിച്ചു. പ്രിൻസിപ്പാൾ റവ: ഡാൻ തോട്ടക്കര ആശംസാപ്രസംഗം നടത്തി. മാഗസിൻ എഡിററർ എ. ആർ. സുധീർ നന്ദിപറഞ്ഞു. നമ്മുടെ മാഗസിൻ 'ഗാഥ-90' മഹാത്മാഗാന്ധി യൂണിവേഴ്സിററി എൻ. എസ്. എസ്. യൂണിററ് സംഘടിപ്പിച്ച മത്സരത്തിൽ 3-ാം സ്ഥാനം കരസ്ഥമാക്കി എന്നത് തികച്ചും അഭിമാനിക്കാവുന്ന കാര്യമാണ്.

ഡ്രസ്സ് ബാങ്കിൻെറയും ബ്ലഡ് ബാങ്കിൻെറയും പ്രവത്തനം കൂടുതൽ കാര്യക്ഷമമായി നടത്തുകയുണ്ടായി.

വോളണ്ടിയർ സെക്രട്ടറിമാർ

ഉണ്ണികൃഷ്ണൻ കെ. വി.
ജോമോൻ കോയിക്കര
സാജി സി. വി.

## സ്റ്റഡൻസ് എഗൈൻസ്റ്റ് ഡ്രഗ്ഗ് അബ്യൂസ്

## (SADA)

1990 ജനവരി മാസത്തിലാണ് ഡ്രഗ്ഗ്സിനെതിരായി പ്രവർത്തിക്കുന്ന ഒരു സംഘടന ഈ കലാലയത്തിൽ രൂപം കൊണ്ടത്. SADA സംഘടിപ്പിച്ച പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം J. M. ജീവനും രണ്ടാം സ്ഥാനം സുനിൽ ബ്രഹ്മവും കരസ്ഥമാക്കി. മയക്കമരുന്നുകളുടെ നീരാളിപ്പിടുത്തത്തിൽ അകപ്പെടുന്ന യുവതലമുറയെ ബോധവൽകരിക്കുവാൻ വേണ്ടി നടത്തിയ ഈ മത്സരത്തിൽ ഒട്ടേറെ വിദ്യാർത്ഥികൾ പങ്കെടുത്തു. ഡ്രഗ്സിനെപ്പററി AICUF നടത്തിയ സെമിനാറിൽ SADA യിലെ അംഗങ്ങൾ ഒരു ഏകാങ്കനാടകം അവതരിപ്പിക്കുകയുണ്ടായി. കേവലം വിരലിലെണ്ണാവുന്ന പ്രവർത്തകരുമായി പ്രവർത്തനം ആരംഭിച്ച ഈ സംഘടനയ്ക്ക് ഈ കലാലയത്തിലെ ബഹ്ഭൂരിപക്ഷം വിദ്യാർത്ഥികളുടെയും പിൻതുണ നേടാൻ സാധിച്ചു എന്നതാണ് SADA യുടെ ഏററവും വലിയ നേട്ടം. റോബർട്ട് ഫ്രോസ്ററ് പറഞ്ഞതുപോലെ ഞങ്ങൾക്കിനിയും ഏറെയധികം ദൂരം മുന്നോട്ടുപോവാനുണ്ട്.

Sd/-

ചെയർമാൻ

## The Association of Commerce

Students was inaugurated on 17th of January '90 by Prof: Philip K. Thayyil, Retd. Principal of Law College Ernakulam, who gave us a very inspiring and informative address. The Secretary gave the welcome address. The gathering included Dr. Dan Thottakara, the staff and students of Cammerce Dept. Anish Babu Varghese gave the vote of thanks. The programme included variety entertainments by the students and was followed by a grand tea party.

Sd/-
Secretary

## Chemistry

The activities of this association started with the formal inauguration on 27th November 1989. The inauguration was done by Pro: A. J. Benjamin, Principal and former head of dept: of chemistry, St. Alberts College. The function was precided over by Prof. K. N. Aravindakshan, the head of dept: of chemistry, S.H. College. Inaugurator gave us an interesting speach about the applications of chemistry in our daily life. Our Principal Rev. Dr Dan Thottakkara gave felicitation and after all there were cultural programs of the students.

We conducted Quiz competitions and prizes were awarded to far the winners. We conducted an essay competition separately for Pre-degree as well as degree students. Above all we could release a manuscript magazine, Nucleus, by using the limited time we have got.

Asso: Secretary, THRISARAKUMAR T. T.
IInd B Sc. Chemistry

## N C C REPORT 1989-90

The N C C Army wing enrolled 60 cadets for the academic year 1989-90. Regular institutional training was conducted at the college in various topics of the syllabus such as Drill, Weapon training, Map-reading, First-Aid, Civil Defence etc. Most of the cadets attended the various camps, two of them, u/o Saravana P. & CPL Prasad N. P. attended the Army Attachment camp in Bangalore. Our cadets participated in the Independence Day, Republic Day, and NCC Day celebrations. A team of cadets participated in the various inter-unit competitions held at the Battalian HQS. 12 of our cadets have appeared for the B'Grade examination and 3 for the 'C' Grade examination. Sgt Ashok Kumar C. had passed "C" grade examination in the year 1988-89. On the whole, we had a fruitful year.

CPT. A. M. CHACKO
COY Commander

# N. C. C. (NAVY)

The activities of the Naval Wing of the National Cadet Corps (N.C.C.) during the academic year 1989-90 had been spread over a large area. Regarding the main aims of the N. C. C. like development of leadership, character, comradeship, spirit of sportsmanship and ideal of service, cadets were put into strenuous and interesting periods of training and adventure. The S. H. College subunit of Naval Wing N.C.C. had a full house of 40 cadets picked from a greater number. The cadets were given basic training to infuse in them self confidence and discipline. For the Independence day parade at the D. H. ground our subunit had sent a 20 cadet force to represent the 7 (K) Naval Contingent. In the preparatory camps conducted for the Republic day contingent selection, our cadets came out with flying colours. Various activites of the N.C.C. included parasaieing and parajumping in which our cadets performed extremely well. The sailing and boat-pulling teams of the 7 (K) Naval unit had 3 cadets each from our subunit, which is a clear indication of the potential and determination of the cadets of our subunit. The Republic day parade held at D. H. ground also contained a 23 cadet strong force from this subunit chosen to represent the 7 (K) Naval contingent.

Our cadets R. Suresh, Manojkumar B., Santhoshkumar and Arunkumar Singh passed their 'C' Certificate examination with flying colours.

The achievements of N.C.C. (Navy) mentioned above are only a few. We hope that N.C.C. (Navy) will continue as a storng force enabling students to make use of its resources for the best.

JAIHIND
Cadet Captain R. Suresh
Final B Sc Physics



## സമാധാന പ്രവാചകൻ

ദലയ്‌ലാമയ്ക്ക് സമാധാനത്തിനുള്ള നോബൽ സമ്മാനം, സംഘർഷത്തിന്റെ മഞ്ഞുമലകൾ നിറഞ്ഞ അതിർത്തി ദേശങ്ങളിൽ ആത്മീയ നേതാവിന്റെ മായിക പ്രഭയിൽ ലാമ ഒരനുഗ്രഹമായി, ഒരു ജനതയുടെ സഹിഷ്ണുതയുടെ പ്രതീകമായി നിലകൊള്ളുന്നു.

1990 has been declared as the year of the girl child. Is the government making any effort to bestow on the girl the right, denied her so far?



"One or two boys-but half a girl"- This could very well have been the jocking reply of an Indian woman in her early twenties to the question, "How many children would you like to have?"

# അംബേദ്കർ – ജന്മശതാബ്ദി



അധഃസ്ഥിതവിഭാഗങ്ങളുടെ
സമരനായകൻ,
ദൈവമക്കളുടെ സതീർത്ഥ്യൻ,
ഭരണഘടനാശില്പി,
സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ
രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ
ഭരണസാരഥ്യത്തിന്
നെഹ്രുവിനും പട്ടേലിനും രാജാജിയ്ക്കും
അംബേദ്കറുടെ സാന്നിദ്ധ്യം
ഏറെ വിലപ്പെട്ടതായിരുന്നു.
ഈ ജന്മശതാബ്ദി വർഷത്തിൽ
അംബേദ്കറുടെ സ്വപ്നങ്ങൾ
നമ്മുടെ യാഥാർത്ഥ്യങ്ങളാവാൻ
ദേശീയോദ്ഗ്രഥനവും അഖണ്ഡതയും
കാത്തുസൂക്ഷിക്കാൻ
നാം പ്രതിജ്ഞാബദ്ധരാണ്.

# ഇവിടെ നീ ചരിത്രമാവുന്നു*



തടവറയ്ക്കുള്ളിൽ
കറുകറുത്തൊരാൾ
നിറയുന്നു, കനൽ
മിഴിയുമായ്, വ്യഥാ
ഭരിതമാം കോടി
മനസ്സുകൾക്കൊരു
മധുരമായ്, ശോക-
മൊടുങ്ങും സാന്ത്വന
വചസ്സായ്, തീരാത്ത
സമരാവേശമായ്
തടവറയ്ക്കുള്ളിൽ
കറുകറുത്തൊരാൾ
നിറയുന്നു......
കറുത്തവർ, നിന്റെ
പ്രിയപ്പെട്ടോർ, കരൾ
കരികല്ലാക്കിയും
കടൽത്തിരപോലെ-
യിരമ്പിപ്പാടിയും
പടക്കളത്തിലേ-
ക്കിറങ്ങുന്നു നിന്റെ
സ്മൃതികൾ സാന്ത്വന-
ത്തെളി നീരാകുന്നു,
തെരുവുകൾ നിന്റെ
മഹത്വം വാഴ്ത്തുന്നു.
ഇവിടെ നെൽസൺ, നീ
ചരിത്രമാവുന്നു.

ജോസഫ് എം. എഫ്.
മൂന്നാം വർഷ ബി. എ
എക്കണോമിക്സ്.

---

*നെൽസൺ മണ്ടേല ജയിൽ വിമോചിതനാവുന്നതിനു മുൻപ് എഴുതപ്പെട്ടതാണ് ഈ കവിത.



## ശ്യാമസൂര്യാ വരിക

1984-ൽ, ഇടറാത്ത കണ്ഠത്തോടെ നനയാത്ത കണ്ണു
കളോടെ തൂക്കുമരത്തിലേക്ക് നീങ്ങുമ്പോൾ
ബെഞ്ചമിൻ മൊളോയ്സ് കവിതപാടി:

എന്നെപ്പറ്റി ഞാൻ അഭിമാനിക്കുന്നു.
എന്റെ കടമ ഞാൻ ചെയ്തുകഴിഞ്ഞു.
എന്റെ ചുടുചോര മഴയായി പൊഴിയും,
ഈ നാടുമുഴുവൻ !
ഈ തടവിൽനിന്ന് ഞാൻ വിടവാങ്ങുന്നു.
സഖാക്കളെ, സർവസ്വാതന്ത്ര്യത്തിന്റെ
പുലരിയിലേക്ക് ഞാൻ നടക്കട്ടെ.
സ്വാതന്ത്ര്യം ! സ്വാതന്ത്ര്യമേ,
എനിക്കാകെയുള്ള ഈകൊച്ചുജീവൻ
നിനക്കായി ഞാനിതാ സമർപ്പിക്കുന്നു !

---

നെൽസൺ മണ്ഡേല വിമോചിതനായിരിക്കുന്നു.

കറുത്തവരുടെ മോചനത്തിനായി നീണ്ട ഇരുപത്താറു് വർഷങ്ങൾ
ദക്ഷിണാഫ്രിക്കയിലെ വർണ്ണവെറിയൻ ബോത്തായുടെ പൂക്കാത്ത
തടവറയിൽ കഴിച്ചുകൂട്ടിയ മണ്ഡേല
ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാവ്
ലോകമെങ്ങും മുഴങ്ങിയ
'ഫ്രീ ഫ്രീ നെൽസൺ മണ്ഡേലാ' എന്ന
മുദ്രാവാക്യത്തിനു് പുതിയൊരർത്ഥവ്യാപ്തി......
വിമോചനപ്പോരാട്ടങ്ങൾക്കു് പുത്തൻ ശുഭ പ്രതീക്ഷ......

മഹാവനം മനോഹരം ഇരുണ്ടഗാധമെങ്കിലും
ഏറെയുണ്ട് തീർത്തിടേണ്ട മാമക പ്രതിജ്ഞകൾ
നിദ്രവിട്ട് മുന്നിലേക്ക് പോവതിന്നു് മുന്നിലായ്
എനിക്കതീവദൂരമുണ്ടവിശ്രമം നടക്കുവാൻ



അഗതികളുടെ അമ്മ ഔദ്യോഗിക ജീവിതത്തിൽനിന്നു് വിരമിച്ചു. നിന്ദിതർക്കും പീഡിതർക്കുമായി ഉഴിഞ്ഞുവച്ച ആ ധന്യജീവിതം പക്ഷെ ഔദ്യോഗികത്തിന്റെ വിരാമചിഹ്നത്തിലൊതുങ്ങുന്നില്ല...... മദർ തെരേസയുടെ കർമ്മപന്ഥാവിൽ തിരുഹൃദയ കലാലയ വിദ്യാർത്ഥികൾ അഭിവാദനങ്ങളർപ്പിക്കുന്നു.........

# ഇത്തിരി നേരമ്പോക്ക് ഇത്തിരി ദർശനം............

**ഒ. വി. വിജയൻ**



വിജയന്റെ കാർട്ടൂണുകൾ
വെറുമൊരു പാഴ്ചിരിയല്ല.
മൂന്നാം ലോകരാജ്യത്തെ മനുഷ്യന്റെ
സ്വത്വപരവും ദാർശനികവുമായ
പ്രശ്നങ്ങളാണ് വിജയൻ തന്റെ
കാർട്ടൂണുകളിലൂടെ
ആവിഷ്കരിക്കുന്നത്.
ഇവിടെ വിജയന്റെ മൂന്ന്
കാർട്ടൂണുകൾ ആത്മബന്ധത്തോടെ
ഞങ്ങൾ ചേർക്കുന്നു.

-എഡിറ്റർ





## നമുക്കു നഷ്ടമായ സാന്നിദ്ധ്യങ്ങൾ..........



തലമുറകളിൽനിന്നു് തലമുറകളിലേക്ക് പകരുന്ന അവിച്ഛിന്ന സാംസ്കാരിക ധാരയുടെ സ്പന്ദിക്കുന്ന ശിൽപഗോപുരങ്ങളാണു് നാടൻ കലകൾ. കുലശേഖരകാലം മുതൽക്കുള്ള ആയിരത്തോളമാണ്ടുകൾ കേരളത്തിലെ ചാക്യാർമാർ പരമാവധി പ്രയോഗപരമായ പ്രാക്തനസംശുദ്ധിയോടെയും നവീനപ്രസക്തമായ സർഗാത്മക സാധ്യതകളെ സമന്വയിപ്പിച്ചും, കൈമാറിയ കൂടിയാട്ടകലയുടെ കണ്ണടഞ്ഞതുപോലെയായി മാണിമാധവചാക്യാരുടെ വിയോഗം.

ജീവിതകാലം മുഴുവൻ നാട്യകലയെ ഉപാസിച്ച്, തേജോമയമായ ഒരൗമാകാരംപോലെ അരങ്ങ് നിറഞ്ഞാടിയ ആ നാട്യകൽപദ്രുമം പുഴകിവീണു.
കൂത്തമ്പലത്തിലെ വിളക്കുകെട്ടു.



## നമുക്കു നഷ്ടമായ സാന്നിദ്ധ്യങ്ങൾ...........

''ഉയരാനക്രമ-
നീതിക്ഷതിരായ്-
പ്പൊരുതാണൊരുവ-
നുയിർക്കുമ്പോൾ ഞാ-
നപരാജിതനാ-
ണെന്നുടെ ജന്മം
സാർത്ഥകമാ, ണവ-
നാകുന്നൂ ഞാൻ........''

എൻ. വി. യും നമുക്ക് നഷ്ടമായി. പഴയ വിളക്കുകൾ കൊടുത്തു പുതിയ വിളക്കുകൾ വാങ്ങുകയെന്നത് പരിണാമ വിധേയമായ പ്രപഞ്ചത്തിൽ മനുഷ്യന്റെ ഒരു ശാശ്വതാവശ്യമാകുന്നുവെന്ന് ഓർമ്മിച്ച എൻ. വി. അതി ഭാവുകത്വത്തിന്റെയും വൃഥാവേശങ്ങളുടേയും ശബ്ദസംഗീതത്തിന്റെയും പഴകിപ്പതിഞ്ഞ ശീലുകളിൽ നിന്ന് മലയാള കവിതയെ മോചിപ്പിച്ചു. ജീവിതത്തിന്റെ ആദ്യപകുതിയിൽ പ്രത്യക്ഷമായ രാഷ്ട്രീയ പ്രവർത്തനം വഴിയും കരുത്തുററ കവിതകളിൽക്കൂടിയും സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം പങ്കെടുത്തു. ദന്തഗോപുരവാസികളുടെ കപട വിപ്ലവ ഘോഷണങ്ങൾക്കിടയിലും ജീവിതത്തിന്റെ ഉൾക്കരുത്തറിഞ്ഞ ഒരു എൻ. വി. നമുക്കുണ്ടായിരുന്നു. ഇനി..... ?





മലയാളിയുടെ കളങ്കരഹിതമായ ചിരിയായിരുന്നു അടൂർഭാസി. ലേശംപോലും കോമാളിത്തമില്ലാത്ത 'ചെറിയാച്ചനെ'ന്ന ക്യാരക്ടർ റോളും ഭാസിക്കു് വഴങ്ങി. അവാർഡുകളും അംഗീകാരങ്ങളും ഭാസിയെത്തേടിയെത്തി. ഇന്നിപ്പോൾ ഈറൻ തിരശ്ശീലയ്ക്കപ്പുറം മലയാളിത്തം നിറഞ്ഞ തെളിഞ്ഞ ചിരിമാത്രം ബാക്കി.

# നാട്യാചാര്യന് ശ്രദ്ധാഞ്ജലി







കേരളീയന്റെ കലാജീവിതം ശുഷ്കമാവുകയാണ്. ജ്വലിച്ചുനിന്ന ദീപസ്തംഭംപോലെ ക്ലാസിക്കൽ കലാരംഗത്തെ ചൈതന്യദീപ്തമാക്കിയ സമ്പന്ന സാന്നിദ്ധ്യമായിരുന്നു കലാമണ്ഡലം കൃഷ്ണൻ നായരുടേത്. മൗലികമായി കേരളത്തിന്റേതെന്നു പറയാവുന്ന ക്ലാസിക്കൽ കലാരൂപങ്ങൾ വളരെ പരിമിതമാണ്. പരിമിതമാണെങ്കിൽകൂടെ അവ അമൂല്യങ്ങളാണെന്നു പറയാതെവയ്യ. പക്ഷേ ആ അമൂല്യമായ കലാപൈതൃകം നമ്മുടെ തലമുറയ്ക്ക് അന്യമാവുകയാണ്. ഈ ദുർവ്വിധി സംഭവിച്ചുപോയെങ്കിലും കൃഷ്ണൻ നായരുടേതുപോലുള്ള ആദരവാർന്ന ജീവിതങ്ങളുടെ സ്മരണ, ഈ കലാപാരമ്പര്യത്തെ അനുസ്യൂതമായി നിലനിർത്താൻ കഴിയുന്നവയാണ്.

കലാകാരൻ കലോപാസകനാണ്. അനന്യമായ ആത്മബലത്തോടെ സുശിക്ഷിതമായി അഭ്യസിച്ച് കഥകളിയെ ശരീരത്തിന്റെയും മനസ്സിന്റെയും ഓരോ തരിയിലും അലിയിച്ചുചേർത്ത്, അതിസമ്പന്നവും അതിസങ്കീർണ്ണവുമായ കഥകളിയുടെ വിശാല പ്രപഞ്ചത്തെ സ്വന്തം കൈക്കുടന്നയിലാക്കി, സർവ്വഭാവങ്ങളെയും തന്റെ കൺകോണുകളിലും സർവ്വമുദ്രകളെയും തന്റെ വിരൽത്തുമ്പുകളിലും വിളിച്ചാൽ വിളിച്ചിടത്ത് എന്നപോലെ ആവാഹിക്കാൻ കഴിഞ്ഞ അപൂർവ്വം ചിലരിൽ പ്രമുഖനായിരുന്നു ശ്രീ കലാമണ്ഡലം കൃഷ്ണൻ നായർ.

കഥകളിയിലെ തെക്കൻ ചിട്ടയും വടക്കൻ ചിട്ടയും സമരസപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചത് കൃഷ്ണൻനായരായിരുന്നു. ഒപ്പം തന്റെ ശൈലിയെ ഒററയ്ക്കൊരു പ്രസ്ഥാനമാക്കിയ കളിയരങ്ങത്തെ അതികായൻ ആയിരുന്നു അദ്ദേഹം. അദ്ദേഹം കഥകളിയെന്ന സവിശേഷകലയെ തന്റെ ജീവിത വ്രതമാക്കി. അസാമാന്യമായ ധീരതയോടെ തന്റെ ജീവിതത്തെ കലാപരവുമാക്കി.

വർഷങ്ങളോളം നീണ്ട ശിക്ഷണവും അതിസങ്കീർണ്ണമായ തയ്യാറെടുപ്പുകളും മൗലികവും പ്രായോഗികവുമായ ഘടനാബോധത്തിൽ സമന്വയിപ്പിക്കുക എളുപ്പമല്ല. നടന്റേതായ ഊർജ്ജസ്വലത ഒഴികെ എന്തും കഥകളിപോലുള്ള ദൃശ്യകലകളിൽ അന്യമാവുകയും ചെയ്യും. താൻ സ്വന്തമാക്കിയ ഉദാത്തമായ പ്രയോഗ വൈശിഷ്ട്യത്തെ അതിസൂക്ഷ്മവും അതിസുന്ദരമായും അനായാസതയോടെയും അഭിനയിച്ചു ഫലിപ്പിച്ച അസാധാരണ പ്രതിഭയായിരുന്നു കൃഷ്ണൻ നായർ.

ഒരു ചിത എരിഞ്ഞടങ്ങുമ്പോഴും വിലയുള്ള ഒന്നിന്റെ നഷ്ടത്തെക്കുറിച്ച് നമുക്ക് ഓർക്കാതിരിക്കുക വയ്യ.



ദ ഗ്രേയ്റ്റ് പൈഡ് പൈപ്പർ
—ശങ്കറും കുട്ടികളും

ഒരു ജീവിതകാലം മുഴുവൻ നമ്മെ ചിരിപ്പിച്ച കാർട്ടൂണിസ്റ്റ് ശങ്കറിന്റെ മരണം ഒരു മരവിപ്പാണ്. പൊളിറ്റിക്കൽ കാർട്ടൂൺ പകപോക്കലിന്റെ സൗകര്യപ്രദമായ ആയുധമല്ലെന്നും, തെറ്റുതിരുത്തലിന്റെ ശക്തമായ പ്രേരകമാണെന്നും വിശ്വസിച്ചിരുന്ന ശങ്കർ. നെഹ്റുവായിരുന്നു ശങ്കറിന്റെ ഇഷ്ടവിഷയം. ''Dont spare me Sankar''— പനിനീർ പൂവിന്റെ സൗമ്യതയുള്ള ഭരണാധികാരിക ളും, കുത്തകപത്രങ്ങളുടെ നാവായിമാറാത്ത കാർട്ടൂണിസ്റ്റുകളും നമുക്കിന്നു് അപരിചിതരാകുന്നു.



'പ്രൈഡ് ആൻറ് പ്രെജുഡീസ്'—നെഹ്റുവും
പൊതു/സ്വകാര്യമേഖലയും

# ബ്രഹ്മാവിന്റെ മാസ്റ്റർ പീസ്

ഇടറുന്ന ഗളനാളത്തിലൂടെ നിർഗമിച്ച ശബ്ദങ്ങാം,
നീ ശ്രവിച്ച ശബ്ദങ്ങാം,
ഗർജ്ജനങ്ങളായിരിക്കാം!
പെയ്തു തീരാത്ത ബാഷ്പങ്ങാം,
അസ്വാസ്ഥ സ്പന്ദനങ്ങാം?
അവയുടെ മേഘനിസ്വനം.
"വ്യഥ" യെന്ന പദം പോലും സ്ത്രീയുടേതാണ
നാരിയുടെ വേദന-
ഉച്ചകോടിയിലും ധ്വനികളുയർത്തേണ്ടതാണ്
ഇവയെല്ലാം
നിന്റെ ചിന്തളിൽ ചിലതാവാം
നീ...............
രാധയായിരുന്നെങ്കിൽ
വിരഹിണിയായ ഗോപിക
പരിഭവത്തോടെ
പിന്നെ
പരിഭ്രമത്തോടെ
അളകങ്ങളൊതുക്കി
യമുനയ്ക്ക് നീലിമ കടം കൊടുത്ത നയനങ്ങളാൽ
കണ്ണനെ തേടുന്ന ഗോപിക!
ചുടുനിശ്വാസങ്ങളേററ വിയർപ്പണിഞ്ഞ
ഉരസിജവുമായി
വൃന്ദാവനത്തെ തരളിതയാക്കിയ-
രാധ
നാലുവരി കവിതയുടെ വശ്യതയല്ല
ശാകുന്തളക്കാരന്റെ നിണമണിയാൻ-
മുദ്രകാം വിരിയുന്ന,
ചായം പുരട്ടുന്ന കൈകകാം കഠാരയേന്തിയത്
മഞ്ഞത്തുട്ടുകളുടെ വിളറിയ സ്വപ്നം മാത്രം
മാതൃത്വത്തിന്റെ............
വാത്സല്യ മൂറുന്ന മുഖത്തിന്റെ പിന്നിൽ-
പൊയ്മുഖങ്ങാം വേദന കടിച്ചമർത്തുന്നു.
ഏതു കളങ്കവും
കണ്ണീരിൽ കഴുകിയുണർന്നു.
ബ്രഹ്മാവിന്റെ മാസ്റ്റർ പീസ്



അരുൺ കുമാർ. സി. എം.,
ഒന്നാം വർഷ പ്രീഡിഗ്രി



# TEHRI DAM

Environmental crises in India are coming to a head. Those who have, upto now, been entrusted with the management of our country are being increasingly accused by some, of betraying the trust of the people. To run a complicated machine such as the Indian sub-continent needs highly qualified persons. The most suitable examples of the crisises are the three major dam projects which have come into the limelight in the past few months - the Tehri dam in the Himalayas, the Narmada Project which encompases a massive sweep of land from Madhya Pradesh through the sea coast of Gujarat and the Indravathi Project. Here, in the pros and cons of the arguments on the developing projects, I am trying to present both sides of the argument.

Let us, first of all, view the various problems to be overcome here objectively and not be moved by emotions. Let us therefore decide to stick to known facts and not to make hasty and unsubstantiated accusations and counter accusations.

Some environmentalists who seem to have a fixed notion that the Government and the engineers are out to destroy nature, that all their doings are absolutely wrong and that they are just representatives of vested interests. A true Government will have as much concern for the environment and as much concern for the equitable distribution of natural wealth as the environmentalists. It is possible that we do not know the implications of some of our actions. Therefore it is necessary for the environmentalists to point out these flaws and they should find true solutions also. Let us not call the dams (large) "Monster". Any democratic Government has to take into account public opinion.

Some institutions have come together to generate public opinion on the necessity for an equitable and rational utilisation of water. Of course, nobody will question this. But somewhere in the same corner the so-called adverse effects are emphasised. We are here considering the relative merits and demerits of small and large dams.

The construction of small dams in large numbers or large dams in small numbers is a question of economical and technical planning. Except for the possibility of earthquakes, a large dam has no other environmental problem which a small dam would not have. Displacement of population, siutation of reservoirs, destruction of forests, water logging in command areas - all these environmental issues are common for small and large dams. The magnitude of these problems will also be the same, provided the total storage is the same. Therefore small versus large is not an issue. On the other hand there are some benefits from large projects, such as i) small number of large dams are cheaper and ii) large storage and large canals are necessary for large-scale water transfers. Thus the drying up of water in dams can be prevented and water can be reached to all arid regions. A longer construction period and consequent delay in getting benefits from the project are certainly a disadvantage. Anyhow these do not affect the environmental aspects to any great extent. In short, on environmental considerations, it really does not matter whether it is a large dam or a small dam, provided the total quantity of water used is the same.

The environmentalists are mainly concerned about the general effects of irrigation projects. Hence it is necessary to analyse some of the other points.

a) Problems of displaced persons, whose lands are getting submerged: They are displaced from their traditional homes and surroundings. Some people believe that to restore the underground stored water, which is very low in the Deccans, dams are very much essential. However, if against I person displaced 15 persons benefit from irrigation etc. we have to weigh the benefits the 15 persons get against the suffering of one. We should definitely consider the suffering, we should also critically examine the benefits, but we just cannot say that the project should be dropped decause of the suffering. Sometimes the submergence affects tribal populations, this should get very careful consideration. But some environmentalists want their identities to be protected, which, with the encroachment of civiliaation is going to be lost anyway.

b) Problem of deforestation: Our forest resources are fast depleting and at this rate India will become totally devoid of forests in a decade or two. Forests are as precious as water. Therefore we cannot just destroy them. While new plantations help, they cannot form genetic forests quickly. These points are therefore to be considered:

1) The depletion of forests in India is mainly by the felling of trees by the contractors. Lack of alternate fuel sources in interior areas is another reason. Compared with that, deforestation due to irrigational projects is negligible. Therefore deforestation is not a problem caused by dams.

2) In a country like India, it would be dangerous to generalise. Deforestation is severe in Himalayas and is practically total in Maharashtra and the other western parts, though the land is still 'Forest land'. Therefore what is the meaning of the submergence of such a nominal 'Forest land'?

c) Reservoir Siltation: This is an indirect result of deforestation. The soil cover is easily removed by many means and soon bare rocks are exposed, where no vegetation survives. This silt accumulates in reservoirs and reduces their life. Such cases are seen in the north but very little in the western little parts. Immediate soil conservation measures are therefore imperative. But what about the soil erosion in so many other valleys where there are no projects. For restoring the ecological balance, soil conservation measures are necessary. It should however be not tagged on to irrigation projects.

d) Water logging/salinity: Problems of water logging and salinity arise mainly because of over-irrigation. It is mainly the duty of the

engineers who bring irrigation water to farmers, to see that it suits the drainage charecteristics of the soils and is used economically. There may be some soils where the smallest amount of irrigation may be harmful. Reclamation of such water logged areas is a very costly and somewhat uncertain process. Hence preventive action is much more better. They are:

i) Supplying water in 'safe' dosages decided through a study of the drainability of the soil.

ii) Making conjuctive use of subsoil and canal water.

iii) Restricting or even totally prohibiting water intensive crops in sensitive areas.

iv) Use of sprinkler and drip systems of irrigation.

c) Earthquakes: Tremors occur many times when a large reservoir is formed. These are quite mild and die off very early. Some times major quakes occur when the reservoirs get filled. While the direct relation between earthquakes and lake formation is not yet firmly established, the time and location of the occurences of the earthquakes are too close to be coincidential. The science of earthquakes is still in its infancy and no one can, as yet, really understand why the earth behaves in the way it does.

After the initial tremors started in Koyna, some seismologists studied it. The major tremors occured just a few weeks after they had declared that the area was tremor negative. We have, therefore, either to decide not to construct any major dams till seismology becomes more exact, as to make calculated risks or we should avoid large dams near known fault planes in seismically active areas, and the dams should be designed to withstand expected earthquake force.

Those were some of the major environmental factors. There are many other factors which agitate the environmentalists. They are either compensated by other gains or are easily surmounted, such as :

സ്തോത്രങ്ങൾ ഉൾപ്പെടെ അനേകം കൃതികൾ പൂന്താനം രചിച്ചിട്ടുള്ളവയിൽ പ്രധാനമായത് ജ്ഞാനപ്പാന, സന്താനഗോപാലം, ശ്രീകൃഷ്ണകർണ്ണാമൃതം എന്നിവയാണ്. പൂന്താനത്തിന്റെ സൗമ്യപ്രകൃതമായ ഭക്തിക്കും സരളമായ കവിത്വത്തിനും തെളിവാണ് ഈ കൃതികൾ. ശുദ്ധമായ ഭക്തിഗീതമാണ് ജ്ഞാനപ്പാന. കവിയുടെ ഏകപുത്രൻ മരിച്ചു. ഈ തീവ്രദുഃഖത്തിൽ നിന്നും ഉറവെടുത്ത കൃതിയാണ് ജ്ഞാനപ്പാന. ഗഹനമായ വേദാന്തവിഷയങ്ങൾ അതിലളിതമായും ഹൃദയഹാരിയായും ഇതിൽ വിശദീകരിക്കുന്നു. ആകെ 349 വരികൾ മാത്രമാണുള്ളത്. ഭക്തിയുടെ തെളിനീരുമാത്രമല്ല ഈ കാവ്യത്തിലുള്ളത്, സമകാല സാമൂഹിക ജീവിതത്തിന്റെ കെടുതികൾ വേദനയോടെ കവി വിവരിക്കുന്നു. ജീർണ്ണജീവിത ശൈലി സ്വീകരിച്ച പ്രഭുക്കൻമാർ, ഏതുനാണംകെട്ട പണിചെയ്തും സ്ഥാനമാനങ്ങൾ നേടാൻ നടക്കുന്ന പരിഷകൾ, ഗണികമാരുടെ ഗൃഹങ്ങളിൽ ശരണം പ്രാപിക്കുന്ന വിടകേസരികൾ, ഈശ്വരപ്രാർത്ഥന തൊഴിലാക്കി വയററിപ്പിഴപ്പിനു വക കാണുന്നവർ, ബ്രാഹ്മണ്യത്തിന്റെ പേരിൽ അഹംഭാവികളായി നടക്കുന്ന നമ്പൂതിരിമാർ. കഴുത കുങ്കുമം ചുമക്കും പോലെ ഗ്രന്ഥഭാരമായ വിദ്യ തലയിൽ ചുമന്ന് വിദ്യ കൊണ്ടു നേടേണ്ട സംസ്ക്കാരം സംസിദ്ധമാകാത്തവർ ഇങ്ങനെ സമുദായത്തിന്റെ അധഃപതനചിത്രം യഥാർത്ഥമായി പൂന്താനം ആവിഷ്ക്കരിക്കുന്നു. ശക്തമായ സാമൂഹിക വിമർശനം തന്നെയാണിത്. പക്ഷേ പ്രശ്നം ദൈവത്തിൽ അർപ്പിച്ചു കൃതകൃത്യനായി കവി.

'ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ

ഉണ്ണികൾ മററുവേണമോ മക്കളായ്' എന്ന് സമാധാനിക്കുന്ന കവിയുടെ മനസ്സിൽ അനപത്യ ദുഃഖമല്ലേ ഉറഞ്ഞുകൂടിക്കിടക്കുന്നത്.

'ഇന്നലെയോളമെന്തെന്നറിഞ്ഞീല
ഇനി നാളെയുമെന്തെന്നറിഞ്ഞീല
ഇന്നിക്കണ്ട തടിക്കു വിനാശവും
ഇന്നനേരമെന്നേതു മറിഞ്ഞീല'

ഇവിടെ വിധിക്കു വിധേയമാണ് മനുഷ്യജീവിതം എന്ന വേദാന്തതത്വത്തിന് അടിമയായി മാറുന്നു കവി. പുരാണ പ്രസിദ്ധമാണല്ലോ സന്താനഗോപാലം. പുത്രൻ മരിച്ചതിലുള്ള ദുഃഖം കൊണ്ട് വിഷമിക്കുന്ന ബ്രാഹ്മണനു പുത്രനെ തിരികെ നൽകാമെന്ന് അർജ്ജുനൻ സത്യം ചെയ്യുന്നു. വൈകുണ്ഠം വരെ ചെന്നുനോക്കിയിട്ടും ബ്രാഹ്മണന്റെ കുട്ടിയെ കണ്ടെത്താൻ സാധിച്ചില്ല. നിരാശനും അപമാനിതനും ആയ അർജ്ജുനൻ വാഗ്ദാനം നിറവേററാൻ അഗ്നി പ്രവേശത്തിനു തയ്യാറാകുന്നു. അപ്പോൾ മഹാവിഷ്ണു പ്രത്യക്ഷപ്പെട്ട് അർജ്ജുനനെ അനുഗ്രഹിക്കുകയും ബ്രാഹ്മണപുത്രനെ തിരികെ നൽകുകയും ചെയ്യുന്നു. ഇതത്രേ സന്താനഗോപാലത്തിലെ പ്രതിപാദ്യം; ഈ കൃതിക്ക് കുമാരഹരണം എന്ന പേരുകൂടിയുണ്ട്. വാർദ്ധക്യകാലത്തു പൂന്താനം രചിച്ച കൃതിയാണ് ശ്രീകൃഷ്ണകർണ്ണാമൃതം, കൃഷ്ണന്റെ കഥയും ബാലലീലകളുമാണ് പ്രതിപാദിച്ചിരിക്കുന്നതു്.

'പീലിക്കാർമുടി കാൽത്തളിർപ്പൊടിയുമേററാട്ടഴിഞ്ഞിങ്ങനെ
താളത്തിൽ കുഴലും കുബേരനെടയും ഗോപാലരും ഗോക്കളും
ബാലസ്ത്രീകളുഴന്നു വന്നവഴിയിൽ പാർക്കുന്ന സൗഭാഗ്യവും
മേളത്തോടെഴുന്നള്ളിടുന്നൊരു ദിനം കണ്ടാവുകൺകൊണ്ടു ഞാൻ''

തുടങ്ങിയ ഒട്ടേറെ വാങ്മയ ചിത്രങ്ങൾ ഭാഷാ കർണ്ണാമൃതത്തിൽ കാണാം. കർണ്ണാമൃതത്തിനു് ദൂരവ്യാപകമായ സ്വാധീനക്തി മലയാള കവിതയിൽ ചെലുത്താൻ സാധിച്ചിട്ടുണ്ടു്. ആനന്ദനൃത്തം, ഘനസംഘം, ദശാവതാരസ്തോത്രം, പഞ്ചാക്ഷരകീർത്തനം തുടങ്ങിയ ഒട്ടേറെ സ്തോത്രങ്ങളും പൂന്താനം രചിച്ചിട്ടുണ്ട്.

'പച്ചക്കല്ലൊത്ത തിരുമേനിയും നിന്റെ
പിച്ചക്കളികളും കാണുമാറാകണം'

'നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ
നരകവാരിധി നടുവിൽ ഞാൻ'

'അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങിനെ'

'അഞ്ജന ശ്രീധര ചാരുമൂർത്തേ കൃഷ്ണാ
അഞ്ജലി കൂപ്പി വണങ്ങിടുന്നേൻ'

തുടങ്ങിയ പ്രാർത്ഥനാ ഗീതങ്ങൾ പൂന്താന രചനകളാണു്. ഭക്തിനിർഭരമായ തന്റെ ഹൃദയ വികാരങ്ങൾ പച്ചമലയാളത്തിലാവിഷ്കരിച്ചിരിക്കുന്നു അദ്ദേഹം. പൂന്താനത്തിന്റെ ഭാഷാശൈലി പോലെ തന്നെ ബിംബങ്ങൾക്കുമുണ്ട് ഒതുക്കവും ലാവണ്യവും. പൂന്താനത്തിന്റെ കാവ്യപരമായ മൂലധനം ശ്രീകൃഷ്ണനിൽ അർപ്പിച്ച തെളിഞ്ഞ മനസ്സാണ്. ആ തെളിഞ്ഞ മനസ്സിൽ നിന്നുറവെടുത്ത കവിതകളും തെളിച്ചമുള്ളതായിത്തീർന്നു.

ഭക്തിയുടെ പേരിൽ നടക്കുന്ന ചൂഷണത്തിനുദാഹരണമാണ് പൂന്താനകഥ. ഉണ്ണികൃഷ്ണനെ സ്വന്തം മകനായാണ് കവി സങ്കല്പിച്ചിരിക്കുന്നത്. സഫലീകരിക്കാത്ത പിതൃത്വത്തിന്റെ ആന്തരിക സാക്ഷാത്കാരമായി ഇതിനെ വ്യാഖ്യാനിക്കാം. എന്നാൽ മത നാടുവാഴിത്ത ശക്തികൾ ഉയർത്തിയ പാണ്ഡിത്യഗർവിനു് എതിരെ ഏകനായിനിന്ന് കലാപം നടത്തിയ കവിയാണ് പൂന്താനം. താനുൾപ്പെട്ട ബ്രാഹ്മണ സമൂഹത്തിന്റെ ബുദ്ധിപരമായ മേൽക്കോയ്മയെയും സ്വാർത്ഥ താല്പര്യങ്ങളെയും പൂന്താനം ചോദ്യം ചെയ്തു. ഉയർന്ന ജാതിയിൽ പിറന്നാലും ദാരിദ്ര്യം അനുഭവിക്കാൻ വിധിക്കപ്പെട്ടവൻ എന്നത് പൂന്താനത്തിന്റെ ജീവിതത്തിലൂടെ പൊങ്ങിവരുന്നു. ഈ പരുക്കൻ യാഥാർത്ഥ്യത്തിന് പുകമറ സൃഷ്ടിക്കാനാകാം പൂന്താനത്തിനെയും ഗുരുവായൂരപ്പനെയും തമ്മിൽ ബന്ധിപ്പിച്ച് ധാരാളം കെട്ടുകഥകൾ സൃഷ്ടിച്ചിട്ടുള്ളത്.

എം. എൽ ലിസി
രണ്ടാം വർഷ ബി. എ. ഇക്കണോമിക്സ്



# ബാക്കിപത്രം

ഇററാലിയ-90 പതിനാലാമത് ഫുഡ്ബോൾ ലോകകപ്പ് മൽസരങ്ങളുടെ കൊട്ടിക്കലാശം കഴിഞ്ഞു. തീ പാറിയ പോരാട്ടങ്ങൾ ഏറെയൊന്നും നടന്നില്ല; അട്ടിമറികൾ ചിലതൊക്കെ നടന്നുതാനും. മുപ്പത്തിയൊന്നു ദിവസങ്ങളുടെ ഒടുവിൽ ജൂലായ് എട്ടിന് റോമിലെ ഒളിംപിക് സ്റ്റേഡിയത്തിൽ 86-ലെ മെക്സിക്കോ കപ്പിലെ ആവർത്തനമെന്ന വണ്ണം പശ്ചിമ ജർമ്മനിയും അർജൻറീനയും രണ്ടാമതൊരിക്കൽക്കൂടി ഏററുമുട്ടി. മത്സരത്തിന്റെ രണ്ടാം പകുതിയിൽ അന്ദ്രേയസ് ബ്രഹ്മെ നേടിയ ഏക പെനാൽററി ഗോളിലൂടെ, രണ്ടാം വട്ടവും കിരീടമണിയുക എന്ന അർജൻറീനിയൻ സ്വപ്നങ്ങളെ തകർത്തെറിഞ്ഞുകൊണ്ട് പശ്ചിമ ജർമ്മനി മൂന്നാം പ്രാവശ്യം ലോകകപ്പ് ഫുഡ്ബോൾ ജേതാക്കളായി.



ചാരുതയാർന്ന ലാററിനമേരിക്കൻ ശൈലി, ഫുഡ്ബോളിനോട് വിടവാങ്ങുന്നതാണ് ഇത്തവണത്തെ ലോകകപ്പിന്റെ പ്രകടമായ സവിശേഷത. കായികക്ഷമതയും പ്രതിരോധത്തിലുള്ള ഊന്നലും മുൻഗണന നേടി. യൂറോപ്യൻ ശൈലിയുള്ള ഫുട്ബോളിന്റെ നിറംകെട്ട പരീക്ഷണങ്ങൾ മാത്രമാണ് ഓരോ ടീമും-എന്തിന് ബ്രസീൽ പോലും-കാഴ്ചവച്ചത്. ആവേശം പകരുന്ന നിമിഷങ്ങൾ വളരെ കുറഞ്ഞിരുന്നു. പന്തടക്കത്തിൽ മാത്രം ശ്രദ്ധവച്ച് പ്രതിരോധത്തിലൂന്നിക്കളിക്കുകയും തരം കിട്ടിയാൽ മാത്രം തുറന്നു കിട്ടുന്ന അവസരം പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന തന്ത്രം എല്ലാ ടീമുകളും പരീക്ഷിച്ചപ്പോൾ കളിയുടെ ആവേശം നഷ്ടമായി. മിഡ്ഫീൽഡിൽ അഞ്ചുവീതം കളിക്കാരെ കുത്തിനിറച്ച പരീക്ഷണങ്ങൾ ഇററാലിയ 90-ൽ പല പ്രാവശ്യം കണ്ടു. അതുകൊണ്ടുതന്നെ കളി അധിക സമയവും മിഡ്ഫീൽഡിലൊതുങ്ങി വിരസമാവുകയും ചെയ്തു.

ആവേശത്തിന്റെ നിമിഷങ്ങൾ കുറെയെങ്കിലും കാഴ്ചവച്ചത് ആഫ്രിക്കൻ ടീമായ കാമറൂണാണ്, അക്ഷരാർത്ഥത്തിൽ തന്നെ കരുത്തിന്റെ കളിയായിരുന്നു അവരുടേത്. ഉദ്ഘാടന മൽസരത്തിൽ തന്നെ അർജൻറീനയെ പരാജയപ്പെടുത്തി അവർ അട്ടിമറി വിജയം നേടി. നിരന്തരമായി ഫൗളുകൾ പ്രദർശിപ്പിക്കുന്നതിൽ അവരൊട്ടും മടി കാട്ടിയുമില്ല. മികവും തിളക്കവും വേണ്ടത്ര പ്രകടിപ്പിച്ച ടീമാണ് ഇററലി. ഒരു തവണമാത്രം ഫോമിലെത്തിയ അർജൻറീനയോടു തോൽക്കേണ്ട ദുര്യോഗമാണവർക്കുണ്ടായത്. രണ്ടാമതൊരിക്കൽ കൂടി ഫൈനൽ കാണാനുള്ള ഇംഗ്ലണ്ടിന്റെ മോഹം തകർന്നത്. പെനാൽട്ടിഷൂട്ടൗട്ടിൽ കൂടിയായിരുന്നുവെങ്കിലും അവരുടെ പരാജയം സഹതാപമർഹിക്കുന്നില്ല. അത് പശ്ചിമ ജർമ്മനിയോടുള്ള നീതികേടാകും. മറഡോണയുടെ 'ദൈവത്തിന്റെകയ്യും' ഗോയ്കോച്ചിയയും, റഫറിയും ചേർന്നാണ് സോവിയററ് യൂണിയനെ പരാജയപ്പെടുത്തിയത് എന്നുവേണം പറയാൻ. സോവിയററ് യൂണിയന്റെ വിടവാങ്ങൽ നേരത്തെയായിപ്പോയി എന്നുപറയാതെവയ്യ.



ബ്രസീലിന് പകരക്കേട് 'നിർഭാഗ്യം' എന്നാക്കേണ്ടിയിരിക്കുന്നു. ഹോളണ്ടുകാർക്ക്, യൂറോപ്യൻ ചാമ്പ്യൻഷിപ്പിലെ തങ്ങളുടെ പ്രകടനത്തിന്റെ നിഴലുപോലുമാകാൻ കഴിഞ്ഞില്ല. അർജന്റീന-ഇറ്റലി കളിയിൽ ഭാഗ്യം കളിച്ച കളിയാണ് അർജന്റീനയെ ജയിപ്പിച്ചതും ഫൈനലിൽ എത്തിച്ചതും. പക്ഷേ ജർമ്മനിയുടെ കഥ വ്യത്യസ്തമായിരുന്നു. ഒരു ടീമെന്ന നിലയിൽ ഇറ്റാലിയ 90ലുടനീളം മികച്ച ഫോം നിലനിർത്തിയത് ജർമ്മനിയാണ്. ഒരു ഗോൾ വർഷത്തോടെ തുടങ്ങി ക്രമേണ കാണികളുടെ മനം കവർന്ന ജർമ്മനി വിജയംനേടി. പക്ഷേ 60 കൊല്ലത്തെ ചരിത്രത്തിനിടയിൽ ഫുട്ബോൾ ലോകകപ്പിൽ ഫൈനൽ റൗണ്ട് കളിച്ചിട്ടുള്ളത് വെറും ആറ് ടീമുകൾ മാത്രമാണ് എന്ന അവസ്ഥ തുടരുകയാണെന്നതും ശ്രദ്ധേയമാണ്.

സൂപ്പർ താരങ്ങളൊന്നും സൃഷ്ടിക്കപ്പെട്ടില്ല എന്നതാണ് ഇത്തവണത്തെ ലോകകപ്പിന്റെ പ്രത്യേകത. ഒട്ടേറെ താരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. സ്വീഡന്റെ തോമസ് ബ്രോലിൻ, കോസ്റ്ററിക്കൻ ഗോളി ഗാബെലോ, കൊന്നേജോ, ചെക്കോസ്ലാവാക്യയുടെ സ്കറാവി, ലുബോവിർ മൊറാവിക്, ഈജിപ്റ്റിന്റെ ഹൊസാം ഹസൻ, ജനറൽ എൽകാസ് കാമറൂണിന്റെ മക്കനാക്കി തുടങ്ങിയവർ ഇത്തവണത്തെ ലോകകപ്പിലൂടെ ഏറെ ശ്രദ്ധിക്കപ്പെട്ടവരാണ്.

115 ഗോളുകൾമാത്രം വീണപ്പോൾ 169 മഞ്ഞക്കാർഡും 16 ചുവപ്പുകാർഡും കാണിക്കപ്പെട്ടു. ഫൗളുകൾ ഗോളുകളെ കടത്തിവെട്ടിയത് 52 മത്സരങ്ങളിലായാണ്. ഏറ്റവും കൂടുതൽ ഗോളുകൾ ചാമ്പ്യൻമാരായ ജർമ്മനിയുടെ വകയും (15). ഏറ്റവും കൂടുതൽ ഫൗളുകൾ റണ്ണർ അപ്പായ അർജന്റീനയുടെ വകയുമാണ്. (152) എന്നത് ശ്രദ്ധേയമാണ്. 518 മിനിറ്റ്നേരം നെറ്റിൽ ഗോൾ വീഴ്ത്താതെ ഇറ്റലിയുടെ വാർട്ടർ സെംഗ റെക്കോർഡ് സ്ഥാപിച്ചു. ഏറ്റവും കൂടുതൽ ഗോളുകൾ നേടിയതും ഇറ്റലിതന്നെ - സ്കില്ലാച്ചി.

റോമിലെ സ്റ്റേഡിയത്തിൽ ജൂലായ് 8ന് ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡിൽ 'ചിയാവോ ഇറ്റാലിയ ഹലോ അമേരിക്ക 94' എന്ന് തെളിഞ്ഞതോടെ ഇനി 1994ൽ അമേരിക്കയിലേക്ക്.

ജേക്കബ് മാണി






# ഒരു ഭ്രാന്തന്റെ ഡയറി

സ്വർണ്ണക്കൂട്ടിലെ പൂമ്പാററ പാടുമോ?
ചോദ്യം നവാഗതനോട് തന്നെ
വാതിൽ വീണ്ടും ചാരിയിട്ട് അദ്ദേഹം അവന്റെ-
മുമ്പിൽ വന്നു നിന്നു
ചോദ്യം ആവർത്തിക്കപ്പെട്ടു.
"സ്വർണ്ണക്കൂട്ടിലെ പൂമ്പാററ........"
നവാഗതന് മറുപടിയുണ്ടായിരുന്നു ചോദ്യവും-
തൊടുക്കപ്പെട്ടു. 'നീ മരുന്നു കഴിച്ചില്ല അല്ലേ'?
പക്ഷേ
അവന്റെ ചോദ്യ ശരങ്ങൾക്ക് മൂർച്ച കൂടുകയായിരുന്നു
"രാപകൽ വിശ്രമമില്ലാതെ അദ്ധ്വാനിച്ചിട്ട്-
എറുമ്പുകൾ എത്ര സൗധങ്ങൾ പണിതുയർത്തി?"
മനശാസ്ത്രജ്ഞനും ആവർത്തിച്ചു
'നീ മരുന്നു കഴിച്ചില്ല അല്ലേ? സമയം കഴിഞ്ഞിരിക്കുന്നു'

മരുന്നുകൊടുത്ത ശേഷം അദ്ദേഹം ചങ്ങല കുരുക്കിക്കെട്ടി
കഴുത്തിൽ കുരുക്കിടാൻ പോലുമറിയാത്ത
പാവം മനശാസ്ത്രജ്ഞൻ
ചങ്ങലക്കുരുക്കാൻ നന്നേ പാടുപെട്ടു
അന്ധമനസ്സിൽ കണ്ണീരൊലിപ്പിക്കുന്ന
കൊലക്കാരന്റെ മനോരോഗത്തിന്റെ പേരെന്ത്"?
മനശാസ്ത്രജ്ഞൻ തന്റെ രോഗിയുടെ
ചോദ്യത്തിനു മുമ്പിൽ ഉത്തരം മുട്ടി
അദ്ദേഹം ശ്രദ്ധിച്ചില്ല.
"ഹേ, ഭ്രാന്താ നിനക്ക് അസുഖം കൂടുതലായിരിക്കുന്നു
മിണ്ടാതിരിക്കുന്നുണ്ടോ".
പക്ഷേ നോട്ടങ്ങളല്ലാതെ ഭ്രാന്തനൊന്നും-
മുണ്ടായിരുന്നില്ല. ഉടുതുണിപോലും.
അജ്ഞാതങ്ങളായ വേദനയുടെ നിഴൽപാടുകൾ .....
ഇല്ല.
'അല്ലയോ മനശാസ്ത്രജ്ഞാ; അങ്ങ് വല്ലാതെ ക്ഷീണിച്ചിരിക്കുന്നു
അല്പനേരം വിശ്രമിക്കൂ'.
ചോദ്യങ്ങൾക്ക് പകരം
ഉപദേശങ്ങളായപ്പോൾ മനശാസ്ത്രജ്ഞൻ പരുങ്ങി-
അദ്ദേഹത്തിന്റെ അന്തരംഗങ്ങൾ ഭ്രാന്തൻ പറയുന്നത്
സത്യമാണെന്ന് വിലയിരുത്തി.
ഒരു കൊട്ടാരവും ഒരു മഹാനഗരവും വിഴുങ്ങിക്കഴിഞ്ഞിട്ടും
വിശപ്പടങ്ങാത്ത കറുത്ത കടലിന്റെ തിരകൾ തീരത്ത് തലതല്ലി
കരയുന്നത് അദ്ദേഹം വായിച്ചു.
തിരകൾ എഴുന്നേറ്റപ്പോൾ തകരാതെ രക്ഷപെട്ട തോണിയി
ലിരുന്ന് അദ്ദേഹം തേങ്ങി.
താൻ പഠിച്ച പാഠങ്ങളുടെ വെളിച്ചത്തിൽ അയാൾ
വിശകലനം നടത്തി. 'ആരാണ് ഭ്രാന്തൻ'?
കാട്ടാളനെ തടഞ്ഞു നിർത്തിയിട്ട് രാമായണമെഴുതിയ
ഭ്രാന്തനിൽ നിന്നോ, കുരുക്ഷേത്രത്തിൽ ചോരപ്പുഴ
യൊഴുക്കിയിട്ട് വലിയ ചിരിയുടെ കർത്താവെന്നു
പറഞ്ഞ ഭ്രാന്തനിൽ നിന്നോ.
ആത്മാവിനെ സ്നേഹിക്കുന്ന സുകന്യയുടെ കഥപറഞ്ഞ ഭ്രാന്തനിൽ നിന്നോ
വ്യത്യസ്തനല്ല തന്റെ രോഗിയെന്ന് കണ്ടെത്തിയ-
ആധുനികതയുടെ പാവം മനശാസ്ത്രജ്ഞൻ തേങ്ങി.
പിന്നെ തിരിച്ചുപോയി
ചങ്ങലയുമായി വന്ന് തന്റെ
രോഗിയുടെ കയ്യിൽ കൊടുത്ത് തേങ്ങി
"സൂക്ഷി ഭൂതകാലമില്ല രോഗിയും."

രാസുമൻ



# "OF GHOSTS, GHOST FILMS AND EXORCISM"

The door creaked ominously as the clock struck twelve. A transparent white shape suddenly appeared out of an old candlelit portrait.

Why do people go to see horror films? Why do they want to be frightened and pay for it? Scream when they get nightmares after seeing horror films? To know the evil side of man? To see people in a worse plight than their own? To derive vicarious pleasure out of other people's miseries and misfortunes? Whatever it is, terror/horror films are flourishing throughout the world.

Things unknown have a magnetic power of attraction. We all take as much interest in blood less surgery as we are obsessed with UFO's. It is so human to always expect miracles. There are two extremes here. Some swallow all sensations, others flatly refuse to belive anything that has no explanation in their everyday life.

We have heard many eyewitness accounts of apparitions and read lots about them in fiction and histories. There is much in common about all such stories. Ghosts are choosy about their dwellings and settle only in old castles, picture galleries or artists, studios.

Ghosts are holograms. The human body radiates a wide spectrum of electromagnetic waves. The range of radiation is close to that of thermal radiation. Laser beams are fine examples of coherent oscillation. Holograms are produced by such beams. Human body as a laser, generating microwaves is a crude comparison to a laser. A hologram plate



looks like an exposed photographic one, but as soon as you direct a light beam on it, a three dimensional picture appears on it, which you can't differentiate from a real life object. Holograms can be produced on any heat sensitive material. Not all produce clear pictures, but electromagnetic radiation is sure to leave at least feeble traces on oil films, varnish, oil paint, even on blood-spots. Remember, ghosts often appeared at the sites of crime until the split blood was properly washed off. Only strong heating can destroy a holographic picture. This is why fire was considered as a purifying element since times immemorial.

It takes a firm belief to see a ghost. They walk hand in hand with emotions. Extreme anger, terror of pain, even ecstatic joy for that matter, evoke ghosts. Biochemical processes and electromagnetic radiation vary in the human body. A calm person can produce only a vague hologram. Now about candle light. A feeble light makes the hologram more distinct. Its heat adds to the human thermal radiation. If sunbeams penetrate let us say, a stained glass window which acts as a filter, then a vibrating whitish form appears in the shimmering light ; the vague hologram of a person dead for centuries. Distinct holograms are seen once in a blue moon. So you can't see a ghost every day. Its a piece of luck !

Horror stories were told in pre-history. Any "scientific" happening that man could not explain was ascribed to the supernatural, the devil or the monster. Besides fairy tales of princes and princesses, grand-mothers narrate to children stories of horror - about some imaginary monster, evil spirit, ghost or fiendish creature. It was not without purpose - horror stories made the children brave enough to face the evil people in real life with courage.

Horror as civilized commercial entertainment arose in rationalist 18th centuty. Horace Walpole, a wealthy English dilettante who built his own mediaeval castle and in 1764 published the first Gothic novel, The Castle Of Ortando. Murder and madness stalk Ortando parapets, but violence, a secondary element of horror, is kept to an artful minimum.

Edgar Allan Poe, the first great master of the new art of "the uncanny", made horror stories a respectable literary form - The Tellatle Heart, The Masque Of the Red Death, The Facts Of the Case Of M. Valdemar. Only a handful of literary "terrorists" wrote tales as eerily disturbing as Poe's. Franz Kafka found the ladder to a deeper alley of madness.

The main themes of the genre were laid down in the first masterpiece - Frankenstein, Mary Wollstonecraft Shelley's 19th century novel. Published in 1816-17, it is a brilliant philosophical thriller about the arrogance of a scientist and the revenge of nature. The



conflict in the story was sharpened by Robert Louis Stevenson in The Strange Case Of Dr Jekyll And Mr Hyde that combined the scientist and the monster in the same personality.

The shudders that used to come from books started emanating from the screen - just by the change of technology.

Though credit for making horror as staple screen entertainment goes to Germans it was Edison who shot a picture of Frankenstein in 1908. Two German films in the silent era - The Student of Prague (1913) dealing with dual personality, and The Golem (1915) based on the mediaeval Jewish legend of a clay figure that comes to life were the first horror films, trendsetters for the horror genre. The Golem was re-made twice for its subject-mattor.

By the way, what are the ingredients of an average horror film? Macabre atmosphere designed to send shivers of fear among the audience, it usually incorporates ingredients of violence and pervert human activity like sucking of blood from humans. A few of the Dracula films have been psychological studies of deformed or evil characters who become terrifying monsters.

Some of the classics of world cinema are horror films - The Cabinet of Dr Caligari (1918), with Veidt as a hypnotically controlled monster; Nosferatu, Murnau's cinematically personal account of Bram Stocker's Dracula; (the first film on the Dracula story), Wax-works; Leni's three-part thriller about Ivan the Terrible, Haroun-al Raschid and Jack the Ripper and Hands Of Orlac.

In the horror market of world cinema, horror producers have extended the bounds of how much explicit physical shock and horror is permissible. The present crop is geared more towards shocking the audience by being explicit than by developing an aura. Scenes today have grown increasingly gory as the blood flows (and in colour), and even dis-memberment is graphically depicted.

The Japanese were not to be left behind in the horror market - they introduced rubbersuited monsters like Godzilia and Rodan. Hammer Films of Britain started remaking the sagas of Frankenstein, Dracula and others. Horror of the horror films is that different versions have to be made for different markets - the bloodiest for Japan and the restrained ones for the home market and third world. Then came a few TV Serials, a mix of all that goes as horror, but not as blood-letting.

Hitchcock gave his own version of horror in 'Psycho' in the murder scene. William Castle outdid Hitchock in 'Homicidal', followed by 'Blood Feast' and 'Death Line', the last two films titles are indication enough of their gory contents.

In the '79s, the most successful film the world over was 'The Exorcist'. In it a small girl is unaccountably possessed by the devil and turned into a repellant monster who causes several violent deaths before she is cured. The sensational aspect of the film was - rooms shake, heads turn full circle on bodies, wounds fester, vomit spews forth in bilious clouds besmirching a saintly priest, a possessed adoles-tcen girl masturbates bloodily with a crucifix as she utters obscenities and blasphemies and hoary demons freeze the soul. The film won



for its writer William Peter Blatty an Academy Award. Its sequel The Exorcist II - The Heretic - was released in two versions but did not do well in either.

Some of the latest important horror films released in Delhi during the last few years are - Frankenstein : The "True Story, Poltergeist, Poltergeist II, Audrey Rose, Parasite And The Fly (remake). The Entity was released in Bombay and ran for 15 weeks but was later banned by the Government of India and the ban continues. But its Hindi adaptation was produced early this year, Saya, starring Poonam Dhillon as the unfortunate girl who is raped and later troubled by the rapist she kills herself when his spirit takes control of her body. In India Ramsay Brothers are known as the Horror Masters and they have till today made over a score of horror films which are a crude hotchpotch of horror films from aboard.

Exorcism exists and is practised in Chabatra, a few miles from Muzzaffarpur in U. P. Chabatra has the reputation of being a holy saintly place and people from all over flock there to be exorcised from the evil spirits that have imprisoned them. In Chabatra there is a huge, very old tree, Irakth. Under this tree every Friday some Fakirs help to free people of evil spirits. The Fakirs claim that this work can only be done on Fridays because Jumme ke din' (that is Friday) is the only day human beings can exert any control over evil spirits.

The tree under which the Fakirs sit is said to be more than two hundred years old. It is shrouded in mystery and legend. There are several conflicting stories about the tree and none are clear. One of the Fakirs who sits under this tree tells a story he heard from his father about the tree. The story goes back to about two hundred years. In those days there lived a Fakir Mohammed Bin. He had a daughter. His one aim in life was to get his only daughter married to a nice, decent man. His search for a suitable bride-groom bore him good results and he came across a good man to whom he was willing to give his daughter's hand. Mohammed Bin was a poor man but he wanted his daughter's marriage to go through as early as possible so as not to lose a golden proposal. To achieve this end he had to borrow money from a Sahukar or money lender. Unfortunately, the Fakir could not repay the Sahukar's money on time. The Sahukar was a very evil and unscrupulous man and started harassing the Fakir. When he found that his attempts were of no use and the Fakir was still unable to pay, he planned a hideous revenge - he killed the Fakir's son-in-law.

The Fakir was grief-stricken. He was a deeply religious man who had done no wrong in in his life. He cursed the Sahukar, gave him a 'bad dua' that the spirit of his son-in-law would first enter the soul of the Sahukar and after his death the souls of his sons. Entire generations would be possessed and freedom from the curse would come only with death.

After delivering this curse, the Fakir went and sat under this tree. After some time the Sahukar became possessed and died a short time later. Then his son was possessed. Eventually the Fakir took pity on the Sahukar's son and freed him of the possession by reading some 'Kalamas' under that tree.



From that time onwards Fakirs gather there every Friday and carry on the work of exorcising started by Fakir Mohammed Bin. Hundreds of people, supposedly possessed by evil spirits have been relieved under that tree. The procedure of exorcism is simple yet effective. The person possessed first ties a holy thread to one of the branches of the trees. After that the Fakir starts reading some 'kalamas' and a short time later the possessed person's head starts rotating vigorously. The Fakir shouts and talks with the spirit and tells it to leave the body and walk towards the tree. The person runs to the tree and gasping for breath starts talking in a totally different voice. This is said to be the evil spirit's voice. Then the spirit suddenly leaves the body and the victim falls down unconscious. Then the person is taken away, given a bath and allowed to sleep for a few hours before going home.

It seems strange indeed that such a phenomenon can be in existence in today's world but the ritual of exorcism has survived two hundred years of onslaught of scientific and technological explanation under the great legendary tree of Chabatra. ●


With best compliments from

**CEETE TYRES**

TYRE DEALERS

VYTTILA - COCHIN-682 019.

Phone : 362238 - 362192

When I see yonder the sun
Losing its glamour, I know
That twilight's near, the nights begun
Another day has lost its glow

It's a cold night with a silent stare
I feet its awesome hush
And the cool preeze in my hair
As the moon steals out with a blush

Far away on moon, so lonely
I stand gazing the beanty
The silent sky so lovely
Slowly, I begin to feel so guilty

I've never seen creation so beautiful
So striking, filled with mysteries
Every star placed so careful
Every moon in its place

Was it a silly chance
That such a sight's full of grace?
Or are you prepared to throw a glance
At the one above your place?

—Thomas Titus
II D. C. Physics

## FAR FAR AWAY

# STORY OF PLASTICS

The present age may be called the space age or atomic age. But we have equal justification in calling it the plastics age. Plastics, now-a-days, finds increasing applications along with steel, iron, wood etc. They also serve as good substitutes for many costly natural products. In this essay, let me discuss a few of the plastics and the various experiments that led to the development of them.

## What is plastic ?

The term 'plastic' comes from Greek meaning 'to shape'. It may be defined as a man-made substance which can be easily shaped by heating or it is a substance with molecules having long atomic chains. The special properties of plastics may be attributed to their structure. Carbon atoms show a unique property of forming covalent bonds with other carbon atoms to form long chains of carbon atoms. This property of carbon atoms is known as catenation. It is this property that makes carbon an essential component in many of the naturally occuring substances.

## The first man made plastic - PARKESINE - 1862

One of the most common naturally occuring substances is cellulose, which is the main woody substance in plants. It is with cellulose that the story of plastics really began. By the middle of the 19th century, chemists found that cellulose could be converted into other substances including cellulose nitrate.

Alexander Parkes, a British chemist from Birmingham, found that he could modify cellulose nitrate in such a way that it is mouldable. On adding the plasticisers - camphor - the hard cellulose nitrate is softened and becomes pliable. This substance, in fact, was the first man made plastic which he named 'Parkesine'. Parkesine had the look of ivory but it was flexible like leather.

## Celluloid - 1869

In 1869, John W. Hayatt, a printer from Albany, New York, came across a similar product while searching for a substitute for ivory in making Billiard Balls. He named the substance 'Celluloid'. In the earlier stages it had only limitted applications but its popularity increased when George Eastman, in the year 1889, began to use it as a base for flexible photographic films. Together with its popularity its commercial value also increased.

## Casein Plastic - 1897

In 1897 German Chemists found that, Casein, the chief protein of cow's milk, could be treated to form a substance that could be easily moulded and hardered. It was called casein plastic. It was made from skim

milk by mixing skim milk with rennet whereby casein was precipitated as a curd. The curd was then mixed with-various other materials to convert it into a mouldable mass. After moulding it was hardened by dipping it in formaldehyde solution. Even though this plastic was a cheap one it had various limitations in its application. One of its serious drawbacks was the time it took for hardening after moulding.

However, all the above said plastics could be moulded and remoulded by the application of heat. Such plastics are known as thermo plastics.

Bakelite - 1909

In 1909, Leo Hendick Backland, a Belgian Boru Chemist, while working to find a substitute to shellac. a natural product used in varnishes, discovered the first thermo setting plastic, which he named Bakelite. Bakeland investigated the various resinous materials obtained by the treatment of Phenol with formaldehyde and found that the reaction could be controlled to produce a resinous material in the form of a powder.

Bakelite was heat resistant and an excellant insulating material. So it was largely used in the manufacture of electric bulbs and switches. Bakelite was a great commercial success and this prompted the scientists all over the world to carry out their investigation on such resins with a new vigour. Consequently, the works of German Chemist Hermann Standinger in the early 1920's laid the theoretical basis for modern plastic industry. In 1922 he published the results of his researches and proposed that rubber is made up of a long chain of molecular units called isoprene. He showed that similar macro molecules could be produced by heating styrene which is the plastic polystyrene, commercially produced in 1930. He laid the theories of polymer formation for which he was awarded the Nobel prize in Chemistry in the year 1953.

Severe Shortage for natural substances, that the Germans had to face, made them produce the first synthetic rubber Buna Rubber in the year 1927. It was made from the chemical Buta-di-ene-a conjugated diene. In its manufacturing process, single molcule of Buta diene were polymerised together, in presence of the polymerising catalyst sodium. In 1931, a team of American chemists headed by Wallance H. Carothers produced the synthetic rubber nesprene from acetylene during their investigation into polymerisation of various materials This material was immediately storng, more durable and unaffected by oil, petrol or flames. In 1929 the swiss brothers Canithe and Henry Dreybus started their career in the manufacture of Cellulose acetate and they succeeded in it. It found its application in the manufacture of photographic plates.

Manufacture of Polythene

$$n\,CH_2 = CH_2 \longrightarrow\ —— [CH_2—CH_2]_n$$

Polyethylene

Later in the year 1933, Chemists of the Imperial Chemical industries (I.C.I) conducted experiments on ethylene by subjecting it to high pressures to see whether it could be polymerised Repeated attempts of them proved that ethylene could be polymerised into a plastic, now known as polythene.

Synthesis of Nylon

$$n\,NH_2 - (NH_2)_6 - NH_2 + nHOOC - (CH_2)_4 - COOH \longrightarrow$$

$$\left[ -HN-(CH_2)_6-NH-\underset{\underset{O}{\|}}{C}-(CH_2)_4-\underset{\underset{O}{\|}}{C}- \right]_n$$

Nylon 6, 6

In 1935 Wallaci H. Carothers and his research team synthesised nylon, an excellant textile fibre. They found that, when adipic acid was polymerised with hexa methylene diam ine formed the kind of molecule that they wanted Carothers was able to synthesise nylon in a commercial scale and soon it captured great demand in the market.

P. T. F. E



Polytetrafluoroethylene (Teflon)

In the year 1938 Du Pont Scientists, while conducting researches on refrigerants, accidently discovered the remarkable plastic material Polytetra fluro ethylene this plastic material is remarkable for its chemical inertness and highly slippery, surface. They are extremely strong and durable. They are now marketed under the name Tefion and Fluon.

In 1941 two scientists at the British Calico printer's association J. R. Whinfield and J. J. Pickson developed Terelene as an excellent fibre. It was produced from two chemicals called Terephthalic acid and ethylene glycol. Since it is the polymerised form of a group of organic compounds resulting in many ester linkages it is called polyester. Polyester fibres are strong but differ from Nylon in their resistance to stretching.

SILICONES





Silicone Polymer

Silicones were produced for the first time in 1942. A British Chemists Frederic stanley kipping began his studies in the year 1900. Regarding certan molecules having long atomic chains consisting of Oxygen and silicon. silicones are now produced in the form of both solids and liquids. They are extremely inert and resistant to heat, Hence they find wide range of application.

Production of P. V. C.

$$n\,CH_2 = CH - cl \longrightarrow - \left[ CH_2-\underset{\underset{cl}{|}}{CH}- \right]_n$$

P V C (poly vinylchloride)

In 1835, a Franch Chemists, Henri Victor Regunatt prepared a canipound called vinyl chloride while studying with acetylene gas. This solid compound is known as poly vinyl chloride (P.V.C). It was found to be hard and brittle. But in 1943 it was discovered that by the addition of certain plasticicers, P.V.C became a versatile plastic. It found immediate applications in the electrical industry as an insulator for wires.

Plastics are mouldable, hard and resistant to heat. No natural resines could give paints and varnishes such toughness and durability as the polywithrines. In surgery arterial replacements would have been impossible without Darlan tubings which being chemically very inert is not rejected by body tussnes. The production of plastics depends upon the availability of petroleum which is fast getting exhausted. With the rise in price of petroleum the cost of plastics must increase and then its use could be restricted to specialised applications for which no traditional alternatives exist.

Jaya Prakash K
II B.Sc. (Chem.)

## Mother



just another syllabic word,
But which holds a warm sea of love,
A word which helps thee live,
A heart which makes thy house a home.
Truly, Gods gift to man,
the loveliest expertise of the creators hand!
Patient to the sky; forgiving as the earth,
mother, tell me just what have I
done to deserve thee?
"Have I given you so much joy?
Or have I always cared for thy needs?
Or perhaps I have helped thee live thy life!"
But, in my heart I always know,
That I have done none of these things,
But slowly, as my cocoon burst,
Thought myself so self-sufficient, and
Frowning at everything you did, I said -
"mother, It's time you know
You're not so young now as before,
And I'm not y'r 'li'l child' anymore
So save your bedtime stories so false,
For someone who needs them so!"
But you, in your sweetness, never believed,
That I, for one moment, wasn't your 'li'l child',
But lived your life day by day
Shedding secret tears of your own,
mother, I know when I was young,
You taught me the right way things
should be done,
And when sorrows struck me at my core, and
I had nobody but my shadow to cry with,
There was always a hand so sweet,
A touch like silence but so consoling,
caressing whispers like a gentle breeze,
That revived my drooping spirits,
That hand, that touch, mother,
—was none other than thine own.
And this I know for sure -
I owe everthing I have to thee,
mother, sweet mother of mine.

—Kavitha Joseph—
I st D.C. (Physics)

# MY EXPERIMENTS WITH TRUTH



Higginbothams is one of the most well-equipped bookshops in Madras. It has books covering various topics and languages. I needed the book titled "My experiments with truth" written by the father of the nation Mahatma Gandhi.

As I entered the bookshop I saw many books, of many colours and sizes and hence went to my favourite section "Comics".

As I was perusing these books something shiny caught my attention. I looked and stared but couldn't decipher what it was. I dropped my comic book and walked over to this section. I saw a small sized Hardy boys book "The mark on the door". I went through the pages and at once decided to purchase it. I slipped it into my pocket and went on perusing other books.

Little did I know that I was being watched by one of the supervisors. As I continued going through the other books the Manager came near me and told me to come to his office.

I went in and he told me to take out the book inside my pocket. I immediately took it out and told him that my intention was to purchase it rather than steal it.

He told me that he was not convinced with my argument and went on saying that I was a thief, a cheat and a biblio-kleptomaniac. He later gave me a moral lecture saying that there was a person above us watching all our activities.

I was dumbfounded and did not know what to say. My only concern at that time was about how many people had seen me and what a disgrace it would bring to me and to my parents.

I apologised for my action and told him that this would not be repeated in future. The Manager was reluctant to let me go unpunished and he told me that he would have to inform my parents about this.

He sent a man with me to may residence on a cycle. As we were approaching my house an idea struck me. What if I took him in another direction and then some how escaped? Hence I took him by another route and when the chance came I ran away from him. But alas! He was faster than I. He caught me and gave me a spanking and this time warned me that if I did not take him to my house he would give me up to the police,

This time I did not try any tricks.

I took him to my house where he told my mother of my inadvertence. He later took off.

Will I or will I not have a worse day, I do not know. For all I could see were 'stars' that day. Later in the evening I took a Hardy boys book from my cupboard and started reading.

It was a brand new Hardy boys book I had flicked a day before.

RAJGOPAL DEVADAS
I M. Com.

# OBLIVION



Walking once again down Memmories' Lane,
you remember your days of joy and pain.
And though photographs may remain clear as morn,
you wonder where the past passion is gone.
You reach into the depths of the mystic mind,
to recall the joys of a different kind.
And find that the notes of childhood's clarion,
are gone with the wind, deep into oblivion.
The times that you felt greatly loved,
and silly affairs had your mind ploughed,
With the choking touch of a lovely lady,
and the sting of laconic jealousy,
the mad passions of freedom and youth,
though now considered wildly uncouth,
you realise, have all gone deep down.
Where? you might ask with a little frown.
The times you went after material gains,
to possess and conquer, amidst losses & pains,
and the hystoric happiness of victory,
have all become images so hazy.
So are the moments of drowning desperation,
when faced with Truth's Confrontation,
because time put forth pressing matters
that broke the links of the passionate fetters.
So, take it easy, along the path of life,
dont get hurt or slashed by the wicked knife,
or get your ego bloated with small silly events,
for, you're to be ready for the coming dents.
Because, when oblivion takes over the reign,
when in our minds nothing but spaces remain,
and all passion is burnt to dying embers,
not one of them will remain, who still remembers.

Binny, II B Com

# ലിസ് മിരാൻഡ ഒരു കന്യകയാണ്

എന്നത്തേയും പോലെ അന്നും അവൾ മലർന്നു കിടന്നു. അപ്പോൾ ആകാശം മലർന്നു നിൽക്കുന്നതായി അവൾക്കു തോന്നി. ലിസ് മിരാൻഡയ്ക്ക് ഉറക്കം വരുന്നില്ലായിരുന്നു. ഇറക്കം കുറഞ്ഞ ഉടുപ്പിന്റെ അറ്റത്തെ നീണ്ട നൂലുകളിൽ വിരലുകൾ പിണച്ചുകൊണ്ട് അവൾ കിടന്നു. അവളുടെ തിളക്കമുള്ള കണ്ണുകൾ ആകാശത്തിലെ കൊന്ത നക്ഷത്രങ്ങളിൽ തറച്ചുനിന്നു. വിലപിടിപ്പുള്ള ഒരാഭരണം കാണുന്ന കൗതുകത്തോടെ അവൾ അതിനെ നോക്കി. തന്റെ കഴുത്തിൽ ആരെങ്കിലും എന്നെങ്കിലും അണിയിക്കുന്ന മാല ഇതുപോലെ തിളക്കമുള്ളതായിരിക്കണം! അവളുടെ ആഗ്രഹങ്ങൾക്ക് ഒരിക്കലും കടിഞ്ഞാണില്ലായിരുന്നു. അവളുടേതെന്നു പറയാൻ അവൾക്കുണ്ടായിരുന്നതോ ജീവിതത്തിൽ ഒരിക്കൽമാത്രം അവൾ കണ്ടിട്ടുള്ള അവളുടെ അപ്പൻ സമ്മാനമായി നൽകിയ ഒരു നീലയുടുപ്പുമാത്രമായിരുന്നു. വിശേഷദിവസങ്ങളിൽ മാത്രം ധരിക്കാൻ സൂക്ഷിച്ചു വച്ചിരുന്ന ആ ഉടുപ്പണിയുമ്പോൾ അവൾ മാലാഖയെപ്പോലെ സുന്ദരിയായിമാറും. അവൾ വലുതാകുന്നതോടൊപ്പം എന്തൊക്കെയോ അസ്വാസ്ഥ്യങ്ങൾ അവളെ പിന്തുടർന്നുകൊണ്ടിരുന്നു. ഒരിക്കൽ ആ ഉടുപ്പിനുള്ളിൽ ഒതുങ്ങാതെ വരുന്ന തന്റെ ശരീരത്തെക്കുറിച്ചോർക്കുമ്പോൾ അവൾക്ക് ചെറുതാകണമെന്നുതോന്നും, കടുകുമണിയോളം ചെറുതാകണമെന്ന്!

ഗോവൻ തീരങ്ങളിൽ ഉൽസവത്തിമിർപ്പ് എന്നേ ആരംഭിച്ചു കഴിഞ്ഞു. ഇനിയുള്ള രാവുകളൊക്കെ സംഗീതസാന്ദ്രമായിരിക്കും. ക്രിസ്മസ് രാവുകളെ എന്നും അവൾക്കു ഇഷ്ടമായിരുന്നു. അങ്ങനെ ഉടുപ്പുമിട്ട്, ബിയർ ടിന്നുകളിൽ മെഴുക് നിറച്ചുണ്ടാക്കുന്ന തിരികളും കത്തിച്ച് പാതിരാവിന്റെ കുളിരിൽ പാട്ടും പാടി നടക്കുമ്പോൾ അവൾ ലിസ്മിരാൻഡ ആണെന്ന കാര്യംമറന്നു പോകുമായിരുന്നു. ഉടുത്തൊരുങ്ങാൻ കണ്ണാടിക്കു മുന്നിൽ നിൽക്കുമ്പോഴൊക്കെയും അവളുടെ വിരലുകൾ ഇടത്തേ കവിളിൽ പരതിനടക്കും. ലിസ്മിരാൻഡ എന്ന കൊച്ചുപെണ്ണിന്റെ ഇടത്തേ കവിളിൽ ഒരു മറുകുണ്ടായിരുന്നു. അവളുടെ തുടുത്ത കവിളിന് പാകത്തിൽ, മാത്രമേ അതിന് വലിപ്പമുണ്ടാ

ന്നുള്ളു. കണ്ണാടിയിൽ നോക്കി മറുകിനെക്കുറിച്ചാലോചിക്കുമ്പോഴൊക്കെയും അവൾ ഒരാളെക്കുറിച്ചോർക്കും. വെള്ളക്കുതിരപ്പുറത്ത് അതിമനോഹരമായ വസ്ത്രങ്ങൾ അണിഞ്ഞ്, അരികുവളഞ്ഞ തൊപ്പിയും വച്ച് വരാറുള്ള ഒരാൾ. അയാളുടെ ഇടതുകൈയ്യിൽ ഒരു ഗിത്താറുണ്ടാകും. രാത്രിയുടെ ഏകാന്തതയിൽ, നക്ഷത്രങ്ങളെ സാക്ഷിനിർത്തി, നിലാവിന്റെ വീഥികളിലൂടെ അയാൾ കടന്നുവരും. അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്ന കുളമ്പടി നാദം അവളെ അയാളിലേക്ക് അടുപ്പിക്കും. അപ്പോൾ അവളുടെ ചലനങ്ങൾ തികച്ചും യാന്ത്രികമായിരിക്കും. അവളെ കുതിരപ്പുറത്തു കയററി അയാൾ യാത്രയാകും. അനേകം കാതം അകലേക്ക് അയാൾ അവളെ കൊണ്ടുപോകും. നിലാവ് മെത്ത വിരിച്ച ഒരു പുൽത്തകിടിയിൽ അവർ ഇറങ്ങും. ആകാശമേൽക്കൂരയിൽ എവിടെയാണോ നക്ഷത്രങ്ങൾ കൂട്ടമായി നിൽക്കുന്നത്, അതിന് കീഴെ അവർ ഇരിക്കും. അയാൾ അവളെ തന്റെ മടിയിൽ കിടത്തും. അവളുടെ നെഞ്ചിൽ ചാരിവച്ച ഗിത്താറിന്റെ കമ്പികളിൽ അയാൾ വിരലുകൾ ചലിപ്പിക്കും. നിർവൃതിയിലെന്നോണം അവളുടെ കണ്ണുകൾ കൂമ്പും. തുടുത്ത കവിളുകളിൽ അരുണിമ പടരും. അവളുടെ പോളിനേഷ്യൻ നയനങ്ങളിൽ അയാൾ ചുണ്ടുകളമർത്തും. അപ്പോളവൾ ബിഥോവന്റെ ഏഴാം സിംഫണി പോലെ സുന്ദരമായ ഒരു രാഗമായിരിക്കും.



അവളൊരു നെടുവീർപ്പോടെ നിവർന്നുകിടന്നു. ജാലകത്തിനപ്പുറത്ത് ജോത്തൻ കിടപ്പുണ്ട്. കുടിച്ച് ലക്കില്ലാതെ ഉറങ്ങുന്ന അവനെ തെല്ല് ഭയത്തോടെ അവൾ നോക്കി. ജോത്തനെക്കുറിച്ച് വളരെയൊന്നും അവൾക്കറിയില്ലായിരുന്നു. ഓർമ്മ വച്ച നാൾമുതൽ ഒരേ രൂപത്തിലും ഭാവത്തിലുമാണു് അവനെ കാണുന്നത്. വികൃതമാണ് അവന്റെ സ്ഥായിയായ ഭാവം. ജീവിതത്തിന്റെ ലക്ഷ്യം കച്ചവടമാണെന്നായിരുന്നു അവന്റെ മതം. കൈയ്യിൽ കിട്ടുന്ന എന്തും വിററ് കാശാക്കും. ബോധമുള്ളപ്പോഴൊക്കെ അവളെ വലിയ ഇഷ്ടമായിരിക്കും. അവൾക്കും അവനോട് അൽപം സ്നേഹമുണ്ടായിരുന്നു. ആ സ്നേഹം കിട്ടുന്നതുകൊണ്ടുമാത്രമാകാം അവനവളെ കൂടെ പൊറുപ്പിച്ചത്. നീളമുള്ള പലകപ്പെട്ടിയിൻ മേലാണ് അവൻ കിടന്നിരുന്നത്. ആപ്പെട്ടിക്കുള്ളിലാണ് അവളുടെ അമൂല്യ നിധിയായ നീലഉടുപ്പ് സൂക്ഷിച്ചിരുന്നത്. അതുകൊണ്ടുതന്നെ അവൾക്ക് തെല്ല് ഭയമുണ്ടായിരുന്നു.

അവൾ വലതുകൈകുത്തി എഴുന്നേററിരുന്നു കാതുകൂർപ്പിച്ചു. അകലെയെങ്ങോ അലയടിച്ചിരുന്ന നാടോടി ഗാനത്തെ മറികടന്നുവരുന്ന കുളമ്പടിനാദം! ഉൽക്കടമായ ആനന്ദത്തോടെ അവൾ ജാലകത്തിനരികെ വന്നുനിന്നു. അയാൾ കടന്നുവരാറുള്ള വീഥികൾ വെള്ളിരേഖകൾ പോലെ തെളിഞ്ഞു കിടന്നിരുന്നു. ക്ഷണം നീങ്ങുന്ന നിഴലിനെ പിന്നിലാക്കികൊണ്ട് അയാൾ കടന്നുവന്നു. ജാലകത്തിലൂടെ പുറത്തേക്ക് നീട്ടിയിരുന്ന കൈകളിൽ അയാൾ ചുംബിച്ചു. ഏകാന്തത നിറഞ്ഞ സ്വരത്തിൽ അയാൾ സംസാരിച്ചു തുടങ്ങി— ''ലിസ് മിരാൻഡ നിനക്കെന്റെ രാജ്യം കാണേണ്ടേ? അവിടേക്ക് നിന്നെ കൂട്ടിക്കൊണ്ടുപോകുവാൻ ഇതിനേക്കാൾ മനോഹരമായ ഒരു രാത്രി ഇനിയുണ്ടായി എന്നു വരില്ല''. അവളുടെ കണ്ണുകൾ വിടർന്നു.— ''എവിടെയാണ് അങ്ങയുടെ രാജ്യം? ''അനേകം കാതമകലെ! മലകളും പുഴകളും കടന്ന്, പ്രകൃതിശക്തികളിൽ നിന്നൊക്കെ വിമുക്തമായ 'പറുദീസകളുടെ പറുദീസ' എന്നു ഞങ്ങൾ വിളിക്കുന്ന ഞങ്ങളുടെ താവളത്തിലേക്ക് നിന്നെ ഞാൻ കൊണ്ടുപോകും''. അവൾ അയാളുടെ കണ്ണുകളിലേക്ക് നോക്കിനിന്നു. അയാളുടെ തീക്ഷ്ണമായ നോട്ടം അവളെ വശീകരിച്ചു കഴിഞ്ഞിരുന്നു. ''ഇക്കാലമത്രയും നിനക്കായ് ഒരുക്കങ്ങൾ നടത്തുകയായിരുന്നു ഞാൻ. എല്ലാം ഉപേക്ഷിച്ച് എന്റെ കൂടെ വരാൻ നിനക്കു കഴിയണം. നിനക്കായ് ആയിരങ്ങൾ അവിടെ കാത്തിരിക്കയാണ്. വിലപിടിപ്പുള്ള രത്നങ്ങൾ പതിച്ച മാലകളും, ഒന്നാന്തരം വസ്ത്രങ്ങളും, വിശിഷ്ടാതിഥികൾക്ക് നല്കാനായി

ണ്ണിനടിയിൽ കരുതിവച്ചിരുന്ന വീഞ്ഞും, ഉണങ്ങിയ പഴവർഗ്ഗങ്ങളും, നറുതേനും അവർ നിനക്കു തരും!" അവളുടെ കൈത്തലം അയാളുടെ വിരലുകൾക്കുള്ളിലിരുന്ന് വിറച്ചു. അയാളോടു ചോദിക്കാൻ അവളുടെ മനസ്സിൽ നൂറുനൂറു ചോദ്യങ്ങളുണ്ടായിരുന്നു. പക്ഷേ ഒന്നും ചോദിക്കാനായില്ല. "ലിസ് മിരാൻഡാ, നിനക്ക് തീരുമാനങ്ങളെടുക്കാൻ അധികം നേരം വേണ്ട എന്നെനിക്കറിയാം. നിന്റെ തീരുമാനം എന്താണെന്നും എനിക്കറിയാം. നിന്റെ മൗനം ഞാൻ സമ്മതമായി എടുക്കുന്നു". അവളുടെ അസ്വാസ്ഥ്യം വർദ്ധിക്കുകയായിരുന്നു. അവളുടെ ചുണ്ടുകൾ അവളറിയാതെ ചലിച്ചു തുടങ്ങി.— "അങ്ങയുടെ കൂടെ വരുവാൻ ഞാനൊരുക്കമാണ്. എങ്കിലും ഞാൻ മറന്നുപോകുമായിരുന്ന ഒരു ജീവിതത്തെക്കുറിച്ച് മരിക്കുവോളം ഓർക്കുവാൻ എനിക്കൊന്ന് അനുവാദം തരണം. അതിനായ് എന്റെ പ്രിയപ്പെട്ട നീല ഉടുപ്പ് ഞാൻ കൈവശം കരുതും". "നിന്റെ ഇഷ്ടം പോലെ" അയാൾ അവളുടെ കൈകളിലെ പിടിവിട്ടു. "കോഴികൂവുന്നതിനു മുമ്പ് നീ പുറത്തുവരിക. കുതിരയുമായി ഞാനിവിടെ നില്ക്കുന്നുണ്ടാകും". ഒന്നുകൂടി അവളെ നോക്കിയിട്ട് അയാൾ നിഴലുകളിൽ മറഞ്ഞു.

ജോത്തന്റെ മുഖത്തേക്കവൾ സൂക്ഷിച്ചു നോക്കി. അവനു ബോധം തെളിയണമെങ്കിൽ ഇനിയും മണിക്കൂറുകൾ എടുക്കും. അവന്റെ പാതി ശരീരം പലകയ്ക്ക് പുറത്തായിരുന്നു. എങ്ങനെയെങ്കിലുമിവനെ തള്ളിനിലത്തിടണം. അതിനായവൾ അവന്റെ മുതുകത്ത് വിറയ്ക്കുന്ന കരങ്ങൾ കൊണ്ടു സ്പർശിച്ചു. കൈപൊള്ളുന്നതു പോലെ അവൾക്കു തോന്നി. ചലനമററ കൈകളും കാലുകളും നേരെയാക്കി, മെല്ലെ വലിച്ച് തറയിൽ തൊടുവിച്ചു. എന്നിട്ട് ശരീരത്തിന്റെ മദ്ധ്യഭാഗം സർവ്വശക്തിയുമെടുത്ത് പൊക്കിനിലത്തു കിടത്തി. അവന്റെ മുഖത്തു നിന്ന് കൈയ്യിൽ പററിയ തുപ്പൽ അവന്റെ പുറത്തുതന്നെ തുടച്ചു. എന്നിട്ട് പെട്ടിയുടെ മരപ്പലകകൾ പൊക്കി മാററി, ഉടുപ്പ് പൊതിഞ്ഞു വച്ചിരുന്ന തുണിക്കെട്ടെടുത്ത് പുറത്തു വച്ചു. ജാലകത്തിലൂടെ കടന്നു വന്ന കാററിൽ പാട്ടവിളക്കിന്റെ നാളം ചാഞ്ചാടി. കടും കെട്ടുകളഴിച്ച് എല്ലാം വിതറിയിട്ടു. അവളുടെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നു പോയി! കണ്ണുകളിൽ വന്നടിഞ്ഞ ജലകണങ്ങൾക്കപ്പുറം എല്ലാം മൂടൽമഞ്ഞുപോലെ. പെട്ടിക്കകത്തുണ്ടായിരുന്ന സമ്പാദ്യങ്ങളെല്ലാം ഒന്നൊന്നായി അവൾ പുറത്തെടുത്തിട്ടു. വളപ്പൊട്ടുകളും, മുത്തുകളും, ബിയർ ടിന്നുകളും നിലത്തു ചിതറിവീണു. മുട്ടുകുത്തിയിരുന്ന് കൈകൾകൊണ്ട് അവളതെല്ലാം തട്ടിത്തെറിപ്പിച്ചു, എന്നിട്ടും മതിവരാത്തതുപോലെ വീഞ്ഞൊഴിച്ചു വച്ചിരുന്ന ബാരലെടുത്ത് കമഴ്ത്തിയിട്ടു. അതിൽനിന്നും ചാലുകളായ് രക്തവർണ്ണത്തിൽ വീഞ്ഞൊഴുകി. ഭൂമികുലുങ്ങുന്നതുപോലെ അവൾക്ക് തോന്നി. ഇതൊക്കെ നടക്കുമ്പോഴും ജോത്തൻ ഒന്നുമറിയാതെ നിലത്ത് കമഴ്ന്നു കിടക്കുകയായിരുന്നു.

ലിസ് മിരാൻഡയ്ക്ക് ഭ്രാന്തുപിടിച്ചതു പോലെയായിരുന്നു. കണ്ണാടിക്കുമുന്നിൽ വന്നുനിന്ന് സ്വന്തം മുടിയിൽ കുത്തിപ്പിടിച്ചു വലിച്ചു. അവളുടെ കണ്ണുകൾക്ക് ചോരനിറമായിരുന്നു അപ്പോൾ. കൂരയ്ക്കു മുകളിലെങ്ങോ ഉറക്കം തൂങ്ങിയിരുന്ന ഒരു പൂവൻ കോഴി സമയം തെററി കൂവി. അവൾക്കപ്പോഴാണ് പരിസരബോധമുണ്ടായത്. മുടിയിൽ നിന്ന് പിടിവിട്ട്, പുറത്തേക്കുള്ള വാതിൽ ലക്ഷ്യമാക്കി അവൾ പാഞ്ഞു. സാക്ഷനീക്കി പുറത്തു വന്നുനോക്കിയപ്പോൾ നിലാവിന്റെ വീഥികളിലൊക്കെ നിഴലുകൾ ഇണചേരുകയായിരുന്നു. ചീവീടുകളുടെ ശബ്ദങ്ങൾക്കപ്പുറം, അകന്നകന്നു പോകുന്ന കുളമ്പടി നാദം കേൾക്കാമായിരുന്നു. ആ കുളമ്പടികൾക്കൊപ്പം അവളുടെ ഹൃദയവും താളം പിടിച്ചുകൊണ്ടിരുന്നു. അപ്പോഴും ആകാശത്തിലെ കൊന്ത നക്ഷത്രങ്ങൾ മാഞ്ഞുപോയിരുന്നില്ല.

അലക്സാണ്ടർ നെബു
II DC കെമിസ്ട്രി



# വിപരീതചിഹ്നങ്ങൾ

ഈണമിട്ടു തുള്ളുന്ന കാററിന്നരികെ,
പൊള്ളുന്നൊരോർമ്മയായ് മാറുന്നു മൗനം
വാചാലമെങ്കിലുമതിനെക്കുറിച്ചൊ-
രായിരം കഥകൾ ചമയ്ക്കുന്നു നിങ്ങൾ.
നിങ്ങൾ മരിക്കുന്ന ലോകത്തിനെന്നും
നിങ്ങളെ താങ്ങായ് ഭവിഷത്തെന്നും.
ഞാൻ പോലുമറിയും മുമ്പേ വരച്ചില്ലേ,
നിങ്ങളൊരു വരയെൻ നെറുകയിൽ.
ഭാവി ഭൂതവർത്തമാനങ്ങളൊക്കെ
പറയുന്ന നെടുരേഖതൻ നടുവിൽ
കുടുങ്ങിപ്പോയതിൻ വ്യഥയിന്നുമെൻ-
മനസ്സിൽ കിടപ്പൂ കല്ലു പോലെ.
കാലത്തെ ജയിക്കാൻ മരുന്നുകൾ
തേടുന്ന തുല്യദുഃഖിതർ നമ്മൾ!
നമുക്കായ് വിശ്വം ചമച്ചൊരു കോണിലെ-
ചിതൽപ്പുററിനുള്ളിൽ ഒളിക്ക വേഗം.
വെച്ചു വിളമ്പുന്നതിൽ നിന്നൊരു വററെങ്കിലും
സ്വരുക്കൂട്ടുക നിത്യം നാളെയ്ക്കായ്.
വററുകൾകൊണ്ട് നിറയാത്ത വയറുകളെ
മണ്ണുവാരി നിറയ്ക്കാം നമുക്കിന്ന്!
എങ്കിലേ മോക്ഷത്തിനർത്ഥമുള്ളൂ.
സത്യമാർഗ്ഗത്തിനു ലക്ഷ്യമുള്ളൂ-
പത്രക്കാരുടെ മുന്നിൽ, പന്തിയിട്ടു-
പത്രാസുകാരികൾ വിളമ്പുന്നൊരൂണിനെക്കാൾ,
പാവങ്ങൾക്കിഷ്ടം ചവർപ്പുള്ളയീ-
മണ്ണിനോടെന്നറിയുക, നിങ്ങൾ!
വിപരീതചിഹ്നങ്ങളിവയിൽ ശരിയെന്നു
തോന്നുന്നതിനു മുകളിൽ കയറിപ്പററുക നിങ്ങൾ!

xxx

## പഞ്ചാബ് : തീവ്രവാദത്തിന് പുതിയ മാനങ്ങൾ

ഇന്ത്യൻ രാഷ്ട്രീയത്തിലെ അർബുദമായ തീവ്രവാദ രാഷ്ട്രീയം, സമകാലീന സംഭവങ്ങളിൽ മുഖ്യമായതും ആദ്യം ആരംഭിച്ചതും പഞ്ചാബ് പ്രശ്നമാണ്. സിമ്രൻജിത് സിംഗ് മാൻ പ്രത്യക്ഷത്തിൽ ജനാധിപത്യ രീതികളിലൂടെ പഞ്ചാബിലെ തീവ്രവാദ രാഷ്ട്രീയത്തിന് നൽകിയ പുതിയ മുഖം അപകടം നിറഞ്ഞ ഒരു തന്ത്രമാണ്. മെഷീൻഗണ്ണുകളും ബോംബുകളും മാത്രമല്ല, തെരഞ്ഞെടുപ്പും ജനപിന്തുണയും അവരുടെ കുടിലരാഷ്ട്രീയ തന്ത്രങ്ങൾക്ക് ഉപകരണങ്ങളാവുന്നു.



സിമ്രൻജിത് സിംഗ് മാൻ അനുയായികളോടൊപ്പം



രാമശിലകൾ അയോദ്ധ്യയിലേക്ക്

## ബാബറി മസ്ജിദോ, രാമജന്മഭൂമിയോ?

അയോദ്ധ്യ ഒരു പടക്കളമാവുകയാണ്. ഇഷ്ടികമാർച്ചുകളുടെയും ജിഹാദ് വിളികളുടെയും രണഭേരികൾ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഏററവും വലിയ ഭീഷണിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഭാവനാശാലികളായ ഭരണഘടനാനിർമ്മാതാക്കളുടെ മതേതര സങ്കൽപങ്ങളുടെ അന്തഃസത്തയെ പരിഹസിച്ചുകൊണ്ട് മതമൗലിക വാദികൾ അതങ്ങു തകർക്കുകയാണ്. നാമിത് വകവച്ചു കൊടുക്കുന്ന കാലത്തോളം ഒരു മഹാജനത മതാന്ധകാരത്തിന്റെ ഇരുണ്ട യുഗങ്ങളിൽ തന്നെ കഴിയേണ്ടിവരും.........

ഫീച്ചർ യൂണിററ്

# കാശ്മീർ



അമാനുള്ളഖാൻ



ഭീകരവാദികളുടെ ബുദ്ധി കേന്ദ്രം

## വിദേശ ഹസ്തങ്ങളുടെ തീവ്രവാദ ഉപജാപങ്ങൾ

വിനോദ സഞ്ചാരികളുടെ പറുദീസയായ കാശ്മീർ ഇന്ന് തീവ്രവാദികളുടെ അഴിഞ്ഞാട്ടം കൊണ്ട് വീർപ്പുമുട്ടുന്നു. ജെ. കെ. എൽ. എഫിന്റെ പാക്കിസ്ഥാൻ ബന്ധം ഇന്നു രഹസ്യമല്ല. ഭരണഘടനയിലൂടെ അനുവദിച്ചു കൊടുത്ത പ്രത്യേകാവകാശങ്ങൾ അനുഭവിച്ചു പോന്ന, മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമ്പത്തിക-സാമൂഹ്യ മേഖലകളിൽ ഉയർന്ന നിലവാരം പുലർത്തുന്ന ഒരു ജനതയുടെ പേരിൽ ഇന്നു ഒരു സംഘം തീവ്രവാദികൾ കലാപത്തിനു ഇറങ്ങി പുറപ്പെട്ടിരിക്കുകയാണ്. ഭാരതത്തിന്റെ അഖണ്ഡതയെയും ദേശീയ വികാരത്തെയും വെല്ലുവിളിക്കുന്ന കാശ്മീർ തീവ്രവാദികൾക്കെതിരെ കക്ഷിരാഷ്ട്രീയാതീതമായ അഭിപ്രായ രൂപീകരണം നടക്കേണ്ടിയിരിക്കുന്നു.

ഫീച്ചർ യൂണിററ്





ഭീകര പ്രവർത്തനങ്ങളുടെ ഭിന്നമുഖങ്ങൾ

## ജനാധിപത്യം കശാപ്പു ചെയ്യപ്പെടുന്നു

മേഹം തെരഞ്ഞെടുപ്പ് അതിക്രമങ്ങൾ പ്രാഥമികമായും ജനാധിപത്യ ധ്വംസനമാണ്. നമ്മുടെ തലമുതിർന്ന നേതാക്കൾ പോലും രാഷ്ട്രീയ മര്യാദ പുലർത്തുവാൻ വിസമ്മതിക്കുന്നത് ആശങ്കാജനകമാണ്. സ്ഥാനാർത്ഥിയുടെ ജീവൻപോലും നിരന്തരമായി നീളുന്ന ആരോപണ പ്രത്യാരോപണങ്ങളിലെ കരുവാകുന്നു. മൂല്യം നഷ്ടപ്പെടുന്നത് ഏറെ വാഴ്ത്തപ്പെട്ട മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിനു മാത്രമല്ല; ഒരു ജനതയുടെ മുഴുവൻ പ്രതീക്ഷകൾക്കുമാണ്.

ഫീച്ചർ യൂണിറ്റ്

മേഹം



സ്വതന്ത്രസ്ഥാനാർത്ഥി അമീർസിംഗ് വധിക്കപ്പെടുന്നു.



ചൗതാലയുടെ 'പച്ചപ്പട'




ആസുരമായ നമ്മുടെ കാലത്തിന്റെ വാങ്മയ ചിത്രങ്ങൾ ഭയാനകമായി
തെളിഞ്ഞു വരുന്നു. ബന്ധങ്ങളുടെ പവിത്രത, മനുഷ്യത്വത്തിന്റെ
ആർദ്രത, ഭൂമിയുടെ പച്ചപ്പ് എല്ലാം നമുക്ക് നഷ്ടപ്പെടു
കയാണ്. ചില്ലറത്തുട്ടുകൾക്ക് വേണ്ടി തെണ്ടുന്ന
നമ്മുടെ കുഞ്ഞുങ്ങളും തൊഴിലില്ലാത്ത ചെറു
പ്പക്കാരാവാൻ വേണ്ടി മാത്രം ഡിഗ്രി
യുമായി കലാലയങ്ങളിൽ നിന്നു
പുറത്തിറങ്ങുന്ന നമ്മുടെ
യുവാക്കളും എന്നാണ്
ഒരു യാഥാർത്ഥ്യ
മല്ലാതാവുക?

# കമ്മ്യൂണിസത്തിന്റെ പ്രതിസന്ധി

## കമ്യൂണിസത്തിന്റെ അപചയം



—പ്രസ്ഥാനത്തിന് വേണ്ടി മർദ്ദനമേററവർ, രക്തസാക്ഷിത്വത്തിന്റെ അനാഥത്വം. മാർക്സും എംഗൽസും 1948-ൽ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോവിനുള്ള ആമുഖത്തിൽ ഇങ്ങനെയെഴുതി. "യൂറോപ്പിനെ ഒരു ഭൂതം പിടികൂടിയിരിക്കുന്നു. കമ്യൂണിസം എന്ന ദുർഭൂതം". ഇന്ന് ആ ഭൂതം യൂറോപ്പിനെ വിട്ടൊഴിഞ്ഞുകൊണ്ടിരിക്കുന്നു.

കിഴക്കൻ യൂറോപ്പിൽ, റഷ്യയിൽ, ചൈനയിൽ, ഹംഗറിയിൽ, പോളണ്ടിൽ, ചെക്കോസ്ലോവാക്യയിൽ എല്ലായിടത്തും കമ്യൂണിസം വിചാരണ ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ അവസാനിക്കുന്നതിങ്ങിനെയാണ്. "സർവ്വരാജ്യത്തൊഴിലാളികളെ സംഘടിക്കുവിൻ, നിങ്ങൾക്ക് നഷ്ടപ്പെടുവാൻ ചങ്ങലകൾ മാത്രം, നേടുവാനോ മുഴുവൻ ലോകവും" മാർക്സിന്റെ പ്രോലിറേററിയന് ഇന്ന് നഷ്ടപ്പെടുവാൻ പലതുമുണ്ടെന്നായിരിക്കുന്നു.

"നൂറ് പൂക്കൾ വിരിയട്ടെ, നൂറ് ചിന്താധാരകൾ ഏററുമുട്ടട്ടെ" എന്ന് പറഞ്ഞ മാവോയുടെ നാട്ടിൽ ടിയാനൻ മെൻസ്ക്വയറിൽ ആയിരക്കണക്കിന് യഥാർത്ഥ കൗമാരപുഷ്പങ്ങൾ ചോരപ്പൂക്കളായ് വിരിഞ്ഞു.

അധികാരം തോക്കിൻകുഴലിലൂടെ എന്ന മാവോസൂക്തം 1989 ജൂൺ 4ന് ഒരിക്കൽകൂടി യാഥാർത്ഥ്യമായി.

റഷ്യയിൽ സാർചക്രവർത്തിമാരുടെ കമ്യൂണിസ്റ്റ് വിപ്ലവകാരികൾക്കുവേണ്ടിയുള്ള സൈബീരിയൻ തടവറകൾ സ്റ്റാലിന്റെ പ്രതിവിപ്ലവകാരികൾക്ക് കൂടി അവകാശപ്പെട്ടതായി മാറി.

അന്യന്റെ വാക്കുകൾ സംഗീതംപോലെ ആസ്വദിക്കാവുന്ന യുഗത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ വെറും പാഴ്ക്കിനാവുകളോ? മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത സമൂഹത്തെക്കുറിച്ചുള്ള മാർക്സിന്റെയും, എംഗൽസിന്റെയും, ലെനിന്റെയും, മാവോയുടെയും സ്വപ്നങ്ങൾ ജലരേഖകൾ മാത്രമോ? കമ്യൂണിസത്തിന്റെ അപചയങ്ങൾ കിഴക്കൻ യൂറോപ്പിലെ സംഭവവികാസങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുന്ന ഫീച്ചർ തുടർന്നുള്ള പേജുകളിൽ വായിക്കുക.

എഡിറ്റർ

ഒരു പ്രത്യയശാസ്ത്രമെന്നനിലയിലും, സംഘടനാ അധികാരരൂപം എന്ന നിലയിലും കമ്യൂണിസം ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. സ്റ്റാലിനിസത്തിന്റെ കരിനിഴലിൽ നിന്നും വിമുക്തമായ യൂറോപ്പ് ഇന്ന് നവയുഗസൃഷ്ടിയിലേക്ക് ഉണരുകയാണ്.

സ്വന്തം മരണത്തിന്നിടയിലും ഹിംസയിൽ ആനന്ദം കണ്ടെത്തുന്ന ഒരു നികൃഷ്ടജീവിയെപ്പോലെ മൺമറയുന്നതിനുമുമ്പ് റുമേനിയയിൽ നാമതിന്റെ വ്യാളീമുഖം കണ്ടു. ചൈനയിലെ പതിനായിരങ്ങളെ കൊലചെയ്ത കമ്യൂണിസ്റ്റുകാരുടെ വിദ്യാർത്ഥിവേട്ടയ്ക്ക് പുറമെയാണിത്.

## ചൈന

ഒരു ജൂൺ മാസം. ജനാധിപത്യവും സ്വാതന്ത്ര്യവും ആവശ്യപ്പെട്ടുകൊണ്ട് ടിയാനൻമെൻ സ്ക്വയറിൽ തങ്ങുകയായിരുന്ന പതിനായിരക്കണക്കിന് വിദ്യാർത്ഥികളെയാണ് '27-ാം ജനകീയ വിമോചനസേന ' വെടിവച്ചിട്ടത്. ഒരു കുടുംബത്തിൽ ഒരു കുട്ടി എന്ന് കർശനമായി നിഷ്കർഷിക്കപ്പെടുന്ന ചൈനയിൽ ആ കൊടും പാതകങ്ങൾ സൃഷ്ടിച്ച ആഘാതം ഊഹിക്കാവുന്നതേയുള്ളൂ.

കമ്യൂണിസ്റ്റ് ഭരണകർത്താക്കൾക്കിടയിൽ താരതമ്യേന ജനാധിപത്യ ആഭിമുഖ്യം പുലർത്തിയതിന് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ഹു-യാവോബാങ്ങിനെ ആദരിക്കുവാനാണ്, മറിച്ച് മുതലാളിത്തത്തെ ത്വരിതപ്പെടുത്തുവാനല്ല, വിദ്യാർത്ഥികൾ അവിടെ തെരുവിലിറങ്ങിയത്.

അധികാര വൃന്ദത്തെ അടിമുടി മലീമസമാക്കിയ അഴിമതിയും കൈക്കൂലിയും തുറന്നുകാട്ടണമെന്നാണ്, മനുഷ്യരായി ജീവിക്കുവാനുള്ള സ്വാതന്ത്ര്യം നൽകണമെന്നാണ് അവർ ആവശ്യപ്പെട്ടത്.

പട്ടാളത്തിന്റെ ഉരുക്കുമുഷ്ടിയുപയോഗിച്ച് വിദ്യാർത്ഥി പ്രക്ഷോഭത്തെ ഭരണാധികാരികൾ അടിച്ചമർത്തിയെങ്കിലും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സന്ധിയില്ലാസമരം തുടരുകയാണ്. ഫാങ്ങ് ലിസിയെയും വുയർ കെയ്ക്സിയെയും നിശബ്ദരാക്കുവാൻ തോക്കിൻ കുഴലിലൂടെ വരുന്ന അധികാരത്തിനായിട്ടില്ല.

## റുമേനിയ

ചൈനയിലെ ജൂൺ മാസത്തേക്കാൾ രക്തകലുഷിതമായിരുന്നു റുമേനിയയിലെ ഡിസംബർ.

റുമേനിയയിലെ ഹംഗേറിയൻ ന്യൂനപക്ഷം തിങ്ങിപാർക്കുന്ന ടിമിസോ-ആറ പട്ടണത്തിലെ വിമത നേതാവായ ലാഡ്‌ലോ ടോകെസ് പാതിരിയെ ഒരു ദിവസം സെക്യൂരിറ്റേറ്റ് (രഹസ്യപോലീസ്) ഭീകരന്മാർ തട്ടിക്കൊണ്ടുപോയി. അധികാരം കൈയ്യാളുന്നവർക്കെതിരെ ശബ്ദിക്കുന്ന മനുഷ്യരെ കാണാതാവുക അവിടെ സർവ്വസാധാരണ സംഭവം മാത്രം.

എന്നാൽ, ഇത്തവണയും നിശബ്ദത പാലിക്കുവാൻ ജനങ്ങൾ തയ്യാറായില്ല. ഡിസംബർ 17-ാം തീയതി പ്രതിഷേധ പ്രകടനങ്ങളുമായി നിരത്തിലിറങ്ങിയ ജനങ്ങൾക്കുനേരെ സെക്യൂരിറ്റേറ്റ് ഭടന്മാർ നിറയൊഴിച്ചു. അന്നുമാത്രം ആറായിരത്തിൽപ്പരം നിരപരാധികൾ കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്. ടാങ്കുകൾ കയറി അരഞ്ഞുപോയ കുഞ്ഞുങ്ങളുടെ ജഡം ടിമിസോ ആറയുടെ നിരത്തുകളിൽ കൊടുംശൈത്യത്തിൽ മരവിച്ചുകിടക്കുന്നു. ജനരോഷം ആളിപ്പടർന്നു. റുമേനിയൻ പട്ടാളം സ്വാതന്ത്ര്യവാദികളുടെ പക്ഷംചേരുവാൻ അധികനാൾ വേണ്ടിവന്നില്ല.

സെസ്സെസ്ക്യൂ കെട്ടിപ്പടുത്ത 'ജനകീയ കൊട്ടാരം ' കണ്ടപ്പോഴാണ് റുമേനിയക്കാർക്ക് കമ്യൂണിസത്തിന്റെ തനിനിറം മനസ്സിലായത്.

കൊടുംശൈത്യത്തിൽപ്പോലും ഇന്ധനമില്ലാതെ സാധാരണക്കാരൻ വിറങ്ങലിച്ച് മരിക്കു



സെസ്സെസ്ക്യൂ

മ്പോൾ സെസ്സെസ്ക്യുവിന്റെ പ്രത്യേകം ചൂടുപിടിപ്പിച്ച ചില്ലുകൂടാരങ്ങളിൽ തഴച്ചുവളരുന്ന വാഴക്കൂട്ടങ്ങൾ! സ്വർണ്ണത്തിൽ നിർമ്മിച്ച ടോയ്‌ലററ് ഉപകരണങ്ങൾ മുതൽ അമൂല്യരത്നങ്ങൾ പതിപ്പിച്ച എലിനാ സെസ്സെസ്ക്യുവിന്റെ പാദരക്ഷകൾ വരെ കണ്ട ജനങ്ങൾ ദൃഢപ്രതിജ്ഞ ചെയ്തു– ഇനി കമ്മ്യൂണിസം വേണ്ട. പീഡനവും പട്ടിണിയും മൂലം ഇതിനോടകം റുമേനിയയിൽ അഞ്ചുലക്ഷം പേരെങ്കിലും മരിച്ചിട്ടുണ്ടെന്നാണ് കണക്ക്.

ഗോർബച്ചേവ് എന്ന മഹാമനസ്കന്, ക്രാന്തദർശിയായ ലോക നേതാവിന്, നമുക്ക് നന്ദി പറയാം. യൂറോപ്പിലെ ഇതരരാഷ്ട്രങ്ങളിൽ രക്തച്ചൊരിച്ചിൽ കൂടാതെയാണ് കമ്മ്യൂണിസത്തിന്റെ ശവ-സംസ്കാരം നടന്നത്.

## പോളണ്ട്

കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തിനെതിരെ പോളണ്ടിലെ തൊഴിലാളികൾ നയിച്ച സന്ധിയില്ലാ സമരവും, അതിനു നേതൃത്വം നൽകിയ ലേഹ്‌വലേസയുടെ സോളിഡാരിററിയും പോളണ്ടിന്റെ ചരിത്രത്തിൽ അതുല്യമായ ഒരദ്ധ്യായമാണ് കുറിച്ചത്. കമ്മ്യൂണിസ്റ്റ് താത്വികാചാര്യന്മാർക്ക് മറുപടി നല്കുവാനാകാത്ത ഒരു ദാർശനികസമസ്യ പൂർവ്വ യൂറോപ്പിൽ ആദ്യം ഉയർത്തിപ്പിടിച്ചതും സോളിഡാരിററിതന്നെ.

'തൊഴിലാളിവർഗ്ഗ സർവാധിപത്യത്തിന്റെ' പേരിലാണല്ലോ കമ്മ്യൂണിസ്റ്റ് ഭരണാധികാരികൾ തങ്ങളുടെ നിഷ്ഠൂരമായ ആജ്ഞാനുസരണ സമ്പ്രദായത്തിലുള്ള (Command and obey System) ഭരണമുറകൾ നടപ്പാക്കിയിരുന്നത്. തൊഴിലാളികളുടെ ഉത്തമതാല്പര്യം സംരക്ഷിക്കുവാൻ എന്ന വ്യാജേന പോളണ്ടിനെ കൈയ്യടക്കിയ കമ്മ്യൂണിസ്റ്റ് ഭരണകർത്താക്കൾക്കെതിരെ ഉണർന്നത് ബുദ്ധിജീവികളോ ധനാഢ്യരോ ആയിരുന്നില്ല. മറിച്ച് തൊഴിലാളികൾതന്നെയായിരുന്നു.

പീഡനകാലത്തിന്റെ ഇരുണ്ട പത്തുവർഷക്കാലത്തോളം പോളണ്ടിലെ തൊഴിലാളികൾ നിറതോക്കിനു മുമ്പിൽ വിരിമാറു കാണിച്ചു. പച്ചയായ മനുഷ്യന്റെ സ്വാതന്ത്ര്യദാഹത്തെക്കാൾ വലുതല്ല കമ്മ്യൂണിസ്ററ് പ്രത്യയശാസ്ത്രം എന്ന് നാൽക്കവലകളിൽ നിന്ന് വിളിച്ചുപറഞ്ഞു. അവസാനം 1989 ഏപ്രിൽ 5ന് ജനറൽ ജറുസൽസ്കിയുടെ കമ്മ്യൂണിസ്ററ് ഭരണകൂടത്തിന് അടിയറവച്ച് പറയേണ്ടി വന്നു.

ഒത്തുതീർപ്പിന്റെ ഭാഗമായി പോളണ്ടിന്റെ മുഖ്യനിയമനിർമ്മാണസഭയായ സെജമിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 161 സീററുകളിൽ 160തിലും കമ്മ്യൂണിസ്ററ് സ്ഥാനാർത്ഥികൾ ദയനീയമായി പരാജയപ്പെട്ടു. സെനററിലെ തെരഞ്ഞെടുപ്പുനടന്ന 100 സീററുകളിൽ 92-ം സോളിഡാരിററി പിടിച്ചടക്കി.

സോളിഡാരിററി നേതാവ് മാസോവയസ്കി പോളിഷ് പ്രധാനമന്ത്രിപദം ഏറെറടുത്തു. പോളിഷ് പ്രസിഡന്റിനെക്കൂടി ജനാധിപത്യ രീതിയിൽ തെരഞ്ഞെടുത്തുകഴിയുമ്പോൾ, എൺപതുകളുടെ ആദ്യം ഗ്ഡാനസ്കിലെ ലെനിൻ കപ്പൽശാലയിൽ നിന്നാരംഭിച്ച സമരം ശുഭപരിസമാപ്തിയിലെത്തി എന്ന് കരുതുവാൻ നമുക്കാവും.

## ഹങ്കറി

കമ്മ്യൂണിസ്ററ് താത്വിക നരഭോജികളുടെ മുൻപിൽ നട്ടെല്ല് വളയാത്ത ഒരു ധീരൻ പണ്ട് ഹംഗറിയെ ഭരിച്ചിരുന്നു. 1956 ഒക്ടോബറിൽ, മാനവവൽകൃത സോഷ്യലിസം സ്വപ്നം കണ്ട പ്രധാനമന്ത്രി ഇമ്രെനാഗിയായിരുന്നു അത്. അദ്ദേഹം തന്റെ രാഷ്ട്രത്തെ വാർസാ സഖ്യത്തിൽനിന്നും പിൻവലിച്ചു. തൊഴിലാളികളെക്കാൾ വലിയവരല്ല അവരുടെ രക്തം കുടിച്ച് ജീവിക്കുന്നവരെന്ന് പ്രഖ്യാപിച്ചു. ഹംഗറിയുടെ സ്വാതന്ത്ര്യം കാക്കാൻ ബാഹ്യലോകത്തിന്റെ സഹായമഭ്യർത്ഥിച്ചു. അതുകൊണ്ട് ഫലമുണ്ടായില്ല. 'സ്വതന്ത്രലോകം' നാഗിയെ കൈവെടിഞ്ഞു. താമസിയാതെ കമ്മ്യൂണിസ്ററ് കർക്കശവാദിയായ ജാനോസ് കാദാറിന്റെ കീഴിൽ ഹംഗറിയിൽ ബദൽ സർക്കാരുണ്ടായി. കാദാറിന്റെ 'അഭ്യർത്ഥന' മാനിച്ച് എത്തിയ ക്രൂഷ്ചേവിന്റെ ടാങ്കുകൾ യുദ്ധത്തിന്റെ പതിമൂന്നാം ദിവസം ബുഡാപെസ്ററിനെ കീഴടക്കി.

യൂഗോസ്ലാവ്യൻ എംബസിയിൽ അഭയം തേടിയ നാഗിയെ ചതിപ്രയോഗത്തിലൂടെ റഷ്യൻ രഹസ്യപ്പോലീസുകാർ വകവരുത്തി പേരുപോലും രേഖപ്പെടുത്താത്ത ഒരു ശവക്കുഴിയിൽ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ നിക്ഷേപിച്ചു.



കമ്യൂണിസ്റ്റ് പട്ടാളത്തിന്റെ പെ[illegible]

അൻപതുകളിൽ തങ്ങൾ കഴിച്ചുമൂടിയ സ്വാതന്ത്ര്യത്തിന്റെ കാവൽമാലാഖ എൺപതുകളുടെ അവസാനം വീണ്ടും ഉയിർക്കുമെന്ന് കമ്യൂണിസ്റ്റ് കർക്കശവാദികൾ ധരിച്ചില്ല.

ജനറൽ സെക്രട്ടറി കരോളി ഗ്രോസിന്റെ നേതൃത്വത്തിൽ കമ്യൂണിസം ഹംഗറിയിൽ എൺപതുകൾ കടക്കുമെന്നാണ് സ്വാതന്ത്ര്യവാദികൾ പോലും കരുതിയത്. ഒരു ചീട്ടുകൊട്ടാരം കണക്കെ സ്വേച്ഛാധിപത്യത്തിന്റെ കോട്ടകൊത്തളങ്ങൾ അവിടെ തകർന്നുവീഴുവാൻ പക്ഷെ അധികം കാത്തിരിക്കേണ്ടിവന്നില്ല.

ഹംഗേറിയൻ പരമാധികാരക്കോടതി ഇമ്രേ നാഗിയെ കുറ്റവിമുക്തനായി പ്രഖ്യാപിച്ചു. നാഗിയുടെ സ്മരണയ്ക്കായി രാജ്യമെമ്പാടും മെഴുകുതിരികൾ ഉയർന്നപ്പോൾ കാദറിന്റെയും അദ്ദേഹത്തിന്റെ അനുചരന്മാരെയും ഹംഗറിയൻ മറന്നു തുടങ്ങിയിരുന്നു. അവസാനമിതാ, ഹംഗറിയിൽകൂടി കമ്യൂണിസ്റ്റുകാരനല്ലാത്ത ഒരു രാജ്യസ്നേഹി പരമോന്നത രാഷ്ട്രീയാധികാരമേറ്റിരിക്കുന്നു!

## ചെക്കോസ്ലോവാക്യ

ദശവർഷങ്ങൾക്കുശേഷം ആദ്യമായി മിതഭാഷിയായ ആ മധ്യവയസ്കന്റെ മുഖം ടി. വി. യിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ചെക്കോസ്ലോവാക്യ തരിച്ചുപോയി. പലരും നിയന്ത്രണാതീതമായി പൊട്ടിക്കരഞ്ഞു. പ്രാഗ് വസന്തത്തെയും വാർസാ ആക്രമണത്തെയുംകുറിച്ച് കേട്ടറിവുമാത്രമുള്ള കുട്ടികൾക്ക് രക്ഷിതാക്കൾ അടക്കിപ്പിടിച്ച സ്വരത്തിൽ പറഞ്ഞുകൊടുത്തു. അതാവുന്നു അലക്സാണ്ടർ ഡ്യൂബ്ചെക്ക്.

പോളണ്ടിലും ഹംഗറിയിലും തുടർന്ന് ചെക്കോസ്ലോവാക്യയിലും പൊട്ടിപ്പുറപ്പെട്ട ജനകീയ പ്രക്ഷോഭങ്ങളുടെ അനന്തരഫലമായിരുന്നു അലക്സാണ്ടർ ഡ്യൂബ്ചെക്കിന്റെ പൊതുപ്രവേശനം. അറുപതുകളിൽ കമ്യൂണിസത്തെ നിർദയം നിരസിച്ച അദ്ദേഹം അതല്ലായിരുന്നെങ്കിൽ വെട്ടും തിരുത്തും ഏറെയുള്ള കമ്യൂണിസ്റ്റ് ചരിത്രപുസ്തകത്തിലെ തെറ്റുചെയ്യാത്ത കുറ്റവാളിയായേനെ!

1989 നവംബറോടെ ജനാധിപത്യ പ്രക്ഷോഭങ്ങൾ നിയന്ത്രണാതീതമായി. സ്വന്തം ജനതയുടെ നേരെ തോക്കുചൂണ്ടുവാൻ പട്ടാളം വിസമ്മതിച്ചു. ചാർട്ടർ 77 എന്നപേരിൽ അറിയപ്പെട്ടിരുന്ന ചെക്കോസ്ലോവാക്യൻ സ്വാതന്ത്ര്യസംഘടയുടെ നേതൃത്വത്തിൽ രൂപീകൃതമായ സിവിക് ഫോറം അനിഷേധ്യ ജനപിന്തുണയുള്ള കക്ഷിയാണെന്ന് തെളിയുവാൻ അധികനാൾ വേണ്ടിവന്നില്ല. പൂർവ്വയൂറോപ്പിൽ ഏറ്റവും കൂടുതൽ ജനപിന്തുണയുള്ള നേതാവായിരുന്നു സ്വാതന്ത്ര്യവാദികളുടെ തലവനായ വാക്ലാവ് ഹാവൽ.

ചെക്കോസ്ലോവാക്യയിൽ ഭരണസാരഥ്യം ഏറ്റെടുക്കുന്നതിൽനിന്നും അദ്ദേഹത്തെ തടയുവാൻ മിലോസ് ജയിക്സിനെ പോലുള്ള കമ്യൂണിസ്റ്റ് കർക്കശവാദികളുടെ കുതന്ത്രങ്ങൾക്കായില്ല. ഫലമോ ചെക്കോസ്ലോവാക്യയുടെ തെരുവുകളിൽ നമുക്കിന്ന് പുഞ്ചിരിക്കുന്ന മനുഷ്യരെ കാണുവാൻ കഴിയും. വെൻസെസ്ലാസ് സ്ക്വയറിൽ, നിർഭയം സംസാരിക്കുന്നവരെയും.

## പൂർവ്വജർമ്മനി

എറിക്ക് ഹോണേക്കർക്ക് ഇന്ന് പൂർവ്വജർമ്മനിയിൽ ആരാധകരില്ല. മറിച്ച്, വിമർശകരേറെയുണ്ടുതാനും. ദശവർഷങ്ങളോളം കമ്യൂ

ണിസ്റ്റ് മാർശനീകരുടെ ആജ്ഞകൾക്കുവഴങ്ങി അദ്ദേഹമാണ് പിതൃരാജ്യത്തെ രണ്ടായി ശത്രുപാളയങ്ങളിൽ വേർതിരിച്ചു നിറുത്തുവാൻ സൗകര്യമൊരുക്കിയത്. അവസാനം, പുത്രസമാനനായി വളർത്തിക്കൊണ്ടുവന്ന എറോൺ ക്രെൻസുപോലും തന്നെ തള്ളിപ്പറയുന്നത് ഹൊണേക്കർ കേൾക്കേണ്ടിവന്നു.



തകർന്നു വീണ ബെർളിൻ മതിൽ

ജർമനിയെ പശ്ചിമ പൂർവ്വ രാഷ്ട്രങ്ങളായി തിരിച്ചതിനുശേഷം ജനങ്ങളുടെ നിയന്ത്രണാതീതമായ പലായനം തടയുവാൻ തീർത്തതാണ് ബെർലിൻ മതിൽ. ഹിററ്ലറുടെ ആയിരം വർഷത്തിന്റെ അടിത്തറ അവകാശപ്പെട്ട നാസിസാമ്രാജ്യം കണക്കേ ബെർലിൻ മതിലും ഇന്ന് നാമാവശേഷമായിരിക്കുന്നു.

പൂർവ്വ, പശ്ചിമ ജർമനികളെക്കൂടാതെ അമേരിക്ക, റഷ്യ, ബ്രിട്ടൺ, ഫ്രാൻസ് എന്നീ രാഷ്ട്രങ്ങൾ കൂടി പങ്കെടുത്ത ടൂ പ്ലസ്-ഫോർ ചർച്ചകൾ ഏതാണ്ട് ശുഭപരിസമാപ്തിയിൽ എത്തിയിട്ടുണ്ട്.

ഏകീകൃത ജർമനി നാറേറാ സഖ്യത്തിൽ തുടരുന്നതിനെ അംഗീകരിക്കുവാൻ റഷ്യ സന്നദ്ധത പ്രഖ്യാപിച്ചതോടെ അവസാനത്തെ കടമ്പയും ഒഴിവായി. ജർമൻ നാണയ, സാമ്പത്തിക ഐക്യം ഇതിനിടെ നിലവിൽവന്നുകഴിഞ്ഞു. പൊതുതെരഞ്ഞെടുപ്പുകൾക്കുശേഷം ഏകീകൃത ജർമനിക്ക് രാഷ്ട്രീയ പരമാധികാരം ലഭിക്കുകയുംചെയ്യും.

പൂർവ്വജർമനിയെ ഭരിക്കുന്ന സ്വാതന്ത്ര്യവാദിയായ ലോതർ-ഡെ-മൈസറും പശ്ചിമ ജർമൻ ചാൻസലർ ഹെൽമട്ട് കോളും ഇന്ന് ജർമൻ രാജ്യത്തിന്റെ പുനർജന്മം ആഘോഷിക്കുകയാണ്. ഒപ്പം കമ്മ്യൂണിസ്റ്റ് കർക്കശവാദത്തിന്റെ ശവസംസ്കാരവും!

കമ്മ്യൂണിസം നിഷേധാത്മക സിദ്ധാന്തം വർഗ്ഗസമരവും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യവുമാണല്ലോ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ ദർശനത്തിന്റെ ആണിക്കല്ലുകൾ. രണ്ടും കാലഹരണപ്പെട്ട നിഷേധാത്മക സിദ്ധാന്തങ്ങളാണെന്ന് ഗോർബച്ചേവ് തെളിയിച്ചു. സമാധാനപരമായ സഹവർത്തിത്വത്തിലും നിയമവാഴ്ചയിലും അടിയുറച്ച സോഷ്യലിസമാണ് ലോകത്തിനാവശ്യം— മഹാനായ ആ മാനവ സ്നേഹി പറഞ്ഞു.



72 വർഷത്തെ അപഥ സഞ്ചാരത്തിന് ശേഷം നെഹ്റു വിഭാവനം ചെയ്ത ജനാധിപത്യ സോഷ്യലിസത്തിലേക്ക് റഷ്യ മടങ്ങുകയാണ്. പെരിസ്ത്രോയ്കയുടെയും ഗ്ലാസ്നോസ്റ്റിന്റെയും പാതകൾ എളുപ്പമേറിയവയാണെന്ന് ഇതുകൊണ്ടർത്ഥമാവുന്നില്ല.



കമ്മ്യൂണിസത്തിനെതിരെയുള്ള ജനങ്ങളുടെ പ്രതിഷേധം

അതിനാലാണല്ലോ സോവ്യറ്റ് വ്യവസ്ഥിതിയെ ഉടച്ചു വാർക്കുന്നതിൽ ഇന്ത്യയുടെയും സഹായം ഗോർബച്ചേവ് ആവശ്യപ്പെട്ടത്.

– ഫീച്ചർ യൂണിറ്റ്



# പ്രകൃതിനിയമം

കെ. വി. സോമൻ
രണ്ടാം വർഷ ബി.എസ്‌.സി., കെമിസ്ട്രി

## സി. ആർ. പരമേശ്വരന്റെ നോവലിനെക്കുറിച്ച്

"തൊട്ടുതൊട്ടില്ലെന്നായ സമസുന്ദരലോകം
ദൃഷ്ടിയിൽ നിൽപൂ ദൂരെ ഗന്ധർവ്വ
പുരിപോലെ"

എന്ന വൈലോപ്പിള്ളിക്കവിതയുടെ അസ്വസ്ഥതയുമായാണ് പ്രകൃതി നിയമം ആരംഭിക്കുന്നത്. സുദീർഘവും ദുർഘടവും രക്തരൂഷിതവുമായ പോരാട്ടങ്ങൾ. മനുഷ്യവിമോചനത്തിനായി അവതരിപ്പിക്കപ്പെട്ട പ്രത്യയശാസ്ത്രം. അന്യന്റെ വാക്കുകൾ സംഗീതംപോലെ ആസ്വദിക്കപ്പെടുന്ന ഒരു യുഗത്തിന് വേണ്ടി ആത്മാർത്ഥതയോടെ എത്രയെത്ര രക്തസാക്ഷികൾ.

"കഴിഞ്ഞ ദശകങ്ങളിൽ നിങ്ങൾ ജീവിച്ചിരുന്നതല്ലേ? എങ്കിൽ ഉച്ചരിയ്ക്കുക, വിശദമാക്കുക, സ്പഷ്ടമാക്കുക". കഥാനായകൻ അഥവാ കഥാകാരൻ നേരിടുന്ന വെല്ലുവിളി അതാണ്. ഓർമ്മകൾ അയാളെ വേട്ടയാടാൻ തുടങ്ങുന്നു. മറവിയുടെ കയങ്ങളിൽനിന്ന് കയ്പേറിയ സ്മരണകൾ ഒന്നൊന്നായ് ഉയർന്നുവരുന്നു.



ലഘുലേഖകൾ, നോട്ടീസുകൾ, രഹസ്യരേഖകൾ, ഇരുട്ട് കനപ്പിച്ച സങ്കേതങ്ങൾ, സ്റ്റഡിക്ലാസുകൾ, സർ. സി. പിയുടെ ഇരമ്പിപ്പായുന്ന പട്ടാളവണ്ടികൾ.

നോവലിന്റെ ശക്തമായ ഭൂതകാല പശ്ചാത്തലം കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പൂക്കാലമായ നാൽപതുകളാണ്. പേരില്ലാത്ത കഥാനായകന്റെ ഭ്രാന്തൻ വിചാരങ്ങളുടെ വർത്തമാനമാകട്ടെ പ്രസ്ഥാനത്തിന്റെ അപചയത്തിന്റെ വരണ്ടവേനലും. സാനിറ്റോറിയത്തിൽനിന്ന് ഭാര്യകമലയുമൊത്ത് ഒരു ദുഃഖവെള്ളിയാഴ്ചനാളിൽ 'അർശോരോഗികളുടെ കമ്യൂണി'ലേക്ക് വീണ്ടും താമസത്തിനെത്തുന്ന കഥാനായകൻ ഒന്നും പഴയതുപോലെ യാവരുതെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. എന്നാൽ എല്ലാം പഴയതുപോലെ തന്നെയാണെന്ന് വല്ലാത്തൊരു നിരാശയോടെ അയാളറിയുന്നു.

ബുദ്ധവിഹാരങ്ങളുടെ ചരിത്രാവശിഷ്ടങ്ങൾ, ചൂണ്ടി മെഗധ് നോവലിലൊരിടത്ത് പറയുന്നു; എല്ലാമതങ്ങളുടെയും കഥയിതാണ്. ജനങ്ങൾ സ്വയം തോൽപ്പിച്ച മൂഢകഥ.

കഥാനായകൻ (അതോ കഥാകാരനോ?) എപ്പോഴും വ്യാകുലപ്പെടുന്നതും മറ്റൊന്നല്ല. വല്ലാത്തൊരു പെസിമിസം (ശുഭാപ്തി വിശ്വാസമില്ലായ്മ) കഥാനായകനെ നിരന്തരം അലട്ടുന്നു.

കഥാനായകനൊരിക്കൽ സരോജിനിയെന്ന നവവധുവിനോട് പറയുന്നത് നോക്കുക; മോളേ പ്രഭാകരനോടിങ്ങനെ എപ്പോഴുമെപ്പോഴും ഉച്ചത്തിൽ പൊട്ടിച്ചിരിക്കരുതെന്ന് പറയൂ.- തലച്ചോറിലെ ഞരമ്പുകളിലും കാപ്പില്ലറികളിലും രക്തസ്രാവമുണ്ടാവാനും മറ്റും അത് കാരണമാവും. പെട്ടെന്ന് മരണംപോലും സംഭവിക്കാം. ഒരു ദുർഭൂതത്തെക്കണ്ടിട്ടെന്നതുപോലെ സരോജിനി ഒഴിഞ്ഞുമാറുന്നു.

കഥാനായകന് പ്രത്യേകിച്ച് എന്തെങ്കിലും അസുഖമുള്ളതായി കഥാകാരൻ നോവലിലൊരിടത്തും സൂചിപ്പിക്കുന്നേയില്ല. ഓർമ്മകളുടെ പീഡനമാണയാളുടെ അസ്വസ്ഥത.

തട്ടത്തിൽ വെളുത്തചോറ്, ഗ്ലാസിൽ സ്വച്ഛമായ ജലം. അയാൾക്കിഷ്ടപ്പെട്ട വലിയ മത്സ്യം. സലാഡുകളുടെ സമൃദ്ധി. സാനിറ്റോറിയവാസം കഴിഞ്ഞെത്തിയ അയാൾക്ക് വേണ്ടി ഒരുക്കപ്പെട്ട തീൻമേശയിലേക്ക് പെട്ടെന്ന് പവപുരിയിലെ അഭയാർത്ഥിക്കുഞ്ഞുങ്ങൾ കടന്നുവരുന്നു. കാലം നാൽപതുകൾ. നവോഢയായ കമലയുമൊത്ത് വടക്കേഇന്ത്യയിലെ ബീഹാറിൽ പവപുരി എന്ന ഗ്രാമ

ത്തിലെ ഗലികളിൽ കുതിരവണ്ടിയിൽ സഞ്ചരിക്കെ ഒരുപൈസ ഒരുപൈസ എന്നാർത്ത് വിളിച്ച് വണ്ടിക്കുപിന്നാലെ പായുന്ന അസംഖ്യം കുട്ടികൾ അവരിൽച്ചിലർ ചക്രങ്ങൾക്കടിയിൽപെട്ടുപോവുമോ എന്ന് സന്ദേഹിക്കുന്ന അയാൾ. ഈ ഭൂതകാലസ്മരണയിൽനിന്നുകൊണ്ടാണ് സമൃദ്ധമായ തീൻമേശ അയാൾ ഭ്രാന്തമായി തട്ടിത്തെറിപ്പിക്കുന്നത്. ചിലമ്പുന്നപാത്രങ്ങൾ, തകരുന്ന ക്രോക്കറികൾ, പുറത്താരും ഉച്ഛിഷ്ടങ്ങൾക്കായി കാത്ത്നിൽക്കാനില്ലാത്ത എല്ലാവരും സമൃദ്ധമായ ഒരു വലിയ തീൻമേശയ്ക്കു ചുററുമിരുന്നുണ്ണുന്ന ഭാവിയാണയാളുടെയാഗ്രഹം.

സ: ജ്ഞാൺ, മെയ്ദിനാഘോഷം, താടിക്കാരൻ യുവാവ് തുടങ്ങിയ ബിംബങ്ങളിലൂടെ സംഘടനയെയും ദൃഷ്ടാന്ത കഥകൾ, നോവലിൻെറ പേര്, ബുദ്ധമതസ്മാരകം തുടങ്ങിയവയിലൂടെ പ്രത്യയശാസ്ത്രത്തെയും സി. ആർ. പരമേശ്വരൻ രൂക്ഷമായ വിമർശനത്തിന് വിധേയമാക്കുന്നുണ്ട്. അലസിപ്പോയ ഇന്തോനേഷ്യൻ വിപ്ളവത്തിൽ പങ്കെടുത്ത സഖാക്കൾ ബുറു എന്ന ദ്വീപിലേക്ക് നാടുകടത്തപ്പെടുന്നതും ഭക്ഷണം, സ്ത്രീ എന്നീ ആവശ്യങ്ങൾക്ക് ശേഷം മിഷനറി പ്രവർത്തനത്തിലൂടെ അവരുടെ ആത്മീയാവശ്യങ്ങൾ നിവർത്തിക്കപ്പെടുന്നതും തുടർന്ന് ഇന്തോനേഷ്യൻ വിപ്ളവകാരികൾ ചരിത്രത്തിൽ ഒന്നുമല്ലാതാവുന്നതും നോവലിസ്റ്റിൻെറ തന്നെ ആത്മവ്യഥ അഥവാ ദാർശനികവ്യഥ ബാധിച്ച രൂപകഥയാണ്.

മറെറാരു ദൃഷ്ടാന്ത കഥ നോക്കുക. കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിൻെറ അതിർത്തി കാവലിലേർപ്പെട്ടിരിക്കുന്ന രണ്ട് റെഡ്ഗാർഡുകൾ. രാത്രി. നിശ്ശബ്ദമായ വനപ്രദേശം. നിറയെ നക്ഷത്രങ്ങളുള്ള ഒരു സാർവ്വദേശീയാകാശം. അവർ സ്വപ്നം കാണുന്നു. ശുഭ പ്രതീക്ഷയോടെ അവർ ലോകത്തെമ്പാടും നടക്കുന്ന പോരാട്ടങ്ങളെക്കുറിച്ചും ഭാവിയിൽ രൂപപ്പെടാനിരിക്കുന്ന വർഗ്ഗരഹിത സമൂഹത്തെക്കുറിച്ചും സംസാരിക്കുന്നു. ആഫ്രിക്കയിലെ വർണ്ണവിവേചനം നിലനില്ക്കുന്ന സമൂഹം തിരിച്ചറിവ് നേടുന്നതും സ്വന്തം രക്തത്തിൻെറ നിറം അദ്ധ്വാനിക്കുന്നവർ തിരിച്ചറിയുന്നതും, ഇററലിയിലെ തൊഴിലാളികൾ തങ്ങളുടെ മേലുള്ള മതാധിപത്യത്തിനെതിരെ നിലപാടെടുക്കുന്നതും, ഇന്ത്യയിലെ ദരിദ്രകർഷകർ വിമോചിതപ്രദേശങ്ങൾ സൃഷ്ടിക്കുന്നതും, പോളണ്ടിലെ പട്ടാളക്കാർ തങ്ങളുടെ തോക്കുകൾ ശരിയായ ദിശയിലേക്കാണ് പിടിച്ചിരിക്കുന്നതെന്ന് അറിയുന്നതും അങ്ങിനെയങ്ങിനെ.........

ഭാവിയെക്കുറിച്ചുള്ള അവരുടെ ചുവപ്പൻ സ്വപ്നങ്ങൾ അതിരുകളില്ലാതെ അങ്ങിനെ പടർന്നു കയറവേ അവരുറങ്ങുവാൻ കിടന്നു. കൊതുകുകൾ വല്ലാതെ ശല്യം ചെയ്യുന്നുണ്ട്. മൂളിപ്പറക്കുന്ന കൊതുകുകളെ ആട്ടിയകററി തിരിഞ്ഞും മറിഞ്ഞും ആ



സഖാക്കൾ നിദ്രയിലേക്ക് വഴുതി. ഒരു പട്ടാളക്കാരൻ അതിനിടെ മറെറയാൾ അറിയാതെ തൻെറ കിററിൽ നിന്ന് കൊതുകുവലയെടുത്ത് സാവകാശം ബന്ധിച്ചു. ഇപ്പോൾ മുഴുവൻ കൊതുകുകളും മറെറയാളുടെനേരെ. അയാൾ തിരിഞ്ഞും മറിഞ്ഞും കിടന്ന് നേരംവെളുപ്പിച്ചു. രാവിലെ അയാൾ കൊതുകുകടിയേററ് തടിച്ചു വീർത്ത മുഖവുമായി അപരനെ അപരിചിതഭാവത്തിൽ നോക്കി. കൊതുകുവലയുടെ സുഖനിദ്രയിൽ നിന്ന് ഉണർന്ന സഖാവ് ഇളിഭ്യച്ചിരിയോടെ എന്തൊക്കെയോ സംസാരിച്ചുതുടങ്ങി...

നോവലിസ്റ്റ് കഥയവസാനിപ്പിക്കുന്നതിങ്ങിനെയാണ്. കേവലം ഒരു കൊതുകുവലയാണോ, വ്ളാദിമിർ നിൻെറ സ്വപ്നങ്ങളെ തകർത്തത്?

മനുഷ്യൻെറ ആദിമചോദനകളും വർഗ്ഗരഹിത സമൂഹമെന്ന കമ്മ്യൂണിസ്ററ് സങ്കല്പവും തമ്മിലുള്ള വൈരുദ്ധ്യം ദ്യോതിപ്പിക്കാൻ ഇതിനെക്കാൾ

നല്ല ഒരു ദൃഷ്ടാന്തകഥ ആർക്കാണു് പറയുവാൻ കഴിയുക?

സി. ആർ. പരമേശ്വരൻ കഥപറയുകയല്ല, കഥ അനുഭവിപ്പിക്കുകയാണു്, അഭിമുഖീകരിപ്പിക്കുകയാണു് ചെയ്യുന്നതു്. ഈയിടെ ഒരഭിമുഖസംഭാഷണത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കൂടുതൽ ഉദാരമുഖമായിരിക്കേണ്ടതിനെക്കുറിച്ചാണു് താൻ എഴുതുന്നത് എന്നു് അദ്ദേഹം സൂചിപ്പിച്ചിരുന്നു. ആത്മീയാന്വേഷണം തുടങ്ങിയ നോവലിന്റെ പശ്ചാത്തലത്തിലുള്ള വിലയിരുത്തലുകളെ തള്ളിക്കളഞ്ഞു കൊണ്ടാണ് പരമേശ്വരൻ ഇങ്ങനെ പറഞ്ഞത്. പക്ഷെ, ഒരു പ്രകൃതിനിയമംപോലെ സംഭവിക്കുന്ന പ്രസ്ഥാനങ്ങളുടെ അപചയത്തെക്കുറിച്ച്, സ്ഥാപനവത്കരണത്തെക്കുറിച്ച് പരമേശ്വരൻ പുലർത്തുന്ന സന്ദേഹം നമുക്കദ്ദേഹത്തിന്റെ വരികൾക്കിടയിൽനിന്നും വായിച്ചെടുക്കാം.

പ്രകൃതി നിയമം എന്നനോവൽ ഒററവായനയിൽ വായനക്കാർക്കു് വഴങ്ങാത്ത ഒന്നാണു്. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ മലയാളത്തിലുണ്ടായ ഏററവും നല്ലസൃഷ്ടിയാണത്. സജീവമായ ഒരു രാഷ്ട്രീയബോധം പ്രകടിപ്പിക്കുന്നുവെന്നത് മാത്രമല്ല വർത്തമാനാവസ്ഥയെ ശരിയായി വിലയിരുത്തുന്നുവെന്നതുകൂടിയാണു് ഈ നോവലിന്റെ പ്രസക്തി. പ്രസ്ഥാനത്തിന്റെ ഒരു സഹയാത്രികനെന്ന നിലയ്ക്കു് പരമേശ്വരനു് ഉണ്ടായിട്ടുള്ള അനുഭവങ്ങളുടെ തീക്ഷ്ണത നോവലിന്റെ നിർമ്മിതിയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നുള്ളതു് നിസ്തർക്കമാണു്.

നമ്മുടെ സാഹിത്യമണ്ഡലത്തിൽ പ്രകൃതിനിയമം അക്കാദമി അവാർഡിനുശേഷവും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ ശേഷിക്കുന്നു. ഇതിനു് വ്യക്തമായ കാരണങ്ങൾ ഇല്ലായിരിക്കാമെങ്കിലും നോവലുന്നയിക്കുന്ന-അഥവാ നോവലിസ്റ്റുന്നയിക്കുന്ന-മൗലികസമസ്യകൾ ഇവിടത്തെ പ്രമുഖമായ ഒരു പ്രസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷ്യങ്ങളെ ചോദ്യം ചെയ്യുന്നുവെന്നതുകൊണ്ടായിരിക്കാം അങ്ങിനെ സംഭവിച്ചതു്. എന്തായാലും ഉത്തമസാഹിത്യത്തിൽ-അതായതു് പ്രതിബദ്ധ സാഹിത്യത്തിൽ താത്പര്യമുള്ളവർ പ്രകൃതിനിയമം എന്ന നോവലിന്റെ സാഹിത്യ രാഷ്ട്രീയ പ്രാധാന്യം സമൂഹത്തിന്റെ മുമ്പാകെ വെളിച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.


*With best compliments from :*

**KERALA MOTOR DRIVING SCHOOL**
FATHIMA JN., ELAMKULAM.



With best compliments from

For Ready made & Ladies Tailoring

**LADIES 'N' KIDS**
THEVARA JN.

# ആന്ന അഹ്മത്തോവ



ഞാൻ ചെയ്യില്ലാതെ വീഴും
വീണമഞ്ഞുപോലെ നിശ്ശബ്ദയാവും
അവസാനത്തെ പടിവാതിലിനു് പിന്നിൽ
എന്നെ സ്വയം അകററി ബന്ധിച്ചിടും.
എങ്കിലും എന്റെ സ്വരമുയരും.
അത് കേൾക്കും
വീണ്ടും അത് വിശ്വസിക്കാമെന്നാവും
എന്നെങ്കിലുമൊരു ദിവസം.

കഴിഞ്ഞവർഷം സോവിയററ് റൈററേഴ്സ് യൂണിയൻ ആന്ന അഹ്മത്തോവയുടെ ജൻമശതാബ്ദി വിപുലമായി ആഘോഷിച്ചു. 1946-ൽ ലെനിനിസ്റ്റ് തത്വങ്ങൾക്ക് എതിരാണെന്നു് ഷദാനോവു് വിധിച്ച് സാഹിത്യകാര സംഘടനയിൽനിന്നു് ആന്നയെ നീക്കം ചെയ്തിരുന്നു. ആന്നയ്ക്ക്, പൂർണ്ണമായി ഒരുപുനർജൻമം കിട്ടിയത് 1988 ഒക്ടോബറിലാണു്. പെരിസ്ത്രോയിക്കയ്ക്ക് നന്ദിപറയുക.

ആന്ന അഹ്മത്തോവയുടെ രണ്ടു് കവിതകൾ പ്രസിദ്ധീകരിക്കുന്നു.

## മരണത്തോട്

ഒരുനാളെത്തായാലും
വരണം നിനക്കെന്റെ
യരികിലതിപ്പോളി-
ന്നിമിഷമായാലെന്തേ?
സഹിക്കാനിനിമേലാ;
കാത്തുനിൽപ്പൂ ഞാൻ നിന്നെ;
അണച്ചു വിളക്കതാ
തുറന്നു വാതിൽപ്പാളി-
-നിനക്കായ്, ലളിതകോമ-
ളാത്ഭുതനാം നിനക്കായി !
ഏതുവേഷവുമാകാ;
മതു നിന്നിഷ്ടം; പോരൂ,
നീയൊരു ഷെല്ലിൽനിന്നു
ചീറുന്ന ലോഹച്ചീളായ് !
അല്ലെങ്കിലൊരു കൊള്ള
ക്കാരനായ് വരൂ, തല്ലൂ
നല്ലിരുമ്പുപാരയാ;
ഇതുമല്ലെങ്കിൽ, വിഷ-
ജ്വരമായ് വരൂ;യിനി
യതുമല്ലെങ്കിൽ നിന-
ക്കറിയാമല്ലോ പണ്ടേ.
ഞങ്ങളെ വീഴ്ത്തും തന്ത്രം !
കഴുവേററന്നും കഴിവേറുമാ
ക്കള്ളക്കഥ
കുരുക്കിയെടുക്കുക!
അതുകേട്ടു കേട്ടല്ലോ
തളർന്നു തളർന്നന്നേ
രോഗികളായി ഞങ്ങൾ!
കാണട്ടെ ഞാനാ നീല
ത്തൊപ്പികൾ വീണ്ടും; വീണ്ടും
പേടിച്ചു വെറുങ്ങലിക്കുന്ന
വീട്ടുടമയെ!
ഒരുപോലെ നിനക്കെല്ലാം!
തിളച്ചുമറിയുന്നു
യെനിസി നദി;
ധ്രുവനക്ഷത്രം വിറയ്ക്കുന്നു!
ഈയന്ത്യമുഹൂർത്തത്തിൻ
മുകളിലിവന്നെന്റെ
കണ്ണുകളുടെ നീല
വെളിച്ചം മൂടിടുന്നു!

(വിവ: ഒ. എൻ. വി)

('ചരമഗീതം' എന്ന നിരോധിക്കപ്പെട്ട കൃതിയിൽനിന്നു്)

ഇരുപത്തിമൂന്നു് വർഷം കഴിഞ്ഞു്
എല്ലാം കഴിഞ്ഞു-മെഴുകുതിരികളു-
മെല്ലാം ഞാനൂതിക്കെടുത്തി.
എന്റെ സായാഹ്നവിരുന്നിന്റെ മേളക-
ളെല്ലാം കഴിഞ്ഞാളൊഴിഞ്ഞു.
ആരാച്ചാർമാർ, സ്തുതിപാഠകർ, വഞ്ചകർ......
ആരോപണ നിന്ദനങ്ങാം......
എന്റെ സ്വപ്നങ്ങളിലെന്റെ മനസ്സിനെ
പിന്തുടരുന്നു നീയെന്നും.
ദേവന്റെ നൗകാങ്കണത്തിലവസാന-
കേളീനടനം കഴിഞ്ഞു
മാരിയും കാററും കൊടുങ്കാററുമേകുന്നൊ-
രാവരണങ്ങളും ചാർത്തി
നീയീയനശ്വര തീരത്തൊരു നിഴൽ.
നീയീയിരുംച്ചാലിൽ നിന്നും
പണ്ടത്തെ മാതിരിയെന്നെ വിളിക്കയാ-
ണെന്നുടെ പേർചൊല്ലി, ''യന്നാ......'' !
പണ്ടത്തെമാതിരി നിൻസ്വരധാരയി-
ലുണ്ടൊരു താലോലമിന്നും !

(വിവ : പുതുശ്ശേരി)

---

ആന്ന അഹ്മത്തോവ 1889 ജൂൺ 23നു് ഒഡേസ്സയ്ക്കടുത്തു് ജനിച്ചു. 1966 മാർച്ച് 5-ാം തീയ്യതി മരിച്ചു.



# മതിലുകൾ

## സ്വാതന്ത്ര്യസങ്കൽപത്തിന്റെ അന്വേഷണം

ആഖ്യാന വിഷയത്തിന്റെ ഏറെക്കുറെ ഗഹനമായ സത്ത, പ്രതിപാദന ശൈലിയിൽ വ്യാഖ്യാനക്ഷമമല്ലാത്ത സാന്ദ്രമൗനത്തിന്റെ നിമിഷങ്ങളും ചലച്ചിത്രബിംബങ്ങളുടെ അനാവശ്യ പ്രയോഗങ്ങളും വഴി കൂടുതൽ ദുരൂഹമാക്കിയിട്ടില്ല എന്നതാണ് മതിലുകളുടെ ഒരു വലിയ പ്രത്യേകത. മററ് അടൂർ ചിത്രങ്ങളെ അപേക്ഷിച്ച് മതിലുകൾക്കുള്ള സവിശേഷതയും ഇതാണ്. സാധാരണയിൽനിന്ന് ഭിന്നമായി അടൂർ ഗോപാലകൃഷ്ണൻ, തന്റേതല്ലാത്ത ഒരു കഥയെ അഭ്രപാളികളിൽ ആവിഷ്കരിച്ചിരിക്കുന്നു. ''കാലത്തിന്റെ അങ്ങേതലയ്ക്കൽ നിന്നുള്ള'' വൈക്കം മുഹമ്മദ് ബഷീറിന്റെ ''ഒരു ഓർമ്മ'' പുനരാഖ്യാനം ചെയ്യുകയാണ് അടൂർ. ''അനുഭവ സമ്പന്നനായ ഒരു എഴുത്തുകാരൻ എന്ന നിലയിൽ ബഷീറിന്റെ മനസ്സിന്റെ ഉള്ളറകളിൽ കടന്നന്വേഷിക്കുന്നതിനുണ്ടായ കൗതുകമാണ് ഈ കഥ തിരഞ്ഞെടുക്കാൻ കാരണം'' -അടൂർ പറയുന്നു. അനുഭവങ്ങൾ തീക്ഷ്ണമായും രൂക്ഷമായും പ്രതിഫലിക്കപ്പെടുന്ന, ഒരു എഴുത്തുകാരന്റെ മനസ്സ് പകർത്താനുള്ള ശ്രമമാണ് അടൂർ നടത്തിയിട്ടുള്ളത്. ഇതൊരു ബഷീറിയൻ സൃഷ്ടിയുടെ മാത്രം ആവിഷ്കാരമല്ല. ബഷീറിന്റെ മൊത്തം കൃതികളുടെ പശ്ചാത്തലം ഉള്ളിൽ കണ്ടുകൊണ്ടാണ് അടൂർ 'മതിലുകളു'ടെ തിരക്കഥ തയ്യാറാക്കിയത്. സൃഷ്ടിയുടെ കാരണങ്ങളായി ഭവിക്കുന്ന യാഥാർത്ഥ്യങ്ങളുടെ വിഭ്രാമകമായ വിന്യാസമാണ് അടൂർ സാധിച്ചിരിക്കുന്നത്. ഈ നിലയ്ക്ക് ഒരു കേവല സൃഷ്ടിയുടെ ഭിന്നമാധ്യമത്തിലേക്കുള്ള ആവിഷ്കാരം എന്നതിനേക്കാൾ വിഷമകരമായ ഒരു പ്രക്രിയയെയാണ് മതിലുകൾ എന്ന ചിത്രത്തിലൂടെ അടൂർ വിജയകരമാക്കിയിരിക്കുന്നത്.





ബഷീർ എന്നകഥാപാത്രത്തിന്റെ മാറിമാറി വരുന്ന മാനസികഭാവ പ്രകടനങ്ങളിലൂടെയാണു് തീം വികസിപ്പിച്ചെടുക്കുന്നതു്. ഉണർന്നിരിക്കുന്ന ഒരു സർഗ്ഗാത്മക ചേതനയുടെ സ്വാഭാവിക പ്രതികരണങ്ങൾ - അതു് താൻ ഭാഗഭാക്കാകുന്ന ചുററുപാടിലെ പ്രസക്തവും അപ്രസക്തവുമായ എല്ലാത്തിനോടുമുള്ളതാണു് -യുക്തമായി ചിത്രീകരിക്കപ്പെടുന്നു. ആത്മകഥാ കഥന രീതിയിലുള്ള, തികച്ചും സ്വകീയമായതും ആ അർത്ഥത്തിൽ ആപേക്ഷികതയുടെ തലങ്ങളിൽനിന്നു് വിമുക്തവുമായ ഒരു പ്രമേയത്തെ വസ്തുനിഷ്ഠമായി ചിത്രീകരിക്കുക എന്ന ദുഷ്കരമായ ബാധ്യതയാണു് സംവിധായകൻ നിറവേററിയിരിക്കുന്നതു്.

ദ്രുതചലനങ്ങളിൽ താളം തേടുന്ന ലോകത്തിൽനിന്ന് മതിലുകൾക്കിപ്പുറമുള്ള ജയിൽ ജീവിതത്തിന്റെ മന്ദതയിലേക്കുള്ള മുഖ്യ കഥാപാത്രത്തിന്റെ ഗതിമാററമാണു് ആദ്യപകുതിയിൽ. ഒടുങ്ങാത്ത സ്വാതന്ത്ര്യ തൃഷ്ണയുമായിട്ടാണു് അനുഭവങ്ങളെ തീവ്രമായി ആന്തരിക തലത്തിൽ ആവിഷ്കരിക്കുന്ന ആ എഴുത്തുകാരന്റെ വരവ്. ജയിലിന്റെ മന്ദത മനസ്സിലേററു വാങ്ങുവാൻ ബഷീർ തയ്യാറായിക്കഴിഞ്ഞു എന്നു് സംഭാഷണത്തിൽ വ്യംഗ്യമാണു്. (''ഇത്ര ധൃതിയിലെങ്ങോട്ടാണു്''? എന്നു് വാർഡനോട് ചോദിക്കുന്നു ബഷീർ). ജയിൽ

വാർഡൻ ബഷീറിനെ തടവുമുറിയിലേക്കു കൊണ്ടുവരുന്ന രംഗത്തുതന്നെ ദീർഘമായ കനത്തമതിലിന്റെ ദുരന്ത സാന്നിദ്ധ്യം മൂർത്തമായി നമുക്കനുഭവപ്പെടുന്നുമുണ്ട്. ബഷീറിന്റെ ഭൂതകാലവും വ്യക്തിത്വ വിശേഷങ്ങളും വ്യക്തമാക്കുന്ന പോലീസ് ലോക്കപ്പിന്റെയും കോടതി രംഗങ്ങളുടേയും ചിത്രീകരണത്തിനുശേഷമാണ് ജയിൽ ജീവിതം ചിത്രീകരിക്കുന്നത്. ഇതു് നോവലിൽ നിന്നുള്ള പ്രയോജന പ്രദമായ ഒരുമാററമായി ചലച്ചിത്രമാധ്യമത്തിൽ പ്രത്യക്ഷപ്പെടുന്നു. തികച്ചും പ്രക്ഷുബ്ധവും അസ്വാസ്ഥ്യവുമായ ഒരു കാലഘട്ടത്തിലെ പീഢന വിധേയരായ രാഷ്ട്രീയ തടവുകാരുടെ ചിത്രീകരണവും ബഷീറിനോട് ബന്ധപ്പെടുത്തിക്കാണിക്കുന്നു. ഇതിലെ ചിലകഥാപാത്രങ്ങളാകട്ടെ ബഷീറിന്റെ മററുകൃതികളിൽ നിന്നുള്ളവരുമാണ്. പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും തന്റേടം നിലനിർത്തിയതിനു് 'ഭവനഭേദനം' എന്നകള്ളക്കുററം ചുമത്തി ശിക്ഷിക്കപ്പെടുന്ന 'കോൺഗ്രസ്സ് ജില്ലാ സെക്രട്ടറി' എന്ന കഥാപാത്രം ഉദാഹരണം. മതപരിഷ്ക്കരണത്തിന്റെ ചിന്തകൾ ഉണർത്തുന്ന അബ്ദുൾ റസാക്ക് എന്ന കഥാപാത്രവും മറെറാരു കഥയിലെയാണ്. ഇത്തരം കഥാപാത്രങ്ങളുടെ സാന്നിദ്ധ്യവും മൂലകൃതിയിൽതന്നെയുള്ള ചില കഥാപാത്രങ്ങളുടെ പൊലിപ്പിച്ചു കാട്ടലും ചിത്രത്തിന്റെ സാമൂഹ്യരാഷ്ട്രീയ സാന്നിദ്ധ്യത്തെ സജീവമാക്കുന്നു. കലാപത്തിന്റെയും തന്റേടത്തിന്റെയും മൂർത്താവിഷ്ക്കാരമായി പ്രത്യക്ഷപ്പെടുന്ന ക്രൂസ്മേററ് ബഷീറിന്റെ ആത്മൈക്യം നേടിയെടുക്കുന്ന മറെറാരു കഥാപാത്രമാണ്. ഇഴഞ്ഞുനീങ്ങുകയും, നിശ്ചലമാവുകയും ചെയ്യുന്ന മന്ദതയിൽനിന്നു് ചുവരിൽകണ്ട പുമ്പാററയുടെ പിന്നാലെപോകുന്ന ബഷീറിനെ സവിശേഷമായ സംഗീതപശ്ചാത്തലത്തിൽ ചിത്രീകരിക്കുന്നതു് പ്രമേയത്തിന്റെ ഒരു പ്രധാനവികാസമാണ്. വീണ്ടും ആശുപത്രി പരിസരത്ത് കാണപ്പെടുന്ന റോസാച്ചെടികളിലേക്കും റോസാച്ചെടിനടലിലേക്കും, കുളിർമ്മയേകുന്ന വെള്ളത്തിന്റെ ശബ്ദത്തിലേക്കും എല്ലാംസംവേദിക്കുന്ന കഥാനായകനിലേക്ക് ചിത്രീകരണം സംക്രമിക്കുന്നു. ഇത്തരം രംഗങ്ങൾ അൽപംപോലും വിഭ്രാത്മകതസൃഷ്ടിക്കാതെ ചിത്രീകരിക്കുന്നുവെന്നും പറയേണ്ടതുണ്ട്.

ബഷീറിനെ മാത്രം വിടാൻ കൽപനയെത്തിയിട്ടില്ലെന്നറിയുമ്പോഴത്തെ നിഷ്പന്ദ നിമിഷങ്ങളിൽ നിന്ന് നാരായണിയുടെ വരവും അതോടെയുള്ള ധൃതമായ ചലനങ്ങളും ആവിഷ്ക്കരിക്കപ്പെടുന്നു. മടുപ്പിന്റെ ദിവസങ്ങൾ മാറി മുഖ്യകഥാപാത്രത്തിന്റെ മനസ്സ് സജീവമാകുന്നു. ചിത്രത്തിനും ഗതിവേഗം കൂടുന്നു. ഒററയ്ക്കായ നിമിഷങ്ങളിൽ റോസാച്ചെടി നട്ടുവളർത്തിയും അണ്ണാനെപ്പിടിച്ചും പ്ളാവിൽ കയറിയും പ്രകൃതിയോട് സംവേദിക്കുന്ന ബഷീറിന്റെ ക്രിയകളിലേക്ക് ഒരു ലഹരിയായി നാരായണിയുടെ സാന്നിദ്ധ്യം നിറയുന്നു. പൂക്കാത്ത ചെടികളും പൂവണിയുകയായി. ആകാശം മുട്ടെ നിൽക്കുന്ന മതിലുകൾക്കിപ്പുറം നിന്ന് ബഷീർ ചൂളമടിക്കുമ്പോൾ അപ്പുറത്തു നിന്ന് മാദകമനോഹരമായ ശബ്ദത്തിൽ ചോദ്യം. ''ആരാണ് ചൂളമടിക്കുന്നത്'' ''ഞാനാണ്'' —ബഷീർ. അങ്ങനെ ചുരുക്കത്തിൽ ജീവപര്യന്തം തടവുകാരിയായ നാരായണിയും, ബഷീറും തമ്മിൽ പ്രേമത്തിലായി. ജയിലിൽ നിന്ന് ചാടി രക്ഷപ്പെട്ട് സ്വാതന്ത്ര്യത്തിന്റെ വിശാല വിതാനങ്ങളിലേക്കെത്താൻ വെമ്പിയ ബഷീർ റോസാപ്പൂവുകൾ ഉമ്മവച്ച് മതിലുകൾക്കപ്പുറത്തേക്കെറിഞ്ഞുകൊടുക്കുകയായി. കലാത്മകമായ ചൂരും ചൂടും നൽകി മതിലാവരണത്തെ സജീവമാക്കി നിർത്തുന്ന സംവിധായകന്റെ കഴിവും അശരീരിയായ സ്ത്രീശബ്ദത്തിന് ബഷീർ നൽകിയിട്ടുള്ള മാദകമായ



സംഭാഷണങ്ങളും സമന്വയിക്കുന്ന നിമിഷങ്ങളാണ് പിന്നീട്. കൈയിൽ റോസാപ്പൂവുമായി ആസ്പത്രിയിൽ തമ്മിൽ കാണാമെന്നു തീരുമാനിക്കുന്നു. ബുധനാഴ്ച അനിയൻ ജയിലറെത്തി ബഷീറിനെ സാധാരണ വേഷം ധരിപ്പിച്ചു. അയാൾ പറഞ്ഞു നിങ്ങൾ സ്വതന്ത്രനാണ്. "മി. ബഷീർ, യൂ ആർ ഫ്രീ നൗ" എന്നു പറയുന്ന ജയിലറോട് "വൈ ഐഷുഡ് ബി ഫ്രീ? ഹുവാണ്ട്സ് ഫ്രീഡം" എന്ന് ബഷീർ കലഹിക്കുന്നു. തനിക്കു വേണ്ടാത്ത സ്വാതന്ത്ര്യത്തിലേക്ക് തള്ളിവിടപ്പെടുന്ന നായകൻ സുഗന്ധം പരത്തുന്ന റോസാപ്പൂവുമായി പെരുവഴിയിലെ ഭീകരമായ വിജനതയിൽ ഒറ്റപ്പെട്ടു പകച്ചുനിൽക്കുമ്പോൾ ചിത്രം അവസാനിക്കുകയാണ്.

ലാളിത്യവും ഗഹനതയും സമന്വയിക്കുന്ന നിമിഷങ്ങൾക്ക് കരുത്തുപകരുന്ന ശ്രവ്യഘടകങ്ങൾ മതിലുകളുടെ മറ്റൊരു പ്രത്യേകതയാണ്. സമയസൂചനയായും, മാറ്റത്തിന്റെ ശ്രദ്ധപതിപ്പിക്കുന്ന ഘടകമായും, ചില സന്ദർഭങ്ങളുടെ കരുത്തിനെ പ്രതിപാദിക്കുന്ന ശ്രവ്യസൂചനയായും ജയിലിലെ മണിയടി ശബ്ദത്തെ സമർത്ഥമായി വിനിയോഗിച്ചിട്ടുണ്ട്. കിലുങ്ങുന്ന ചങ്ങലയുമായി വരുന്ന ക്ലാസ്മേറ്റിന്റെ ചിത്രീകരണവും ശ്രദ്ധേയമാണ്. മരണത്തിനു കൂട്ടിരിക്കുകയാണെന്നു പറയുന്ന ബഷീറിന്റെ കാതിൽ ഈ ശബ്ദം അതിന്റെ പാരമ്യത്തിൽ മുഴങ്ങുന്നു. ദൃശ്യതലത്തിൽ അവതരിപ്പിക്കാതെയും, നാരായണിയുടെ ആഗമനത്തിനുശേഷം ദൃശ്യതലത്തിൽ അവതരിപ്പിച്ചും അണ്ണാന്റെ ചിലയ്ക്കൽ കുസൃതിനിറയുന്ന ഒരു സചേതന സാന്നിദ്ധ്യമായി അനുഭവപ്പെടുന്നു. സ്ത്രീയുടെ ചിരിയും ഒരു ശക്തമായ ശ്രവ്യസൂചനയാണ്. വിജയഭാസ്കറിന്റെ പ്രമേയ സംഗീതവും ചിത്രത്തിന്റെ ഭാവാത്മകതയുടെ പൂരണമായിരിക്കുന്നു.

മതിലിനെ ഒരു ശക്തമായ ആവാഹകഘടകമായി തന്നെ അവതരിപ്പിച്ചിട്ടുണ്ട്. സൗന്ദര്യാംശം ലേശം പോലും ഉൾക്കൊള്ളാതെ തികച്ചും നിർജ്ജീവമായ ഒരു appearence ആണ് മതിലിനുള്ളത്. നോവലിൽ ചുവപ്പുനിറമുള്ളതായി ചിത്രീകരിച്ചിരിക്കുന്ന മതിൽ സിനിമയിൽ ചാരനിറത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. പ്രണയികൾക്കിടയിലെ ഈ മതിൽ അതുമാത്രമായൊതുങ്ങുന്നുമില്ല. മദിച്ചാടുന്ന മനസ്സാണല്ലോ മനുഷ്യന്റേത്. സർവ്വപരിമിതികളുടെയും പാരതന്ത്ര്യങ്ങളുടെയും കാരണമായി ഭവിക്കുമ്പോഴും നിസ്സംഗമായ ഒരു സാന്നിദ്ധ്യമാണ് ഈ വൻമതിലിന്റേത്. മതിലിനു ജീവൻ നൽകാൻ വളരെചുരുക്കമായി സംവിധായകൻ ശ്രമിക്കുന്നുമുണ്ട്. അത് പ്രകൃതി ദൃശ്യങ്ങളുടെ ബിംബങ്ങൾ വഴിയാണ്. (മരങ്ങൾ, തൈകൾ, മതിലിനു മുകളിലെ മൈനകൾ, നായകന്റെ തൊട്ടുതലോടൽ, മതിലിനുമുകളിൽ നിരന്നിരിക്കുന്നു കാക്കകൾ, അണ്ണാൻ) അപ്പോഴും മതിലുകൾ ഉയർത്തുന്ന ദുഃഖം വളരുകതന്നെയാണ്. നിശ്ചലതയും ചലനതയും തമ്മിലുള്ള ദ്രുതസംയോജനം ചിത്രത്തിന്റെ സംവേദനത്തിൽ പുതുമ പകരുന്നുണ്ട്.

ബഷീറിന്റേതുമാത്രമായ 'ബഷീറിയൻ' നർമ്മബോധത്തിന്റെ അടിയൊഴുക്ക് ചിത്രത്തിലങ്ങോളമുണ്ട്. ദുഃഖത്തിൽ ചെന്ന് മുട്ടുന്ന ചിരിയാണ് മഹത്തരമെന്നു പറയാറുണ്ട്. ബഷീറിയൻ സ്വാരസ്യത്തിനു പകരം നിറയുന്ന വിഷാദാത്മകതയുടെ പശ്ചാത്തലത്തിലും ബഷീറിന്റെ ഹാസ്യത്തെ സജീവമാക്കി നിർത്താൻ സംവിധായകൻ യത്നിച്ചിട്ടുണ്ട്. പരകീയാനുഭവങ്ങളെയും ആത്മനിഷ്ഠമാക്കി ഏറ്റുവാങ്ങുമ്പോഴും നിസ്സംഗതയുടെ ഒരു ചെറിയ ദൂരം ബാക്കിവച്ചുകൊണ്ട്, വിഷാദത്തിൽ കലരുന്ന നർമ്മത്തിലൂടെ പ്രമേയം ആവിഷ്ക്കരിക്കപ്പെടുകയാണ്.

മനുഷ്യാവസ്ഥകളുടെ ഏറെക്കുറെ സ്ഥായിയായ വിഷാദാത്മകതയും പ്രപഞ്ചത്തിന്റെ അപ്രമേയതയെക്കുറിച്ചുള്ള അഗാധമായ കാഴ്ചപ്പാടും മതിലുകളെ സ്വാധീനിക്കുന്നുണ്ട്. പക്ഷേ, അതിനുമപ്പുറം മതിലുകൾ ഉയർത്തുന്ന ദുഃഖവും കാലാതീതമായ സ്വാതന്ത്ര്യ സങ്കൽപത്തെക്കുറിച്ചുള്ള അന്വേഷണവും സ്വാതന്ത്ര്യത്തിന്റെ ആപേക്ഷികതയും മതിലുകളിൽ ചുരുൾ നിവർത്തപ്പെടുന്നു, ഒപ്പം മതിലുകൾക്കിരുപുറവും കഴിയേണ്ടിവരുന്ന മനസ്സുകളുടെ നൊമ്പരവും.

★

സാബുസിറിയക്
രണ്ടാംവർഷ ബി.എ. എക്കണോമിക്സ്

# മണ്ഡൽ കമ്മീഷൻ റിപ്പോർട്ട്

**നയരഹിതമായ
ഒരു
പ്രഖ്യാപനം**



സംവരണനയം വീണ്ടും കറവ
പശുവാകുന്നു.
തെരഞ്ഞെടുപ്പു ചതുരംഗ
കളിക്കാർക്കിടയിൽ,
ഗതിയററ രാഷ്ട്രീയക്കാർ
ജാതിപ്രീണനത്തിന്റെ
വയലുകളിൽ
നാണക്കേടിന്റെ
വിളവെടുപ്പു നടത്തുന്നു.
പക്ഷേ,
തലമുറകളിലേയ്ക്കു
നീളുന്ന
ജാതിസ്പർധയെപ്പററിയും
ചോരചൊരിയുന്ന വികാര
വിദ്വേഷങ്ങളെപ്പററിയും
കത്തിയെരിയുന്ന ഇന്ത്യൻ
നഗരങ്ങളെപ്പററിയും
നാമെന്താണു് പറയുക?
ഈ പശ്ചാത്തലത്തിൽ
മണ്ഡൽ കമ്മീഷൻ
റിപ്പോർട്ടിന്റെ
സാമൂഹ്യ, രാഷ്ട്രീയ
പ്രത്യാഘാതങ്ങളിലേക്ക്
ഒരെത്തിനോട്ടം.

**ഫീച്ചർ യൂണിററ്**

കേന്ദ്രസർക്കാർ-അർദ്ധസർക്കാർ സർവ്വീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പിന്നോക്ക വിഭാഗക്കാർക്ക് 27% ഉദ്യോഗസംവരണമേർപ്പെടുത്താനും എല്ലാ സർവ്വകലാശാലകളിലും കോളെജുകളിലും സാങ്കേതിക പരിശീലനകേന്ദ്രങ്ങളിലും സംവരണതത്വം പാലിക്കാനുമുള്ള മണ്ഡൽ കമ്മീഷൻ ശുപാർശ നടപ്പിലാക്കുമെന്നു് ഇക്കഴിഞ്ഞ ആഗസ്റ്റ് ഏഴിനു് വി. പി. സിംഗ് പ്രഖ്യാപിച്ചു. ദ്രുതഗോചരമായ അതിന്റെ പ്രത്യാഘാതം അടിക്കടി രൂക്ഷമായിവരുന്ന സംവരണ വിരുദ്ധസമരവും ജാതീയമായ സംഘട്ടനങ്ങളുമാണു്. ഇതിനുമപ്പുറമുള്ള കണ്ണികളിലേക്ക് നീളുന്ന പ്രത്യാഘാതങ്ങൾ ഏറെയുണ്ടു്. അതിനുമുൻപ് ഇത്തരമൊരുതീരുമാനത്തിന്റെ പശ്ചാത്തലംകൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്.

വിദ്യാഭ്യാസപരമായും സാമൂഹികപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കു് തൊഴിൽ

സംവരണവും വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകാൻ ഭരണഘടന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ രീതിയിൽ സംവരണം മിക്കവാറും എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലും നിലനിൽക്കുന്നുമുണ്ട്. തലമുറകളാം നീളുന്ന ഒരു പ്രതികർമ്മമില്ലെങ്കിലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അധഃസ്ഥിതരായ ഒരു വിഭാഗത്തെ ഉയർത്തിക്കൊണ്ടു വരേണ്ടതും, അതിനുള്ള ബോധപൂർവ്വമായ നടപടികൾ സ്വീകരിക്കേണ്ടതും ഭരണാധികാരികളുടെ കടമയാണ്.

---

ജാതിക്കുപകരം സാമ്പത്തിക പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്തുന്നതുവഴി നാം ഇന്ത്യൻ സമൂഹത്തിന്റെ സാമൂഹികമായ പിന്നോക്കാവസ്ഥയുടെ ഉത്ഭവത്തെ അവഗണിക്കുകയായിരിക്കും.

—ബി. പി. മണ്ഡൽ

---

സ്വാതന്ത്ര്യാനന്തര കാലഘട്ടങ്ങളിൽ, ജാതീയമായ കാഴ്ചപ്പാടും ചിന്തയും ഒരു മധ്യകാലസങ്കൽപം മാത്രമാണെന്ന സമീപനമാണ് പ്രബുദ്ധമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ജൻമംകൊണ്ട് മനുഷ്യരെ വേർതിരിക്കുന്നരീതി അപരിഷ്കൃതമാണെന്ന് മിക്കവാറും അംഗീകരിക്കപ്പെട്ടിരിക്കുന്നു. പക്ഷേ, ഇതംഗീകരിക്കുമ്പോൾത്തന്നെ തലമുറകളായി പിന്നോക്കാവസ്ഥയിൽ കഴിഞ്ഞുപോരുന്ന വിഭാഗങ്ങളെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ രംഗങ്ങളിൽ, മുന്നോക്കവിഭാഗങ്ങൾക്കൊപ്പമെത്തിക്കുന്നതിന് ആസൂത്രിതമായ ഒരു നടപടി ഉണ്ടായിരുന്നില്ല. ആ അടിസ്ഥാനത്തിലാണ് സംവരണം എന്നത് താത്വികമായി അംഗീകരിക്കപ്പെട്ടത്. ഇന്ത്യയിൽ ജാതിയുടെ അടിസ്ഥാനത്തിൽതന്നെയാണ് സമൂഹങ്ങൾ രൂപപ്പെട്ടിരുന്നത് എന്നതുകൊണ്ട് ജാതിയുടെ അടിസ്ഥാനത്തിലുള്ള സംവരണത്തിന് മുൻഗണന കൊടുക്കേണ്ടതായും വന്നു.

---

ഇതരപിന്നോക്കവിഭാഗങ്ങൾക്കിടയിൽ, സാമൂഹ്യമായും വിദ്യാഭ്യാസപരവുമായി മുന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ സംവരണത്തിന്റെ എല്ലാ പ്രയോജനവും സ്വന്തമാക്കാൻ സാദ്ധ്യതയുണ്ട്. ഈ മേൽജാതിക്കാർ അഥവാ, മദ്ധ്യവർത്തി പിന്നോക്കവിഭാഗക്കാർ സംഖ്യാബലംകൊണ്ടോ മറ്റു മുന്നോക്കസമുദായങ്ങളുമായുള്ള പഴക്കംചെന്ന സഹവർത്തിത്വം കൊണ്ടോ ആണ് ഇന്ത്യൻ ജാതിവ്യവസ്ഥയിൽ തങ്ങളുടെ സാന്നിദ്ധ്യം പ്രകടമാക്കിയത്.

—എൽ. ആർ. നായിക്
മണ്ഡൽ കമ്മീഷൻ അംഗം

---

പക്ഷേ, സ്വാതന്ത്ര്യ ലബ്ധിക്കുശേഷം മഹാസമൃദ്ധിയുടെ പച്ചപ്പുൽപ്പരപ്പിലേക്കാണ് നാം എത്തിപ്പെടുക എന്ന കാഴ്ചപ്പാട് സ്വാതന്ത്ര്യലബ്ധിയോടെ തകർന്നു. നിരന്തരം വർദ്ധിക്കുന്ന ജനപ്പെരുപ്പവും, സവിശേഷവും സങ്കീർണ്ണവുമായ ഇന്ത്യൻ സാഹചര്യങ്ങളും നമ്മുടെ ഗണ്യമായ നേട്ടങ്ങളെപ്പോലും കാര്യമായി പ്രതിഫലിപ്പിക്കുന്നതിൽ പരാജയപ്പെട്ടു; വികേന്ദ്രീകരണത്തിന്റെ തലങ്ങളിൽ വേണ്ടത്ര വിജയിച്ചതുമില്ല. ഈ നിലയ്ക്ക് സാമ്പത്തിക മാനദണ്ഡം ഒരു പ്രശ്നമായി. ഈ ഘട്ടത്തിൽ സംവരണത്തിന് ഒരു സാമ്പത്തികമായ മാനദണ്ഡം കൂടി കണക്കിലെടുക്കേണ്ടതായും വന്നു.

സംവരണത്തിന് സാമ്പത്തിക മാനദണ്ഡം കൂടി വേണമെന്ന കോൺ. (ഐ), ബി. ജെ. പി, സി. പി. എം. വാദം ഓർക്കുക. എന്നാൽ സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിൽ പരിധി നിർണ്ണ



ചില സാമൂഹ്യതത്വശാസ്ത്രങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു് ദേശീയ മുന്നണിസർക്കാർ സംവരണനയം പ്രഖ്യാപിച്ചിരിക്കുന്നതു്. പിന്നോക്കസമുദായക്കാർക്ക് 27% സംവരണം എന്ന നിലയിൽ മാററമില്ല. പിന്നോക്കക്കാരെ സാമ്പത്തികമായി തരംതിരിക്കുകയുമില്ല.

—വി. പി. സിംഗ്

യിച്ചാൽ പിന്നോക്കക്കാരുടെ തസ്തികകളിൽ യോഗ്യതയുള്ള അപേക്ഷകർ ഉണ്ടാകാതെ വരുമെന്നുള്ളതാണ് എതിർവാദം. (ദേശീയമുന്നണിയും ജനതാദളും കൈക്കൊള്ളുന്നത് ഈ നിലപാടാണ്) സംവരണം വിദ്യാഭ്യാസരംഗത്തേക്ക് കൂടി വ്യാപിപ്പിക്കുന്ന സ്ഥിതിക്ക് ഇത്തരമൊരു വാദം ദുർബ്ബലമാണെന്ന് പറയേണ്ടിയിരിക്കുന്നു. യോഗ്യതയെ ഒരു ഘടകമല്ലാതാക്കാനും സാദ്ധ്യമല്ലല്ലോ? നഗരത്തിൽ പരമ്പരാഗതമായി ജോലിയും സാമ്പത്തികസുരക്ഷയും ഉള്ളവർപോലും സംവരണപ്പട്ടികയിൽപ്പെട്ടും അനർഹമായ ആനുകൂല്യങ്ങൾ കൈവശപ്പെടുത്തുന്നതിനെ എങ്ങനെ ന്യായീകരിക്കാനാകും? ഇത്തരം ഒരു നടപടി ഒരിക്കലും ഒരു സാമൂഹ്യസുരക്ഷിതത്വ പദ്ധതിയുടെ തലത്തിലേക്കുയരുകയില്ല; ഒരുതരം ജന്മപരമായ ആശ്രിതത്വമായി അത് മാററപ്പെടുകയും ചെയ്യും. അതുകൊണ്ടുതന്നെ ജാതിവിമുക്തമായ ഒരു രാഷ്ട്രത്തിന് വേണ്ടി യത്നിക്കുന്നവരെന്ന നിലയിൽ ഭരണഘടനാബദ്ധമായ മതേതരസങ്കല്പത്തിന് ഊനം വരാതെയും, അതേസമയം പ്രബലമായ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയായും, ഒരു ശാശ്വത സംവിധാനമായിട്ടല്ലാതെ വിദ്യാഭ്യാസ-സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥകളെ സമന്വയിപ്പിക്കുന്ന ഒരു സംവരണനയമാണ് കാമ്യമായിട്ടുള്ളത്. ഇത്തരം ഒരു നിലപാടിനെ കോൺ. (ഐ), ബി.ജെ.പി., സി.പി.എം. തുടങ്ങിയ പ്രധാന കക്ഷികൾ അനുകൂലിക്കുന്നുവെന്നതും ശ്രദ്ധേയമാണ്.

ഗവൺമെൻറിന് സർവ്വരംഗത്തുമുണ്ടായ പരാജയത്തിന് മറപിടിക്കാൻ പകുതി വെന്ത രൂപത്തിലാണ് മണ്ഡൽ ശുപാർശകൾ നടപ്പിലാക്കിയിരിക്കുന്നത്. ഈ പ്രശ്നത്തിന് ദേശീയതലത്തിൽ ഏകാഭിപ്രായം രൂപീകരിക്കണം. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, ജഡ്ജിമാർ, ആദായ നികുതിയും മററും കൊടുക്കുന്നവർ, ഉന്നത ഗവ: ഉദ്യോഗസ്ഥർ, ഉയർന്ന ശമ്പളമുള്ള പ്രൊഫഷണലുകൾ തുടങ്ങിയവരുടെ മക്കൾക്ക് സംവരണത്തിൻെറ ആനുകൂല്യം നൽകരുത്. പബ്ലിക് സ്കൂളുകളിൽ ഫീസ് നൽകി പഠിക്കുന്ന വിദ്യാർത്ഥികൾക്കും സംവരണാനുകൂല്യം നൽകരുത്. പിന്നോക്ക സമുദായക്കാരിലെ യഥാർത്ഥ അധഃകൃതർക്കാണ് സംവരണത്തിൻെറ നേട്ടം ലഭിക്കേണ്ടത്.

—രാജീവ്ഗാന്ധി

## സംവരണനയം
## -ചില രാഷ്ട്രീയഅടിയൊഴുക്കുകൾ-

ദേശത്തിൻെറ ഉത്തരവാദിത്വമുള്ള ഏകീകൃത നേതൃത്വമായി വർത്തിക്കലല്ല, പഴയകാല വിദ്വേഷങ്ങളിൽ ബദ്ധമായ വിഭജനങ്ങളെ ആധാരമാക്കിയുള്ള രാഷ്ട്രീയ അടിത്തറ സൃഷ്ടിക്കലാണ് നമ്മുടെ പ്രധാനമന്ത്രിയുടെ ഏറെ വാഴ്ത്തപ്പെടുന്ന തന്ത്രശാലിത്വം. ബാബറിമസ്ജിദ് വിവാദം സൃഷ്ടിച്ച മതപരമായ ഭിന്നതകളെ തനിക്കനുകൂലമാക്കിയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അദ്ദേഹം 'തന്ത്രശാലിത്വം' പ്രയോഗിച്ചത്. ദേവിലാലുമായുള്ള അപ്രതീക്ഷിത യുദ്ധ പ്രഖ്യാപനം ജനപിന്തുണയിൽ ഗണ്യമായ കുറവ് ഉണ്ടാക്കിയ വേളയിലാണ് ഒരു



വോട്ടുബാങ്ക് ലക്ഷ്യമാക്കി പിന്നോക്കസമുദായ രക്ഷകന്റെ കുപ്പായമണിയാൻ പ്രധാനമന്ത്രി തീരുമാനിച്ചത് എന്നുവേണം കരുതാൻ. ഇന്ത്യൻ ഗ്രാമാന്തരങ്ങളിൽ പാർട്ടിപ്രവർത്തനം വ്യാപിപ്പിക്കാനും, അങ്ങനെ കോൺഗ്രസ്സിന്റെ അഖണ്ഡമായ ഗ്രാമീണ പിന്തുണയെയും 'ഹിന്ദു' എന്ന ഏകമനോഭാവത്തിൽ വിള്ളലുകൾ സൃഷ്ടിച്ച് ബി.ജെ.പി. യെയും, ദുർബ്ബലപ്പെടുത്താൻ ഉള്ള രാഷ്ട്രീയകളിയാണ് പ്രധാനമന്ത്രിയുടേതെന്ന് പല വാർത്താമാദ്ധ്യമങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. അതെന്തായാലും രാഷ്ട്രം തങ്ങളുടെ സ്വകാര്യസ്വത്താണെന്ന വിധത്തിൽ, അനന്തര ഫലങ്ങൾ ചിന്തിക്കാതെയും വേണ്ടത്ര ചർച്ച ചെയ്യാതെയും സ്വകാര്യകറവപ്പശുവായി ജാതിരാഷ്ട്രീയത്തെ നിർലജ്ജം ഉപയോഗപ്പെടുത്തിയുള്ള രാഷ്ട്രീയകരുനീക്കങ്ങൾ ആർക്കും ഗുണം ചെയ്തില്ലെന്ന് നമ്മുടെ ഭരണാധികാരികൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

---

പിന്നോക്കക്കാരിൽ അതിപിന്നോക്കാവസ്ഥയിൽ കഴിയുന്നവർക്ക് ജാതി അടിസ്ഥാനത്തിലും, അതിലും ഭേദപ്പെട്ട സ്ഥിതിയുള്ളവർക്ക് സാമ്പത്തികസ്ഥിതിയുടെ കൂടി അടിസ്ഥാനത്തിലും സംവരണം അനുവദിക്കണം എന്നാണ് മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം. സ്വന്തം അഭിപ്രായം നിലനിർത്തിക്കൊണ്ട് ദേശീയ മുന്നണി ചെയ്യുന്ന നല്ല കാര്യങ്ങളെ പിന്താങ്ങുകയാണ് മാർക്സിസ്റ്റ് പാർട്ടിയുടെ നയം. അതനുസരിച്ചാണ് ഇപ്പോൾ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെ പിന്തുണക്കുന്നത്.

—ഇ. എം. എസ്. നമ്പൂതിരിപ്പാട്

---

ജാതിസങ്കല്പത്തെ രാഷ്ട്രത്തിന്റെ മുഖ്യധാരയിലേക്ക് വലിച്ചിഴയ്ക്കാതെ, ഒരു സമന്വയിക്കപ്പെട്ട വീക്ഷണത്തിലൂടെയാണ് ഇത് ചെയ്യേണ്ടിയിരുന്നത്. പക്ഷേ, ഇപ്പോൾ ഇതൊരു രാഷ്ട്രീയമായ അധാർമ്മികരണമായി കലാശിച്ചിരിക്കുകയാണ്. രാഷ്ട്രീയമായി ഇത്രത്ര തന്ത്രപരമായ ഒരു നീക്കമാണെങ്കിലും ഇത്തരം കബളിപ്പിക്കലുകൾ ആരെയും എവിടേയും എത്തിക്കുമെന്ന് തോന്നുന്നില്ല.

---

സംവരണം നിശ്ചയിക്കുമ്പോൾ സാമ്പത്തികമാനദണ്ഡം കൂടി കണക്കിലെടുക്കണമെന്നാണ് ബി.ജെ.പി.യുടെ നിലപാട്. സംവരണ പ്രശ്നം പുനഃപരിശോധനക്ക് വിധേയമാക്കണം.

—വിജയരാജെ സിന്ധ്യ

---

ഹിന്ദിമേഖലയിൽ വോട്ടുപിടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ റിപ്പോർട്ട് സ്വീകരണം. മണ്ഡൽ ശുപാർശകൾ മുഴുവൻ പുനഃപരിശോധിച്ചശേഷമേ ഒറീസ്സ നടപ്പാക്കൂ.

—ഒറീസ്സാ മുഖ്യമന്ത്രി ബിജുപട്നായിക്

---

ജാതിസംവരണം ജാതിവ്യവസ്ഥയെ ശാശ്വതീകരിക്കുന്നു. സംവരണം സനാതന ധർമ്മമായിക്കരുതിയാൽ ഐകീകൃത ഇന്ത്യ ഉണ്ടാവുകയില്ല.

—വി. ആർ. കൃഷ്ണയ്യർ

---

## ജാതിലഹള
## അനന്തമായി നീളുന്നകണ്ണികൾ

പരിമിതമായ തൊഴിലവസരങ്ങൾക്കുവേണ്ടിയാണ് സംവരണത്തെത്തുടർന്നുള്ള സമരവും, സമരവിരുദ്ധ സമരവും. പക്ഷേ, അതിലേറെ പ്രാധാന്യമർഹിക്കുന്ന ചിലകാര്യങ്ങളുണ്ട്. ബിഹാറിൽ അസ്വസ്ഥതകൾ തലപൊക്കിക്കഴിഞ്ഞു. സംവരണവിരുദ്ധ സമരത്തിന് രക്തരൂഷിതമായ മുഖം കൈവന്നിരിക്കുകയാണവിടെ. സുസംഘടിതമായ നേതൃത്വത്തിന്റെ അഭാവത്തിലും രാഷ്ട്രീയമായ പിന്തുണ പ്രതീക്ഷിക്കാതെയുമാണ് വിസ്ഫോടകരമായ ഈ സമരത്തിന്റെ തുടക്കം. രാംവിലാസ് പസ്വാനും ശരത്യാദവും അടക്കമുള്ള കേന്ദ്രമന്ത്രിമാർ പ്രകോപനപരമായ പ്രസംഗങ്ങൾവഴി സംവരണവിരുദ്ധരെ തെരുവിൽ നേരിടാൻ സംവരണാനുകൂലികളെ ആഹ്വാനം ചെയ്തുകഴിഞ്ഞു.

---

സംവരണത്തിന്റെ വിവിധവശങ്ങളെപ്പററി വിശദമായ ചർച്ച വേണ്ടിയിരുന്നു. സാമ്പത്തികമായി മുന്നിൽ നിൽക്കുന്നവരെ സാമുദായികമായി പിന്നോക്കമെന്ന ഒററകാരണംകൊണ്ട് നാം സഹായിക്കണോ? വോട്ടുബാങ്കിൽ കണ്ണുംനട്ട് നടപടികൾ എടുക്കരുത്.

—ബംഗാൾ മുഖ്യമന്ത്രി ജ്യോതിബാസു

---

ഇനിയുമെന്താക്കെയാകും നാം കാണേണ്ടിവരിക? നമുക്ക് ആരോടാണു് ഇവയെക്കുറിച്ചു് പറയാൻ കഴിയുക? ഇന്ത്യക്കാരനെ ഇന്ത്യക്കാരൻതന്നെ കടിച്ചുകീറുമ്പോഴും ജാതികൾ തമ്മിലുള്ള പകയും, വിദ്വേഷവും ഇന്ത്യയുടെ ആത്മാവിനു് ചിതപടർത്തുമ്പോഴും നമുക്ക് ജാതിവൈരത്തെമാത്രം കുററം പറയാൻ കഴിയുമോ?

ഉള്ളതിൽ ചെറിയൊരംശം മുറിച്ചു് ഓഹരി എറിഞ്ഞുകൊടുക്കുകയും, കടിപിടികൂട്ടുന്ന ജനസമൂഹത്തെക്കണ്ടു് പൊട്ടിച്ചിരിക്കുകയും ചെയ്യുന്ന തന്ത്രശാലിത്വത്തിന്റെ കൈയിൽ കോർത്ത ചരടിനനുസരിച്ചു് നമ്മൾ പാവക്കൂത്താടണോ?

---

മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ ആനുകൂല്യം കിട്ടാൻ പൊതുവെ അർഹതയുള്ളവർ മിണ്ടാതിരിക്കുന്നതു മൂലം ഈ തീരുമാനം ജനകീയമല്ലെന്ന തോന്നൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ആനുകൂല്യം ലഭിക്കുന്നവർ സംവരണ വിരുദ്ധർക്കെതിരെ തെരുവിലിറങ്ങി ശക്തികാട്ടണം.

—കേന്ദ്രമന്ത്രി ശരദ്യാദവ്

# പട്ടികജാതി

*സംവരണ പ്രശ്നത്തിന്റെ പശ്ചാത്തലത്തിൽ സു. കൃഷ്ണമൂർത്തിയുടെ ഒരു തമിഴ് ചെറുകഥ ഞങ്ങൾ മാതൃഭൂമിയിൽ നിന്നും പുനഃപ്രകാശനം ചെയ്യുന്നു. (വിവ: ആർസു)*

ഏതാണ്ട് അമ്പത് വർഷം മുമ്പത്തെ കാര്യമാണ്. അന്ന് ഈ നാട്ടിൽ ഇംഗ്ലീഷുകാരുടെ ഭരണമായിരുന്നു. ആ സർക്കാറിന്റെ ഔദാര്യത്തിൽ കൊച്ചുകൊച്ചു നാട്ടുരാജ്യങ്ങൾ നിലനിന്നു. തമിഴ്നാട്ടിലെ ഒരു ചെറിയ നാട്ടുരാജ്യമായിരുന്നു പുതുക്കോട്ട. അവിടെ ഒരു ചെറിയ രാജാവ് ഭരണം നടത്തിവന്നു. ഭരണം, മതകാര്യങ്ങൾ, സാമൂഹ്യാചാരങ്ങൾ എല്ലാം തന്നെ പാരമ്പര്യ ക്രമമനുസരിച്ച് നടന്നു.

നാടുവാഴി ഭരണത്തിന്റെ സംഭാവനയാണെന്ന് പറയാം, ബ്രാഹ്മണർക്ക് ഭൂമിയിലെ ദേവന്മാർ 'ഭൂസുരൻമാർ' എന്ന ബഹുമതി ലഭിച്ചു പോന്നു. ഈ അടിസ്ഥാനത്തിൽ ഭൂസുരൻമാർക്ക് ചില സൗകര്യങ്ങളും ലഭിച്ചിരുന്നു. രാജകൊട്ടാരത്തിലെയും ധർമശാലയിലെയും ബ്രാഹ്മണർക്ക് ദാനദക്ഷിണകൾ ലഭിക്കാനുള്ള വലിയ ഏർപ്പാടുകളുണ്ടായിരുന്നു. ബ്രഹ്മഭോജനം പതിവു കർമ്മമായി നിലനിന്നു. കൊട്ടാരത്തിൽനിന്ന് ബ്രാഹ്മണ കന്യകമാർക്ക് വെള്ളിയാഴ്ചതോറും രാവിലെ ഒരുനേരം കുളിക്കാനുള്ള എണ്ണയും ഭക്ഷണസാധനങ്ങളും സൗജന്യമായി കൊടുത്തിരുന്നു.

ദസറ ഉൽസവകാലത്ത് പത്ത് ദിവസവും ബ്രാഹ്മണർക്ക് രണ്ടു നേരവും ഭക്ഷണം നല്കി വന്നു. ഭക്ഷണശേഷം ദക്ഷിണയായി ഒരു മടി (കിലോ) അരിയും ദേവിമുദ്രയുള്ള നാലു നാണയത്തുട്ടുകളും കൊടുത്തിരുന്നു. ഇതിൽ ആകൃഷ്ടരായി അന്യദേശങ്ങളിൽനിന്ന് പല ബ്രാഹ്മണരും ദസറ കാലത്ത് പുതുക്കോട്ടയിൽ വരാറുണ്ട്. ദക്ഷിണകൾ സ്വീകരിച്ചും ഭിക്ഷാടനം നടത്തിയും നിത്യവൃത്തി കഴിച്ചുവന്ന ബ്രാഹ്മണകുടുംബങ്ങൾ അന്ന് സുലഭമായിരുന്നു.

ആ കാലത്തെക്കുറിച്ചോർക്കുമ്പോൾ ഞാൻ ഒരാളെക്കുറിച്ച് പ്രത്യേകമായി വീണ്ടും വീണ്ടും ഓർത്തുപോകുന്നു. അത് പുതുക്കോട്ടയിലെ നെല്ലുമണ്ഡി തെരുവിലെ സ്വാമിനാഥയ്യരുടെ മകനായ രാമസ്വാമിയാണ്. കറുത്ത നിറവും ഒത്ത ഉയരവും നല്ല ആരോഗ്യവുമുള്ള ഒരു ചെറുപ്പക്കാരൻ-അയാൾ പൂണൂൽ എപ്പോഴും വളരെ വെടുപ്പാക്കി വെക്കും. തന്റെ ബ്രാഹ്മണത്വത്തെക്കുറിച്ച് അയാൾക്ക് വലിയ അഭിമാനമായിരുന്നു. താൻ ആ പ്രദേശത്തെ ബ്രാഹ്മണകുടുംബങ്ങളുടെ രക്ഷകനും മേൽനോട്ടക്കാരനുമാണ് എന്ന ഭാവമായിരുന്നു അയാൾക്ക്. എന്നും കുളിക്കുമ്പോൾ അയാൾ തന്റെ പൂണൂൽ ഊരി സോപ്പ് തേച്ച് കഴുകാറുണ്ടായിരുന്നു. ആ ബ്രാഹ്മണപ്രതീകത്തെക്കുറിച്ച് അയാൾക്ക് വലിയ മതിപ്പായിരുന്നു.

അക്കാലത്ത് പുതുക്കോട്ടയിൽ കച്ചവടക്കാരായ ചെട്ടിയാർമാർ താമസിച്ചിരുന്ന ഇടങ്ങളിൽ ബ്രാഹ്മണർക്ക് വയററുപിഴപ്പിനെക്കുറിച്ച് ഒരു വേവലാതിയും ഇല്ലായിരുന്നു. രാമവരം, കടിയാപ്പട്ടി, അരിമലം, കോത്തമംഗലം, കാനാട്കാത്താൻ, എന്നിവിടങ്ങളിലെല്ലാം അവർ താമസിച്ചിരുന്നു. ആ സ്ഥലങ്ങളിൽ വിവാഹം, ഉൽസവം, വ്രതം തുടങ്ങിയ ചടങ്ങുകൾ ഉണ്ടാകുമ്പോൾ ബ്രാഹ്മണരെ ഭക്ഷണിക്കുക പതിവായിരുന്നു. കുട്ടികൾക്ക് പാതി ദക്ഷിണയും നൽകി വന്നു.

നെല്ലുമണ്ഡി തെരുവിലെ രാമസ്വാമിക്ക് പഠിപ്പിൽ മനസ്സ് വന്നില്ല. മനസ്സുവന്നില്ലെങ്കിൽ പിന്നെന്തുകാര്യം? ഭക്ഷണകാര്യത്തിൽ ഒട്ടും വിഷമമില്ല. പൂണൂലുണ്ടല്ലോ. അവിടെയുമിവിടെയും കറങ്ങി നടന്ന് അയാൾ അന്നദാതാക്കളായ വലിയവരെ സഹായിച്ചുപോന്നു. അവരുടെ മതിപ്പ് ആർജിക്കുകയായിരുന്നു പ്രധാനം. അധ്വാനം കുറവായിരുന്നു.

ഒരുനാൾ ഗ്രാമത്തിൽ ഏതെങ്കിലും ഒരു ചെട്ട്യാരുടെ വീട്ടിൽ കല്യാണമുണ്ടാകും. അടുത്ത ദിവസം നഗരത്തിൽ ചടങ്ങുകളെല്ലാം അവസാനിക്കുമ്പോൾ 'ശുഭസ്വീകാര' ബ്രാഹ്മണസദ്യയുണ്ടാകും. മൂന്നാം ദിവസം 'സമാരാധനൈ' എന്ന അന്നദാനചടങ്ങുണ്ടാകും നാലാമത്തെ ദിവസം വേറെ വല്ല ഉൽസവവും കാണും. അങ്ങനെ അയാൾ നെല്ലുമണ്ഡി തെരുവിലെ മതകാര്യങ്ങളിലെ ഒരു സന്നദ്ധ സേവകനായി മാറി. എന്തുവന്നാലും ദസറാ നാളിൽ നാട്ടുരാജ്യത്തിന്റെ തലസ്ഥാനമായ പുതുക്കോട്ടയിൽ അയാൾ ഹാജരാകും. കൊട്ടാരത്തിലെ ധർമ്മശാലയിൽ പത്തുദിവസം അന്നദാനത്തിന് അയാൾ മേൽനോട്ടം വഹിക്കും. ബഹുമുഖസേവനം നിമിത്തം അയാളുടെ പ്രശസ്തി വർദ്ധിച്ചു.

നല്ല ഉൽസാഹിയും പരിശ്രമശാലിയുമായ യുവാവായിരുന്നു അയാൾ. അടുക്കളയിൽ ആവശ്യമായ സാധനങ്ങൾ എത്തിക്കുക, കലവറ കാര്യങ്ങൾ ശ്രദ്ധിക്കുക, പച്ചക്കറികൾ മുറിക്കുക, പാത്രങ്ങൾ ശേഖരിച്ചുവെക്കുക, വെള്ളം നിറയ്ക്കുക, പന്തലിൽ ഇലനിരത്തുക, ഭക്ഷണം വിളമ്പുക, സദ്യയ്ക്കു വരുന്നവരെ പരിശോധിക്കുക, കുഴപ്പക്കാർ വല്ലവരുമുണ്ടെങ്കിൽ അവരെ ശകാരിക്കുക തുടങ്ങിയ ജോലികളെല്ലാം അയാൾ നിർവഹിക്കുന്നു.

വിശന്നുവലഞ്ഞ് എതെങ്കിലും അബ്രാഹ്മണൻ വേഷംമാറി പന്തലിൽ വന്നിരിക്കുന്നുവെന്ന് കരുതുക. രാമസ്വാമിയെ കാണുന്നതോടെ അയാൾ വിരണ്ടുപോകും. ഉടൻ രാമസ്വാമി ചെവിക്കുപിടിച്ച് അയാളെ പന്തലിൽനിന്ന് പുറത്താക്കും. ഈ ചുമതലകളെല്ലാം രാമസ്വാമി സ്വയം ഏറ്റെടുക്കുന്നതാണ്. നൂറുകണക്കിൽ വന്നെത്തുന്ന ബ്രാഹ്മണരുടെ കൂട്ടത്തിൽ നുഴഞ്ഞു കയറുന്ന ചില ബ്രാഹ്മണേതരർക്ക് മാപ്പ് കൊടുക്കുന്നതിൽ വലിയ കുഴപ്പമൊന്നുമില്ല. എന്നാലും രാമസ്വാമിയുടെ മതചിന്തയ്ക്കു് ഒരു പ്രത്യേകതയുണ്ട്. അതിൽ വിശ്വാസവും വാശിയും പിരിമുറുക്കവുമൊക്കെയുണ്ട്.

വല്ലപ്പോഴുമൊക്കെ അയാൾ ദയകാണിക്കും. തന്റെ ശിഷ്യൻമാർക്കും സിൽബന്തികൾക്കും പ്രത്യേകം വേണ്ടപ്പെട്ടവർക്കും പായസവും പലഹാരങ്ങളും വീണ്ടും വിളമ്പിക്കൊടുക്കും. പരിചയക്കാരായ കുററവാളികളെ ചെറുതായി ശകാരിച്ച് അടിക്കാതെ വെറുതെ വിടാറുണ്ട്.

എന്റെ സഹപാഠിയും ചങ്ങാതിയുമാണ് മാരിമുത്തു. ഒരു ദിവസം അവൻ ബ്രാഹ്മണരോടൊപ്പം പന്തലിൽ വന്നിരുന്നു. അവൻ ഒരു പാവം കൃഷിക്കാരന്റെ കുടുംബത്തിൽപ്പെട്ടവനാണ്. വീട്ടിൽ ഒരുനേരത്തെ ആഹാരത്തിനുപോലും വഴിയുണ്ടായിരുന്നില്ല. ബ്രാഹ്മണ സദ്യയെക്കുറിച്ചുള്ള വിവരങ്ങൾ കേട്ട് അവന് ആർത്തി കൂടി. നെററിയിൽ ഭസ്മക്കുറിവരച്ച് നൂലുപിരിച്ച് ഒരു പൂണൂലുണ്ടാക്കി ധരിച്ചു. ബ്രാഹ്മണബാലൻമാരോടൊപ്പം അവനും പന്തലിൽ വന്നിരുന്നു. പെട്ടെന്ന് എന്റെ ദൃഷ്ടി അവനിൽ പതിഞ്ഞു. രാമസ്വാമി ഇവനെ കണ്ടാലോ എന്നോർത്തപ്പോൾ എനിക്കു് ഭയം തോന്നി.

